# ഗിരിദീപം

വാല്യം : 05 | ലക്കം : 07 | വില : ₹10

"My Lord"
"And My God"



## മാർ തോമാശ്ലീഹായുടെ
## ദുക്റാന തിരുനാൾ ആശംസകൾ

ജൂലൈ 2022

# സഭാദിനം

( ജൂലൈ 3 )

ഭാരതസഭയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള വർഷമാണ് 2022. നമ്മുടെപിതാവായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികമാണ്. ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ വിശ്വാസത്തിന്റെ പിതാവുമായ മാർത്തോമ്മശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഉചിതമായി ആചരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഈ വർഷത്തെ ദുക്റാന തിരുനാൾ ആഘോഷങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ.

1. നമ്മുടെ വി.കുർബ്ബാന അർപ്പണത്തിന്റെ ഏറ്റവും ആഘോഷപൂർവ്വമായ റാസ കുർബ്ബാന സാധിക്കുന്ന ഇടവകകളിൽ അർപ്പിക്കുക (വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഇടവകകളിൽ റാസ കുർബ്ബാന അർപ്പിക്കുന്നത് ഉചിതമായിരിക്കും).

2. മാർത്തോമ്മാശ്ലീഹായുടെ തിരുസ്വരൂപം എഴുന്നള്ളിച്ച് വച്ച് നൊവേനയും ലദീഞ്ഞും നടത്തുക.

3. ശ്രാദ്ധമായി ആചരിക്കുകയും ഇടവകകളിൽ പാച്ചോർ നേർച്ച നടത്തുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും

4. സൺഡേസ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പൊതുമീറ്റിംഗുകൾ നടത്തുക.

## MAJOR EVENTS JULY

July 02
**MAJOR SUPERIORS' MEET**

July 04-06
**REFRESHER COURSE 01**

July 11-13
**REFRESHER COURSE 02**

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

| വാല്യം 05 | ജൂലൈ 2022 | ലക്കം 07 |
|---|---|---|

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. ഇടയലേഖനം - സഭാദിനം ..................... 05
2. സർക്കുലർ - കെസിബിസി കേരള സഭാനവീകരണം ..................... 09
3. Prot. No. 397/2022, സർക്കുലർ നമ്പർ 03/2022 ..................... 16
4. കച്ചേരിക്കാര്യം ..................... 19
5. ഡിക്രി - പ്രെസ്ബിറ്ററൽ കൗൺസിൽ ..................... 22
6. ഡിക്രി - പാസ്റ്ററൽ കൗൺസിൽ ..................... 24
7. വിജ്ഞാപനം ..................... 31
8. റിഫ്രഷർ കോഴ്സ് ..................... 32
9. ഗവേണിംഗ് ബോഡി ..................... 36
10. നിർമ്മാണ മേൽനോട്ട സമിതി ..................... 41
11. സെമിനാരി വാർത്തകൾ ..................... 42
12. വിശ്വാസപരിശീലനം ..................... 45
13. കുടുംബകൂട്ടായ്മ ..................... 50
14. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ..................... 52
15. ചെറുപുഷ്പ മിഷൻലീഗ് ..................... 56
16. തിരുബാലസഖ്യം ..................... 63
17. യുവജനശുശ്രൂഷ ..................... 66
18. കുടുംബപ്രേഷിതത്വം ..................... 73
19. വിദ്യാഭ്യാസ ഏജൻസി ..................... 80
20. വിമൽജ്യോതി വാർത്തകൾ ..................... 82
21. സാൻജോസ് അക്കാഡമി ..................... 88
22. നിർമ്മലഗിരി വാർത്തകൾ ..................... 89
23. ADAM ..................... 92
24. ഇൻഫാം വാർത്തകൾ ..................... 93
25. എ.കെ.സി.സി. ..................... 94
26. മദ്യവിരുദ്ധ പ്രസ്ഥാനം ..................... 96
27. ഏയ്ഞ്ചൽ ട്രസ്റ്റ് ..................... 99
28. സാമൂഹ്യസേവനവേദി ..................... 102
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ..................... 105
30. Programme of the Archbishop Mar Joseph Pamplany... ..................... 109
31. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ..................... 111
32. Programme of the Archbishop Emeritus Mar George Njaralakatt .. ..... 109
33. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ..................... 114

Prot. No. 0594/ 2022

## ഇടയലേഖനം
## സഭാദിനം – 3 ജൂലൈ 2022

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ഓർമദിനമായ ജൂലൈ 3-ാം തീയതിയോടനുബന്ധിച്ചു നിങ്ങളോടു സംസാരിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ദുക്റാനതിരുനാൾ സീറോ മലബാർസഭാദിനമായും നാം ആചരിച്ചുവരികയാണല്ലോ. എന്റെ കർത്താവേ, എന്റെ ദൈവമേ എന്നു പറഞ്ഞ് ഉത്ഥിതനായ മിശിഹായിലുള്ള വിശ്വാസം ഉച്ചൈസ്തരം ഉദ്ഘോഷിച്ച തോമാശ്ലീഹായുടെ മക്കളായ നമ്മിൽ അതേ വിശ്വാസം ഉജ്വലിപ്പിക്കുക എന്നതാണ് ഈ സഭാദിനാചരണത്തിന്റെ ലക്ഷ്യം. അതിനുപകരിക്കുന്ന കർമപരിപാടികളാണ് ഇടവകാ-രൂപതാ-സഭാതലങ്ങളിൽ നാം സംഘടിപ്പിച്ചുപോരുന്നത്.

ഈ വർഷത്തെ സഭാദിനാചരണത്തിന് ഒരു പ്രത്യേകതയുണ്ട്. മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഈ വർഷം നാം ആചരിക്കുന്നു. ഉത്ഥിതനായ മിശിഹായെ കണ്ടുമുട്ടിയ ശിഷ്യന്മാരാണ് അവിടുന്നിലുള്ള തങ്ങളുടെ വിശ്വാസത്തിൽ സ്ഥിരീകരിക്കപ്പെട്ടതും പിന്നീട് അതിന്റെ പ്രഘോഷകരും പ്രചാരകരുമായി മാറിയതും. മൂന്നാം സഹസ്രാബ്ദത്തിലെ ആദ്യദശകങ്ങളിൽ ജീവിക്കുന്നവരായ നമ്മൾ ഈ കാലഘട്ടത്തിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ വിശ്വാസത്തിനു സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന മാറ്റം ആഴമേറിയതും പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവയും ആയിരിക്കും. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരേ വിപ്ലവകരമായ മാറ്റങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവരിലൂടെ സമൂഹത്തിൽ സംഭവിക്കുമെന്നുള്ളതാണു സഭാചരിത്രം നമുക്കു നൽകുന്ന വലിയൊരു പാഠം.

ഭാരതത്തിലെ ക്രൈസ്തവമിഷനറിമാരിലൂടെ സമൂഹത്തിൽ സംഭവിച്ച പരിവർത്തനങ്ങൾ ഏവർക്കും അറിവുള്ളതാണല്ലോ. സുവിശേഷത്തിനു വീരോചിതമായ സാക്ഷ്യംവഹിച്ച ക്രൈസ്തവ മിഷനറിമാർ ഭാരതത്തിൽ അനേകരാണ്. ഏറ്റവും അടുത്തകാലത്തു വിശുദ്ധനെന്നു നാമകരണം ചെയ്യപ്പെട്ട രക്തസാക്ഷി ദേവസഹായവും അന്നത്തെ സാമൂഹ്യതിന്മകൾക്കെതിരെ അടരാടിയാണല്ലോ വീരചരമം പ്രാപിച്ചത്. ഇന്നു നാമും ദരിദ്രവിഭാഗങ്ങൾക്കും കഷ്ടതകൾ സഹിക്കുന്ന എല്ലാവർക്കും ജാതിമത ഭേദമെന്യേ സേവനംചെയ്ത് ക്രിസ്തുവിന്റെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യം വഹിക്കാൻ തീക്ഷ്ണതയുള്ളവരാകണം. വിവിധ മതങ്ങൾ തമ്മിലും സാംസ്കാരിക സമൂഹങ്ങൾ തമ്മിലും ഐക്യവും സൗഹാർദവും നിലനിറുത്തികൊണ്ട് എല്ലാവരെയും ഒരേ സ്നേഹത്തോടും കാരുണ്യത്തോടുംകൂടി കാണാനും എല്ലാവരോടും ഒന്നുചേർന്നു ജീവിക്കാനും നമുക്കു പരിശ്രമിക്കാം.

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെപേരിൽ ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങൾ ഇന്നു ലോകത്തിലുണ്ട്. ഭാരതത്തിലാകട്ടെ മതത്തിന്റെ പേരിലുള്ള പീഡനങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ കരുതലുകൾ ഭരണകർത്താക്കൾ എടുത്തുവരുന്നു. അത് എക്കാലവും തുടരുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. സങ്കുചിതമായ വീക്ഷണങ്ങളോടെ പ്രവർത്തിക്കുന്ന വ്യക്തികളെയും സമൂഹങ്ങളെയും മതസൗഹാർദത്തിനു വിഘാതമാകുന്ന പ്രവർത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാനും നമുക്കു പരിശ്രമിക്കാം. അതോടൊപ്പം രാഷ്ട്രനിർമാണപ്രക്രിയയിൽ പങ്കുചേർന്ന് ഉത്തമ പൗരന്മാരായി ജീവിക്കാനും നമുക്കു സാധിക്കണം.

സീറോമലബാർസഭയെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ കേരളത്തിലുള്ള രൂപതകളെ മാതൃസഭയായിട്ടാണു പരിഗണിക്കുന്നത്. ഈ മാതൃസഭ കേരളത്തിനു പുറത്ത് ഇന്ത്യയിലും ഇന്ത്യയ്ക്കു പുറത്തു മറ്റു രാജ്യങ്ങളിലുമുള്ള സഭാസമൂഹങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങൾക്കു സഹകരണം നൽകുവാൻ സർവാത്മനാ പരിശ്രമിക്കേണ്ടതാണ്. ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും അറിയിക്കുകയും അതിനു സാക്ഷ്യംവഹിക്കുകയുമാണ് യഥാർഥമായ പ്രേഷിതത്വം. അതിനുപകരിക്കുന്ന എല്ലാ നല്ല പ്രവർത്തനങ്ങളിലും ഏർപ്പെടാൻ നാം പരിശ്രമിക്കണം. സുവിശേഷപ്രവർത്തനങ്ങൾക്ക് ആളും അർഥവും നൽകി പരസ്പരം സഹായിക്കാൻ നാമേവരും തയ്യാറാകണം. ഇപ്രകാരം പ്രവർത്തിക്കുമ്പോൾ എല്ലാ മനുഷ്യരോടും

ക്രിസ്തുവിന്റെ സാർവത്രികസ്നേഹം പങ്കുവയ്ക്കാൻ നമുക്കു സാധിക്കേണ്ടതാണ്.

കാർഷികമേഖലയിലുള്ള നമ്മുടെ ജനങ്ങൾ കടന്നുപോകുന്ന കഷ്ടതകൾക്കു പരിഹാരം കാണേണ്ടതുണ്ട്. കർഷകരും അസംഘടിത തൊഴിൽവിഭാഗങ്ങളും ഉപജീവനത്തിനുവേണ്ടി കഷ്ടപ്പെടുകയാണ് എന്നതു യാഥാർത്ഥ്യമാണ്. സംഘടിത വിഭാഗങ്ങൾ തങ്ങളുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സമ്മർദ്ദംചെലുത്തുമ്പോൾ സർക്കാരും ഉദ്യോഗസ്ഥരും അവഗണിക്കുന്നതു കർഷകരെയും അസംഘടിതവിഭാഗങ്ങളെയുമാണ്. പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവയാൽ കർഷകരുടെ ജീവിതം ദുരിതപൂർണമായിരിക്കുന്നു. കർഷകരുടെ ഉൽപ്പന്നങ്ങൾക്കു ന്യായവില ഉറപ്പാക്കാനും അതുവഴി ഒരു നിശ്ചിതവരുമാനം കർഷകകുടുംബങ്ങൾക്കു ഉറപ്പാക്കാനും ഇതുവരെ ഫലപ്രദമായ ഒരു നടപടിയും മാറിവരുന്ന സർക്കാരുകൾ സ്വീകരിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ഭാരതത്തിന്റെ പരമോന്നത നീതിപീഠം ബഫർസോൺ സംബന്ധിച്ചു നൽകിയിരിക്കുന്ന പുതിയ ഉത്തരവ് ആയിരക്കണക്കിനു കർഷക കുടുംബങ്ങളെ വഴിയാധാര മാക്കാൻ ഇടയാക്കുമെന്ന ആശങ്ക നിലനിൽക്കുന്നു. ഈ വിഷയത്തിൽ സംസ്ഥാനസർക്കാർ ജാഗ്രതയോടെ സത്വരമായി ഇടപെടുകയും കർഷകരുടെ പ്രത്യേകസാഹചര്യം ബഹു. കോടതിയെ അറിയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കർഷകരെ പ്പോലെ മറ്റ് അസംഘടിതവിഭാഗങ്ങളിലെ മനുഷ്യർക്കും നീതിയും തുല്യതയും ഉറപ്പാക്കാനും മാന്യമായ രീതിയിൽ അധ്വാനിച്ചു ജീവിക്കാൻ അനുകൂലമായ സാഹചര്യങ്ങൾ ജനാധിപത്യ സംവിധാന ത്തിൽ ഒരുക്കുകയും ചെയ്യേണ്ടതു സർക്കാരിന്റെ കടമയാണ്.

2023-ൽ റോമിൽ നടക്കുന്ന സിനഡിന്റെ ഭാഗമായി എല്ലാ രാജ്യങ്ങളുടെയും ഭൂഖണ്ഡങ്ങളുടെയും തലങ്ങളിൽ ചർച്ചകളും അഭിപ്രായരൂപീകരണങ്ങളും നടക്കുന്ന സമയമാണല്ലോ ഇത്. നമ്മുടെ സഭയിലെ എല്ലാ രൂപതകളിലും വിവിധതലങ്ങളിൽ സിനഡിന്റെ ചിന്താവിഷയം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ രൂപതകളിൽനിന്നും സമർപ്പിതസമൂഹങ്ങളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ ക്രോഡീകരിച്ച് 2022 ആഗസ്റ്റ് മാസത്തിൽ നടക്കുന്ന നമ്മുടെ മെത്രാൻ സിനഡിൽ ചർച്ചചെയ്യുകയും സഭയുടേതായ ഒരു റിപ്പോർട്ട് അടുത്ത തലത്തിലെ ചർച്ചകൾക്കായി നൽകുകയും ചെയ്യുന്നതാണ്. കൂട്ടായ്മയും പങ്കാളിത്തവും ദൗത്യബോധവുമുള്ള ഒരു സഭാസമൂഹമായി ഇനിയും വളരാൻ ഈ ചർച്ചകൾ ഉപകരിക്കട്ടെ.

നമ്മുടെ സഭ ഘടനാപരമായി സിനഡൽ ആണ്. അതോടൊപ്പം സാർവത്രികസഭ വിഭാവനം ചെയ്യുന്ന സിനഡാത്മകത നമ്മുടെ സഭയുടെ പ്രേഷിതപരവും അജപാലനപരവുമായ എല്ലാ മേഖലകളിലും കൂടുതൽ ഉൾച്ചേർക്കാൻ നാമെല്ലാവരും ശ്രദ്ധ ചെലുത്തണം. സഭ അടിസ്ഥാനപരമായി ഒരു കൂട്ടായ്മയാണ്. ഈ കൂട്ടായ്മ പങ്കാളിത്തത്തിലൂടെയാണു പ്രകാശിതമാകുന്നത്. സഭയുടെ എല്ലാ പ്രവർത്തനതലങ്ങളിലും പങ്കാളിത്തം സജീവമാക്കണം. എല്ലാറ്റിന്റെയും ലക്ഷ്യം പ്രേഷിതദൗത്യം ആയിരിക്കുകയും വേണം. ഇപ്രകാരം കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്ന ത്രിവിധപ്രമേയങ്ങളെ സമന്വയിപ്പിച്ചുകൊണ്ടാണു സിനഡാത്മക സഭയെ വിഭാവനം ചെയ്യാനും നവീകരിക്കുവാനും ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തിരിക്കുന്നത്.

ഈ സഭാദിനത്തിൽ സഭാമക്കളായ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായ സഹോദരീസഹോദരന്മാർ എന്നിങ്ങനെ എല്ലാവർക്കും മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാളിന്റെ മംഗളങ്ങളും സഭാകൂട്ടായ്മയുടേതായ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ആശംസകളും നേരുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2022-ാം ആണ്ട് ജൂൺ മാസം 14-ാം തീയതി നല്കപ്പെട്ടത്.

കർദിനാൾ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

---

NB: ഈ ഇടയലേഖനം 2022 ജൂലൈ 3-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## കേരള സഭാനവീകരണം 2022–2025
## കെസിബിസി പുറപ്പെടുവിക്കുന്ന 2-ാമത് സർക്കുലർ

സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിന്റെ സ്വരത്തിന് കാതോർത്താണ് പ്രാരംഭകാലം മുതൽ സഭ യാത്ര ചെയ്തിട്ടുള്ളത്. പരിശുദ്ധാത്മപ്രകാശത്തിൽ കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിക്കുകയും ദൈവികപദ്ധതിയുടെ ശുശ്രൂഷകൾക്കായി പിൻചെല്ലേണ്ട പാതകൾ നിർണയിക്കുകയും ചെയ്യുക എന്നത് സഭയുടെ എക്കാലത്തെയും വെല്ലുവിളിയും ദൗത്യവുമാണ്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ട് കേരള കത്തോലിക്കാസഭ ഒരു നവീകരണ യജ്ഞത്തിന് തയ്യാറാവുകയാണ്.

പോൾ ആറാമൻ പാപ്പ പഠിപ്പിക്കുന്നതുപോലെ, സഭ സുവിശേഷകയാണ്; അവൾ ഈ ദൗത്യം ആരംഭിക്കുന്നത് തന്നെത്തന്നെ സുവിശേഷവത്കരിച്ചുകൊണ്ടാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ അവൾ ഇടതടവില്ലാതെ കേട്ടുകൊണ്ടിരിക്കണം; തന്റെ പ്രത്യാശയ്ക്കുള്ള കാരണങ്ങളും സ്നേഹപ്രമാണത്തെക്കുറിച്ചും അവൾ കേൾക്കണം (EN 41). സഭയുടെ എല്ലാ പ്രഘോഷണങ്ങളുടെയും ആദ്യസ്വീകർത്താവ് സഭ തന്നെയാകണം. മറ്റുള്ളവർക്കുവേണ്ടിയല്ല, സഭയ്ക്കുവേണ്ടിത്തന്നെയാണ് സുവിശേഷപ്രഘോഷണം ആദ്യം നടക്കേണ്ടത്. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ സഭ സഭയല്ലാതാകും. അങ്ങനെവന്നാൽ, അതൊരുസാമ്രാജ്യശക്തിയോ സമുദായമോ ലൗകികസംവിധാനമോ ഒക്കെ ആയിത്തീരും. സഭയെ നമ്മൾ ഒരു NGO ആക്കരുതെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു. സുവിശേഷമൂല്യങ്ങൾ സഭയുടെ അകവും പുറവും നിർണയിക്കുമ്പോഴാണ് സഭ പ്രേഷിതയാകുന്നത്. കേരളസഭ ലക്ഷ്യംവയ്ക്കുന്ന മാനസാന്തരം ഇതാണ്.

കേരള കത്തോലിക്കാസഭ ഒരു നവീകരണപാതയിലേക്കു കടക്കുന്നതു സംബന്ധിച്ച് കെസിബിസി നേരത്തേ പുറപ്പെടുവിച്ച ഒരു സർക്കുലറിൽ പറഞ്ഞിരുന്നതാണല്ലോ. 2022 ജൂൺ 5 പെന്തക്കുസ്താദിനത്തിരുന്നാളിലാണ് കേരളസഭാനവീകരണ കാലഘട്ടം ഔദ്യോഗികമായി ആരംഭിച്ചത്. ഇതിന്റെ ഔപചാരിക ഉദ്ഘാടനം കെസിബിസി സമ്മേളനത്തോടനുബന്ധിച്ച് ജൂൺ 7 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക്

പാലാരിവട്ടം പിഒസിയിൽ നടത്തുന്ന പൊന്തിഫിക്കൽ ദിവ്യബലി യോടെ ആയിരുന്നു. 2025 ജൂൺ 8 പെന്തക്കുസ്താത്തിരുനാൾവരെ യാണ് നവീകരണകാലഘട്ടം.

## അനിവാര്യമായ നവീകരണം

"സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്ന താണ് നവീകരണയജ്ഞത്തിന്റെ ആപ്തവാക്യം. ആഗോള കത്തോ ലിക്കാ സഭയിൽ സംഘടിപ്പിക്കപ്പെടുന്ന സിനഡാനത്മകതയ്ക്കുവേ ണ്ടിയുള്ള സിനഡിന്റെ (synod on synodality) പശ്ചാത്തലത്തിൽ കൂടി യാണ് കേരള സഭാനവീകരണം നടക്കുന്നത്. കൂട്ടായ്മയുടെയും സഹ വർത്തിത്വത്തിന്റെയും പ്രേഷിതാത്മകതയുടെയും സിനഡാത്മക സഭ യായി കേരളസഭയും രൂപം പ്രാപിക്കണം. മാത്രമല്ല, കോവിഡു മഹാ മാരി സഭയിലും സമൂഹത്തിലും ഏല്പിച്ച പ്രഹരങ്ങളെ തരണം ചെയ്യു ന്നതിന്റെ ഭാഗമായി സഭയുടെ അജപാലന ദൗത്യവും സാക്ഷ്യവും സജീവമാക്കേണ്ടിയിരിക്കുന്നു. 2025-ാമാണ്ട് കത്തോലിക്കാസഭയിൽ ആചരിക്കപ്പെടുന്ന ജൂബിലിവർഷത്തിലേക്ക് പ്രത്യാശയുടെ തീർത്ഥാ ടകർ എന്ന ആപ്തവാക്യത്തോടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും സ്വാഗതം ചെയ്തുകഴിഞ്ഞു. അതോടൊപ്പം, 2033-ാമാണ്ട് ആഗോളസഭ മുഴുവൻ രക്ഷയുടെ മഹാജൂബിലിയാഘോഷത്തിനായും ഒരുങ്ങുന്നു. നവീകൃതമായ ഒരു സഭയിലാണ് ജൂബിലിയാഘോഷങ്ങൾ അർത്ഥ പൂർണമാകുന്നത്. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം സഭാകൂട്ടാ യ്മയിലും ദൗത്യനിർവഹണത്തിലും കടന്നുവന്നിട്ടുള്ള അപചയങ്ങളും വീഴ്ചകളും കണ്ടെത്തി പരിഹരിക്കുന്നതിലൂടെയാണ് നവീകരണം സാധ്യമാകുന്നത്.

## കേരളസഭാ നവീകരണ മേഖലകൾ

കേരളമെത്രാൻ സമിതിയുടെ മേല്നോട്ടത്തിൽ കേരളസഭാ നവീ കരണം ആസൂത്രണം ചെയ്തിരിക്കുന്നത് പ്രധാനമായും 12 മേഖല കളെ അടിസ്ഥാനമാക്കിയാണ്.

### 1. കൂട്ടായ്മയിലേക്കുള്ള മാനസാന്തരം

ക്രിസ്തു ശിരസ്സായുള്ള ശരീരമാണ് സഭ. സഭാമക്കൾ എന്ന നില യിൽ ദൈവം നമ്മെ വിളിച്ചിരിക്കുന്നത് ഒറ്റപ്പെട്ട വ്യക്തികളായല്ല, ഒരു ജനതയെന്ന നിലയിലാണ് (GS 22). കൂട്ടായ്മയാണ് സഭയുടെ ശക്തി. സഭാകൂട്ടായ്മയിൽ ഇന്നു കടന്നുവന്നിട്ടുള്ള മുറിവുകളും ഭിന്നതകളും ഇല്ലാതാകണം. ഇത് പരിഹരിക്കുകയും കൂട്ടായ്മ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് സഭാമക്കൾ എന്ന നിലയിൽ നമ്മുടെ കടമയാണ്.

**2. പ്രാർത്ഥനാജീവിതം**

നമ്മുടെ ആത്മീയ മേഖലകൾ ഭൗതികവത്കരിക്കപ്പെടാൻ ഇട യാകരുത്. ദൈവവിശ്വാസത്തിൽ ആഴപ്പെടുത്തുന്ന തരത്തിലുള്ള ആത്മീയ പരിശീലനം കുട്ടികൾക്കും കുടുംബങ്ങൾക്കും ലഭിക്കണം. വിശ്വാസം, ദൈവവചനം, വിശുദ്ധകുർബാന എന്നീ അടിസ്ഥാനവി ഷയങ്ങളിൽ സഭാപ്രേഷിതത്വം ഊന്നൽ നല്കണം. സഭയെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതോർക്കാൻ നാം കൂടു തൽ തയ്യാറാകണം.

**3. വിശ്വാസപരിശീലനം**

കാലോചിതവും ക്രിസ്തുസാക്ഷ്യത്തിന് ഉപകരിക്കുന്നതുമായ വിശ്വാസപരിശീലനം കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്ന വർക്കും ലഭിക്കത്തക്കവിധം നിലവിലുള്ള മതബോധന സംവിധാന ങ്ങൾ പരിഷ്കരിക്കണം. കുടുംബങ്ങളുടെ രൂപീകരണത്തിനും സാമുദാ യിക കെട്ടുറപ്പിനും വിശ്വാസപരിശീലനം സഹായിക്കണം. ഭൗതിക സുവിശേഷത്തിന്റെ സംസ്കാരത്തിന് ഊന്നൽ നല്കുന്നിടത്ത് വിശ്വാ സരൂപീകരണവും പ്രേഷിതശിഷ്യത്വവും അന്യമാകും.

**4. അനുരഞ്ജന മേഖലകൾ**

വിശ്വാസികളുടെ സമൂഹമായ സഭ ദൈവജനത്തിന്റെ കൂട്ടായ്മയാക യാൽ മുറിവേറ്റവരുമായുള്ള അനുരഞ്ജനം കൂടാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ല. സഭകൾക്കിടയിലും ഇടവകതലങ്ങളിലും കുടുംബങ്ങളിലുമൊക്കെയുള്ള മുറിവുകൾ ഉണങ്ങണം. പരസ്പരം ക്ഷമിക്കാനും പൊറുക്കാനും സഹായകരമായ അവസരങ്ങൾ ഒരുക്ക പ്പെടണം. നിലനില്ക്കുന്ന സംവിധാനങ്ങൾക്കപ്പുറം നമുക്ക് ഒന്നും ചെയ്യാനില്ല എന്ന കാഴ്ചപ്പാടുകൾ മാറണം.

**5. ദരിദ്രരുടെ സഭ**

ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരും അനാഥരും വിധവകളും രോഗികളും നിരാലംബരും വൃദ്ധജനങ്ങളും ഭവനരഹിതരും പീഡന ങ്ങൾ ഏല്ക്കുന്നവരും കുഞ്ഞുങ്ങളുമെല്ലാം എക്കാലവും സഭയുടെ പ്രേഷിത ശുശ്രൂഷകളിൽ പ്രഥമ പരിഗണന അർഹിക്കുന്നവരാണ്. ജീവകാരുണ്യപ്രവർത്തനങ്ങളും ദരിദ്രസേവനവും സഭയുടെ മുഖമു ദ്രയാണ്. ഈ സത്യം വിസ്മരിച്ച് നമ്മൾ ചെയ്യുന്ന കാര്യങ്ങളെല്ലാം സുവിശേഷവിരുദ്ധമാകും.

**6. പ്രേഷിത മാനസാന്തരം**

സ്വഭാവത്താലെ പ്രേഷിതയായ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളുടെയും അജപാലന ദൗത്യങ്ങളുടെയും മേഖലയിൽ മാനസാന്തരം സംഭവിക്കണം. സഭയുടെ സ്ഥാപനങ്ങളും സംവിധാനങ്ങളുമെല്ലാം പ്രേഷിതാഭിമുഖ്യത്തോടെ പരിഷ്കരിക്കപ്പെടണം.

**7. വൈദിക-സന്ന്യസ്ത പ്രേഷിതത്വം**

സഭയിൽ അജപാലന ശുശ്രൂഷയും പ്രേഷിതശുശ്രൂഷയും രണ്ടു തട്ടുകളിലല്ല. പ്രേഷിതസ്വഭാവം നഷ്ടപ്പെട്ട സമർപ്പിതസമൂഹം ദൈവരാജ്യം പടുത്തുയർത്തുന്ന ദൗത്യത്തിൽ പരാജയപ്പെടുകയാണെന്നു തിരിച്ചറിയണം. വൈദികർക്കും സന്ന്യസ്തർക്കും പ്രേഷിതരൂപീകരണം നല്കാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം. വൈദിക-സന്ന്യസ്ത-അല്മായ പരിശീലനമേഖലകൾ പ്രേഷിതാഭിമുഖ്യത്തോടെ കാലോചിതമായി നവീകരിക്കപ്പെടണം.

**8. കുടുംബ പ്രേഷിത ശുശ്രൂഷ**

കോവിഡ് കാലം സമൂഹത്തിലും കുടുംബത്തിലും ഏല്പിച്ചിട്ടുള്ള ക്ഷതങ്ങൾ തിരിച്ചറിഞ്ഞ് സഭയുടെ കുടുംബ പ്രേഷിതശൈലിയിലും മാറ്റം അനിവാര്യമായിരിക്കുന്നു. ഹോംമിഷൻ ഉൾപ്പെടെയുള്ള സഭയുടെ കുടുംബപ്രേഷിത ശുശ്രൂഷകൾ സജീവമാകണം. കുട്ടികളെ സുകൃതങ്ങളിൽ വളർത്താനും ഉത്തരവാദിത്വത്തോടെ ജീവിക്കാനും സഹായിക്കുംവിധം അവരുടെ ആത്മീയ മാനസിക ശാരീരിക ബൗദ്ധിക വളർച്ചയ്ക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ടുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. ഇക്കാര്യത്തിൽ കുടുംബങ്ങൾക്ക് നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇച്ഛാശക്തി തിരിച്ചുപിടിക്കണം.

**9. അല്മായ പ്രേഷിതത്വവും പങ്കാളിത്തവും**

സഭയുടെ അല്മായ പ്രേഷിതത്വത്തിനും പങ്കാളിത്വത്തിനും യോജിച്ചവണ്ണം സഭാസംവിധാനങ്ങൾ പരിഷ്കരിക്കപ്പെടണം. ക്രിസ്തുവിന്റെ പുരോഹിത-പ്രവാചക-രാജകീയ ധർമ്മങ്ങളിൽ പങ്കാളികളും ദൈവം ഭരമേല്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം ലോകത്തിൽ പൂർത്തീകരിക്കാൻ വിളിക്കപ്പെട്ടവരുമായ അല്മായവിശ്വാസികളെ തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം ആ ദൗത്യം നിർവഹിക്കുന്നതിന് സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷകളിലും ഭരണനിർവഹണ സംവിധാനങ്ങളിലും സജീവ പങ്കാളികളാകാൻ സഹായിക്കുന്ന ക്രമീകരണങ്ങൾ ഒരുക്കണം.

**10. യുവജനശുശ്രൂഷ**

യുവജനങ്ങളാണ് സഭയുടെ സമ്പത്ത് എന്ന് തിരിച്ചറിഞ്ഞുകൊണ്ട്, സഭയോടും സമൂഹങ്ങളോടും പ്രതിജ്ഞാബദ്ധതയുള്ള യുവതലമുറയെ രൂപപ്പെടുത്താനും സഭ എന്റെ ഭവനം എന്ന വികാരം യുവജനങ്ങളിൽ വളർത്താനും ആവശ്യമായ കർമ്മപദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് സഭയിലെ യുവജന ശുശ്രൂഷാമേഖലകൾ നവീകരിക്കപ്പെടണം.

**11. പരിസ്ഥിതിപരമായ മാനസാന്തരം**

പരിസ്ഥിതി വിഷയം പൊതുസമൂഹത്തിൽ ഒരു ധാർമ്മിക വിഷയമായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയണം. പരിസ്ഥിതി നാശത്താൽ അപഹരിക്കപ്പെടുന്ന ജീവനും പരിസ്ഥിതിയുടെ പേരിൽ ചൂഷണം ചെയ്യപ്പെടുന്ന ദരിദ്രവിഭാഗവും സഭയുടെ നൊമ്പരം മാത്രമാകരുത്, ഈ മേഖലകളിൽ സഭയുടെ പ്രവാചകസ്വരം ശക്തമാകണം.

**12. സംവാദത്തിന്റെ മേഖലകൾ**

കേരള കത്തോലിക്കാസഭ ഇതര മതങ്ങളോടും സമുദായങ്ങളോടും എക്കാലവും ബഹുമാനവും ആദരവും പുലർത്തിയിട്ടുണ്ട്. ഇപ്പോഴും അപ്രകാരം തന്നെയാണ് നിലകൊള്ളുന്നത്. സാമൂഹിക ജീവിതത്തെ ബാധിക്കുന്ന പൊതുവായ കാര്യങ്ങളെക്കുറിച്ചു പഠിക്കാനും സമൂഹത്തിന്റെ ഉന്നമനത്തിനായി ഒരുമിച്ചു പ്രവർത്തിക്കാനുമുതകുന്ന സംവാദങ്ങൾക്ക് ഇതരമതങ്ങളും ഇതരസഭകളുമായുള്ള ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം.

**കേരളസഭാ നവീകരണ നടപടികൾ**

കാലത്തിനനുസൃതമായ മാറ്റങ്ങൾ കൈവരിച്ചുകൊണ്ട് പുതിയ കാഴ്ചപ്പാടുകളോടെ സർവതലസ്പർശിയായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. അതുകൊണ്ട്, നവീകരണം ആരംഭിക്കുന്നത് കടന്നുവന്ന വഴികൾ വിലയിരുത്തികൊണ്ടാകണം. കേരള കത്തോലിക്കാസഭയുടെയും പ്രാദേശിക സഭകളായ രൂപതകളുടെയും വിശ്വാസയാത്രയിൽ ഉണ്ടായ നന്മകളെ പരിപോഷിപ്പിക്കുകയും വീഴ്ചകളെ പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട്. നവീകരണ പ്രക്രിയയിൽ മുൻഗണന നിർണയിക്കുകയും നവീകരണം ഫലപ്രാപ്തിയിൽ എത്തുവോളം വിലയിരുത്തലുകളും വിശകലനങ്ങളും തുടർനടപടികളും സംഘടിപ്പിക്കുകയും ചെയ്യണം.

സംസ്ഥാന-രൂപത-ഇടവക-കുടുംബതലങ്ങളിൽ നവീകരണം സാധ്യമാകണം. സംസ്ഥാനതലത്തിൽ കെസിബിസിയുടെ കീഴിൽ ഒരു കോർ കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ കോർ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽനിന്നും വികാരി ജനറൽമാരുടെ നേതൃത്വത്തിലുള്ള പ്രതിനിധികൾ, സന്ന്യാസസഭകളുടെ മേജർ സുപ്പീരിയേഴ്സ്, അല്മായ സംഘടനാപ്രതിനിധികൾ, യുവജനപ്രതിനിധികൾ, കെസിബിസി കമ്മീഷൻ സെക്രട്ടറിമാർ, ഡയറക്ടർമാർ, പൗരപ്രമുഖപ്രതിനിധികൾ, മാധ്യമ പ്രവർത്തക പ്രതിനിധികൾ, കേരള കാത്തലിക് കൗൺസിൽ അംഗങ്ങൾ എന്നിവർക്കായി വ്യത്യസ്ത സമ്മേളനങ്ങൾ സംഘടിപ്പിക്കുകയും അവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയുമുണ്ടായി. ഈ സമ്മേളനങ്ങളിലെ ചർച്ചകളുടെയും പഠനങ്ങളുടെയുമൊക്കെ വെളിച്ചത്തിൽ കേരളസഭാ നവീകരണത്തിനായുള്ള മാർഗരേഖ (Lineamenta) തയ്യാറാക്കിവരുന്നു. സംസ്ഥാതലത്തിൽ ഒരു റിസോഴ്സ് ടീമും ഒരു മോണിറ്ററിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്.

ഈ മാർഗരേഖയുടെ അടിസ്ഥാനത്തിലാണ് രൂപതാ-ഇടവക തല നവീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. രൂപതാതലത്തിലുള്ള ഔദ്യോഗിക ഉദ്ഘാടനം ജൂലൈ മാസത്തിനുള്ളിൽ ഞായറാഴ്ച ദിവ്യബലിയോടെ സംഘടിപ്പിക്കേണ്ടതാണ്. രൂപതാതലപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന റിസോഴ്സ്ടീം അംഗങ്ങൾക്കായി സംസ്ഥാനതലത്തിൽ പരിശീലനം സംഘടിപ്പിക്കും. സംസ്ഥാനതലത്തിലെന്നതുപോലെ, രൂപതാ-ഇടവകതലങ്ങളിലും നവീകരണത്തിനാവശ്യമായ നേതൃത്വം നല്കാൻ സമിതി രൂപീകരിക്കണം. അതതുരൂപതകളുടെ വികാരി ജനറൽമാരുടെ നേതൃത്വത്തിലാണ് സമിതികൾക്ക് രൂപം കൊടുക്കേണ്ടത്. ഇടവകതലങ്ങളിലുള്ള സമിതികളുടെ രൂപീകരണം, ബോധവത്കരണം, ആസൂത്രണം, വിലയിരുത്തലുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ നടക്കണം.

**ഉപസംഹാരം**

കേരളസഭയിൽ സംവാദത്തിന്റെയും പരസ്പരമുള്ള ശ്രവിക്കലിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്ക്കാരം ശക്തിപ്രാപിക്കട്ടെ. എല്ലാസംഭാഷണങ്ങളുടെയും കൂടിച്ചേരലുകളുടെയും സമാഗമത്തിന്റെയും ലക്ഷ്യം അവയിലൂടെയെല്ലാം വെളിപ്പെടുന്ന പരിശുദ്ധാത്മാവിന്റെ സ്വരത്തിന് കാതുകൊടുക്കുന്നതും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതുമായിരിക്കട്ടെ. യേശുക്രിസ്തുവിലുള്ള

നമ്മുടെ വിശ്വാസം ആഴമായ ഒരു ബോധ്യമായി വളരുന്നതിനും അവിടത്തെ ധൈര്യപൂർവം സമൂഹമധ്യത്തിൽ ഏറ്റുപറയുന്നതിനും മരിക്കേണ്ടിവന്നാലും അവിടുന്നിലുള്ള വിശ്വാസം ത്യജിക്കാതിരിക്കാനും പരിശുദ്ധാത്മാവു നമ്മെ ശക്തരാക്കട്ടെ. ഇതര മതവിശ്വാസികളായ സഹോദരരുമായുള്ള നമ്മുടെ ഹൃദ്യമായ സൗഹൃദം കൂടുതൽ ബലപ്പെടുന്നതിനും ഈ നവീകരണകാലം നമ്മെ സഹായിക്കട്ടെ. അതിനായി പരിശുദ്ധാത്മാവ് ഇന്ന് നമ്മെ നയിക്കട്ടെ.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ജോർജ് ആലഞ്ചേരി**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

---

NB: 1. ജൂലൈ 10-ാം തീയതി സർക്കുലർ ദൈവാലയങ്ങളിൽ വായിക്കണം.

2. ജൂലൈ 10-ാം തീയതി ഞായറാഴ്ച ദൈവാലയങ്ങളിലെ പ്രധാന ദിവ്യബലിയോടുകൂടി ഇടവകാതലത്തിലുള്ള സഭാനവീകരണ വർഷത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നിർവ്വഹിക്കണം.
3. കേരള സഭാനവീകരണം 2022-2025 എന്ന ബോർഡ് ദൈവാലയങ്ങളിൽ സ്ഥാപിക്കണം.
4. സഭാ നവീകരണ വർഷാചരണവുമായി ബന്ധപ്പെട്ട പ്രായോഗിക നടപടികൾ ബഹു. വൈദികരുടെ റിഫ്രെഷർ കോഴ്സിന്റെ സമയത്ത് ചർച്ചചെയ്തു തീരുമാനിക്കുന്നതായിരിക്കും.

Prot. No. 397/2022 സർക്കുലർ നമ്പർ 03/2022

## സർക്കുലർ

മിശിഹായിൽ പ്രിയമുള്ളവരെ,

തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി തുടക്കം കുറിച്ച **ANGEL** (Archbishop Njaralakatt George's Envision for Life) ഡയാലിസിസ് പദ്ധതിയെക്കുറിച്ച് നിങ്ങൾക്ക് അറിയാമല്ലോ. ആഴ്ചയിൽ രണ്ടും മൂന്നും തവണ ഡയാലിസിസ് നടത്തുന്ന വൃക്കരോഗികളുടെയും അവരുടെ കുടുംബത്തിന്റെയും അവസ്ഥ ഏറെ ദുഃഖകരമാണെന്ന് നമുക്കറിയാം. ഭാരിച്ച ചികിത്സാ ചിലവുകൾ താങ്ങാനാവാത്തതിനാൽ ഡയാലിസിസുകൾ കൃത്യമായി ചെയ്യാതെ മരണത്തോട് മല്ലടിച്ചുകൊണ്ട് ഒത്തിരിപേർ നമ്മുടെ കൺമുമ്പിലും ചുറ്റുപാടുകളിലുമായി ദുരിതമനുഭവിച്ചുകൊണ്ടിരിക്കുന്നു. വർഷങ്ങളോളം നീളുന്ന ഡയാലിസിസ് ചികിത്സ സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളെപ്പോലും വല്ലാതെ ഉലച്ചുകളയുന്നുണ്ട്.

ജീവൻ നൽകുവാൻ ദൈവത്തിനല്ലാതെ മറ്റാർക്കും അവകാശമില്ല. എന്നാൽ ദൈവം കനിഞ്ഞരുളിയ ജീവൻ നിലനിർത്തുവാനും അത് നീട്ടികൊടുക്കുവാനും നമ്മുടെ പങ്കുവയ്ക്കലിലൂടെ നമുക്ക് സാധിക്കുന്നു. ഒരു കിഡ്നിരോഗിയുടെ ഡയാലിസിനുവേണ്ടി ആവശ്യമായ സഹായങ്ങൾ നാം നൽകുമ്പോൾ അവരുടെ ജീവൻ ഏതാനും മാസങ്ങളോ, വർഷങ്ങളോ നീട്ടികൊടുക്കുവാൻ സഹായിക്കുന്ന ഒരു വലിയ ജീവകാരുണ്യപദ്ധതിയാണ് ഏയ്ഞ്ചൽ ഡയാലിസിസ് പദ്ധതിയിലൂടെ നമ്മൾ വിഭാവനം ചെയ്യുന്നത്. ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് എന്നുപറഞ്ഞ യേശുനാഥന്റെ വചനങ്ങളെ ഹൃദയത്തിൽ സ്വീകരിക്കുവാനും പ്രാവർത്തികമാക്കുവാനും ഈ പുണ്യപ്രവൃത്തിയിലൂടെ നമുക്ക് പരിശ്രമിക്കാം. വിവിധ ആഘോഷങ്ങൾക്കായി ചിലവഴിക്കുന്നതിൽ നിന്ന് ഒരു നിശ്ചിത വിഹിതം മാറ്റിവച്ചുകൊണ്ടും, ഇല്ലായ്മയിൽ നിന്നുപോലും സ്വരൂപിച്ചെടുക്കുന്ന ചെറിയ തുകകളിലൂടെ ഈ കാരുണ്യപ്രവൃത്തിക്കായി കൂട്ടായ്മയിൽ പങ്കുവയ്ക്കുമ്പോൾ അത് വലിയൊരു ജീവകാരുണ്യപ്രവർത്തനമായി മാറ്റിയെടുക്കുവാനും, അതിലൂടെ ഒരുപാട് ജീവിതങ്ങൾക്കും കുടുംബങ്ങൾക്കും ആശ്വാസമേകുവാനും നമുക്ക് സാധിക്കും. ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യങ്ങളിലൊന്നായ ഈ ജീവകാരുണ്യപ്രവർത്തിയിൽ ആത്മാർഥമായി പങ്കുചേരാനും പ്രവർത്തിക്കുവാനും നമുക്കെല്ലാവർക്കും സാധിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു.

എനിക്ക് വിശന്നു, നിങ്ങളെനിക്ക് ഭക്ഷിക്കുവാൻ തന്നു... എനിക്ക് ദാഹിച്ചു, നിങ്ങളെനിക്ക് കുടിക്കുവാൻ തന്നു... ഞാൻ പരദേശിയായിരുന്നു, നിങ്ങളെന്നെ സ്വീകരിച്ചു... ഞാൻ നഗ്നനായിരുന്നു, നിങ്ങളെന്നെ ഉടുപ്പിച്ചു... നമ്മുടെ കർത്താവിന്റെ ഈ വാക്കുകൾ നമുക്ക് പ്രചോദനമാകണം. നമ്മുടെ ജീവിതത്തിലൂടെയും പ്രവർത്തിയിലൂടെയും ഈ മഹത്തായ സന്ദേശം മറ്റുള്ളവരിലേക്ക് പകർന്നു നൽകുവാൻ നമുക്ക് പരിശ്രമിക്കാം. ഈ ലോകത്തിലെ നിസ്വാർത്ഥമായ പങ്കുവയ്ക്കലിലൂടെ നമുക്ക് നിത്യജീവൻ നേടാൻ സാധിക്കുമെന്ന സത്യം നമുക്ക് മറക്കാതിരിക്കാം. പാവപ്പെട്ട മനുഷ്യരെ സഹായിക്കുവാൻ അതിരൂപത ഒരുക്കിയിട്ടുള്ള ഈ ജീവകാരുണ്യ പദ്ധതിയിൽ പങ്കാളികളായി നമുക്ക് സഹോദരസ്നേഹത്തിന്റെ മാതൃകയാകാം.

ഡയാലിസിസ് ചെയ്യാൻ പണമില്ലാതെ വേദനിച്ചുകൊണ്ട് തന്റെ ജീവൻതന്നെ നഷ്ടപ്പെടുമോയെന്ന ഭയത്താൽ തങ്ങളെ സഹായിക്കണമെന്ന് അപേക്ഷിച്ച ഒത്തിരിയേറെ കിഡ്നി രോഗികൾക്കു വേണ്ടിയാണ് ഈ സംരംഭം നാം ആരംഭിച്ചത്. ആരോഗ്യവാന്മാരായി ദൈവാനുഗ്രഹത്താൽ ജീവിക്കുന്നവർക്ക് ഡയാലിസിസ് ചെയ്യാൻ പണമില്ലാത്തതിന്റെ പേരിൽ ഒരു കിഡ്നിരോഗിയും ഉപേക്ഷിക്കപ്പെടില്ലായെന്നും മരിക്കില്ലായെന്നും ഉറപ്പുകൊടുക്കാൻ കഴിയണം. അവർക്ക് ദൈവസ്നേഹത്തിന്റെ വാത്സല്യവും സ്പർശനവുമായി നമുക്ക് ചേർന്നുനിൽക്കാം.

ഫൊറോന-ഇടവകാതലത്തിൽ ഡയാലിസിസ് പദ്ധതിക്കായി പ്രത്യേകം കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ ഇടവകകളിലേയും ഡയാലിസിസ് ആവശ്യമായ വൃക്കരോഗികളുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുകയും അർഹരായ കുടുംബങ്ങളിലെ രോഗികൾക്ക് ഡയാലിസിസ് സൗജന്യമായി ചെയ്തുകൊടുക്കുവാനും വേണ്ട സംവിധാനങ്ങൾ അതിരൂപതാ ഏയ്ഞ്ചൽ ഡയാലിസിസ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ചെയ്യുവാൻ ഇടവകകളും ഫൊറോനകളും ശ്രദ്ധിക്കേണ്ടതാണ്. കമ്മിറ്റികൾ രൂപീകരിക്കാത്ത സ്ഥലങ്ങളിൽ എത്രയുംവേഗം ആവശ്യമായ ക്രമീകരണങ്ങൾ നടത്തണമെന്നും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

കരുവഞ്ചാൽ സെന്റ് ജോസഫ് ആശുപത്രിയുടെ പുതിയ കെട്ടിടത്തിൽ മെഡിക്കൽ വെന്റിലേറ്റർ ഉൾപ്പെടെയുള്ള അത്യാധുനിക സൗകര്യങ്ങ ളോടുകൂടിയ മെഷീനുകളുടെയും, വിദഗ്ധരായ ആരോഗ്യ പ്രവർത്തകരുടെയും സേവനം 24 മണിക്കൂറും സജ്ജമാക്കികൊണ്ട് ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾ ഇവിടെ മികച്ച രീതിയിൽ നടന്നുവരുന്നു. ഇരിട്ടി ഭാഗങ്ങളിലുള്ള മലയോര മേഖലയിലെ വൃക്കരോഗികൾക്ക് ഡയാലിസിസ് സെന്ററിലേക്ക്

ദീർഘദൂരം യാത്ര ചെയ്യേണ്ടി വരുന്നതിനാൽ അതിനു പരിഹാരമായി ഇരിട്ടി കടത്തുംകടവിൽ പ്രവർത്തിച്ചുവരുന്ന സച്ചിദാനന്ദ ട്രസ്റ്റിന്റെ ചക്കരക്കുട്ടൻ ബാലസദനം കെട്ടിടത്തിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ ആരംഭിക്കുകയാണ്. ഡയാലിസിസ് സെന്ററിനൊപ്പം ലാബ് സൗകര്യവും മെഡിസിൻ ലഭ്യതയും ഇവിടെ ഒരുക്കുന്നുണ്ട്. 2022 ജൂലായ് മാസം മുതൽ ഇരിട്ടിയിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ മലയോര ജനതയ്ക്ക് ലഭ്യമാവുന്നതായിരിക്കും. അധികം വൈകാതെ കാസർഗോഡ് ജില്ലയിലും പുതിയ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഡയാലിസിസ് മെഷീനുകളും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിനായി സഹായിച്ച എല്ലാ ഉപകാരികളെയും വൈദികരെയും അൽമായ സഹോദരങ്ങളെയും സന്യസ്തരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു.

ഓരോ സെന്ററിന്റേയും നടത്തിപ്പിനും മരുന്നുകൾക്കുമുള്ള ചിലവുകൾ നാം തന്നെ കണ്ടെത്തണം. അതിനായി ആഴ്ചയിലോ, മാസത്തിലോ, വർഷത്തിലോ ഒരു വൃക്കരോഗിയുടെയെങ്കിലും ഡയാലിസിസ് ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കുവാൻ സന്നദ്ധത കാണിക്കാൻ തയ്യാറാകുന്ന ഇടവകകൾ, സംഘടനകൾ, സന്യാസ സമൂഹങ്ങൾ, സന്നദ്ധ സംഘടനകൾ, പ്രവാസി മലയാളി സംഘടനകൾ, കുടുംബ ട്രസ്റ്റുകൾ, വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ, വൈദികർ, സന്യസ്തർ, വ്യക്തികൾ എന്നിവരുടെയും, ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു. ഒരു പാത്രം വെള്ളമെങ്കിലും കുടിക്കുവാൻ നൽകിയാൽ നൂറിരട്ടി പ്രതിഫലം നൽകുമെന്ന് പറഞ്ഞ കാരുണ്യവാനായ ഈശോ നിങ്ങളെയെല്ലാവരേയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**മാർ ജോസഫ് പാംപ്ലാനി**

തലശ്ശേരി അതിരൂപതയുടെ ഇടയൻ

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2022 ജൂലൈ 17-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബ്ബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.




## 1. ജൂലൈ 3 ദുക്റാന തിരുനാൾ - സഭാദിനം

ഭാരതസഭയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള വർഷമാണ് 2022. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികമാണ്. ഭാരതത്തിന്റെ അപ്പസ്തോലനും നമ്മുടെ വിശ്വാസത്തിന്റെ പിതാവുമായ മാർത്തോമ്മശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഉചിതമായി ആചരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഈ വർഷത്തെ ദുക്റാനതിരുനാൾ ആഘോഷങ്ങൾക്ക് താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ.

- നമ്മുടെ വി. കുർബ്ബാന അർപ്പണത്തിന്റെ ഏറ്റവും ആഘോഷപൂർവ്വമായ റാസ കുർബ്ബാന സാധിക്കുന്ന ഇടവകകളിൽ അർപ്പിക്കുക (വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഇടവകകളിൽ റാസ കുർബ്ബാന അർപ്പിക്കുന്നത് ഉചിതമായിരിക്കും).
- മാർത്തോമ്മാശ്ലീഹായുടെ തിരുസ്വരൂപം എഴുന്നള്ളിച്ച് വച്ച് നൊവേനയും ലദീഞ്ഞും നടത്തുക.
- ശ്രാദ്ധമായി ആചരിക്കുകയും ഇടവകകളിൽ പാച്ചോർ നേർച്ച നടത്തുകയും ചെയ്യുന്നത് അഭികാമ്യമായിരിക്കും.
- സൺഡേസ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് പൊതുമീറ്റിംഗുകൾ നടത്തുക.

## 2. പുതിയ നിയമനങ്ങൾ

**1. മീഡിയ അപ്പൊസ്റ്റൊലേറ്റ് :** തലശ്ശേരി അതിരൂപത മീഡിയ അപ്പൊസ്റ്റൊലേറ്റിന്റെ (ടെൽമി ക്രിയേഷൻ) അസോസിയേറ്റ് ഡയറക്ടേഴ്സ് ആയി ബഹു. ജോസഫ് വയലുങ്കൽ അച്ചനെയും ബഹു. ജോൺ കൂവപ്പാറ അച്ചനെയും അഭിവന്ദ്യ പിതാവ് നിയമിച്ചു. ബഹു. വൈദികർക്ക് ആശംസകളും അനുമോദനങ്ങളും.

**2. എ.ഡി.എസ്.യു :** ആന്റി ഡ്രഗ്സ് സ്റ്റുഡന്റ്സ് യൂണിയൻ ഡയറക്ടറായി ബഹു. ചാക്കോ കുടിപ്പറമ്പിലച്ചനെ അഭിവന്ദ്യപിതാവ് നിയമിച്ചു. ബഹു. ചാക്കോ കുടിപ്പറമ്പിലച്ചന് അനുമോദനങ്ങളും ആശംസകളും.

3. **ഫാ. ജോസഫ് മുണ്ടപ്ലാക്കൽ :** കല്ലുവയൽ പള്ളിയുടെ പ്രോ. വികാരിയായി ബഹു. ജോസഫ് മുണ്ടപ്ലാക്കൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. 2022 ജൂലൈ 2-ാം തീയതിയാണ് അച്ചൻ ചാർജ്ജെടുക്കുന്നത്. ബഹു. ജോസഫ് അച്ചന് ആശംസകളും അനുമോദനങ്ങളും.

4. **ഫാ. അനീഷ് പുത്തൻപുരക്കൽ :** അദിലാബാദ് രൂപതാംഗമായ ബഹു. അനീഷ് പുത്തൻപുരയ്ക്കൽ അച്ചനെ കിളിയന്തറ പള്ളിയുടെ അസി. വികാരിയായി അഭിവന്ദ്യ പിതാവ് നിയമിച്ചു. 2022 ജൂലൈ 2-ാം തീയതിയാണ് അച്ചൻ ചാർജ്ജെടുക്കുന്നത്. അനീഷ് അച്ചന് അനുമോദനങ്ങളും ആശംസകളും.

### 3. അഭിനന്ദനങ്ങൾ

കണ്ണൂർ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി മെമ്പറായി കേരള സർക്കാർ നിയമിച്ച തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബെന്നി നിരപ്പേൽ അച്ചന് തലശ്ശേരി അതിരൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

### 4. നിയമാവലി പരിഷ്ക്കരണം

തലശ്ശേരി അതിരൂപതാ നിയമാവലി പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചു. നിലവിലുള്ള നിയമാവലി പ്രസിദ്ധീകരിച്ചതിനുശേഷം വിവിധ ഘട്ടങ്ങളിലായി പല വിഷയങ്ങൾക്കും രൂപപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങളെ ഉൾപ്പെടുത്തിയും വിവിധ സമിതികളിൽനിന്നും ഉയർന്നുവന്നിരിക്കുന്ന ആശയങ്ങളുടെ വെളിച്ചത്തിലും ആയിരിക്കും പരിഷ്ക്കരണം നടത്തുക. നിയമാവലി പരിഷ്ക്കരണ സമിതിയിലെ അംഗങ്ങളായി മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ (കൺവീനർ), ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, ഫാ. തോമസ് തെങ്ങുംപള്ളിൽ, ഫാ. ജോസ് വെട്ടിക്കൽ, ഫാ. ജോസഫ് വാരണത്ത്, ഫാ. അഗസ്റ്റിൻ ഉറുമ്പുകാട്ടിൽ, ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, ഫാ. ലൂക്കോസ് മറ്റപ്പള്ളി, ഫാ. ജോൺ കൊച്ചുപുരയ്ക്കൽ സി. എസ്. റ്റി എന്നിവരെ അഭിവന്ദ്യ പിതാവ് നിയമിച്ചു. നിയമാവലി പരിഷ്ക്കരണ സമിതിയുടെ ആദ്യ മീറ്റിംഗ് ജൂൺ 22ന് അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടന്നു.

### 5. ആദരാഞ്ജലികൾ

**1. ശ്രീ. എ. യു. ജോസഫ് ആലപ്പാട്ട് (75)**

ബഹു. ജോർജ് (ഷിന്റോ) ആലപ്പാട്ട് അച്ചന്റെ വത്സലപിതാവ് ശ്രീ. എ. യു. ജോസഫ് 2022 ജൂൺ 3 ന് നിര്യാതനായി. മൃതസംസ്ക്കാരം 2022 ജൂൺ 4ന് മാലോം സെന്റ് ജോർജ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മിക

ത്വത്തിൽ നടന്നു. പ്രിയപ്പെട്ട ഷിന്റോ അച്ചനെയും കുടുംബാംഗങ്ങ ളെയും അനുശോചനം അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**2. ശ്രീമതി അന്നക്കുട്ടി ആന്റണി**

ബഹു ആന്റണി തറേക്കടവിൽ അച്ചന്റെ പ്രിയപ്പെട്ട മാതാവ് ശ്രീമതി അന്നക്കുട്ടി ആന്റണി 2022 ജൂൺ 19ന് നിര്യാതനായി. മൃതസം സ്ക്കാരം 2022 ജൂൺ 20-ാം തീയതി പെരുമ്പുന്ന ഫാത്തിമാ മാതാ സെമിത്തേരിയിൽ അഭിവന്ദ്യ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട ആന്റണി അച്ചനെയും കുടും ബാംഗങ്ങളെയും അനുശോചനം അറിയിക്കുന്നു. പരേതയുടെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**3. ശ്രീ. ജോസഫ് മുളങ്കാട്ടിൽ**

ബഹു. ഇഗ്നേഷ്യഷ് മുളങ്കാട്ടിൽ അച്ചന്റെ ജ്യേഷ്ഠസഹോദരൻ ശ്രീ. ജോസഫ് മുളങ്കാട്ടിൽ (77) 2022 ജൂൺ 19ന് നിര്യാതനായി. മൃത സംസ്ക്കാരം 2022 ജൂൺ 21-ാം തീയതി രയറോം സെന്റ് സെബാ സ്റ്റ്യൻസ് പള്ളി സെമിത്തേരിയിൽ അഭിവന്ദ്യ പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. സഹോദരന്റെ വേർപാടിൽ ദുഃഖി ക്കുന്ന പ്രിയപ്പെട്ട ഇഗ്നേഷ്യസ് അച്ചനെയും കുടുംബാംഗങ്ങളെയും അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

**4. ഫാ. ജോസഫ് ഐക്കരമറ്റം (94)**



പാലാ രൂപതാംഗമായ ബഹു. ജോസഫ് ഐക്ക രമറ്റം അച്ചൻ 2022 ജൂൺ 20ന് നിര്യാതനായി. എടൂർ, പൈസക്കരി, വെളിമാനം തുടങ്ങിയ ഇടവകകളിൽ ജോസഫച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. 2022 ജൂൺ 22ന് കുറവിലങ്ങാട് ഫൊറോനാ പള്ളിയിലെ സെമി ത്തേരിയിൽ മൃതസംസ്ക്കാരം നടന്നു. ബഹു. ജോസ ഫച്ചന്റെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കാം.

**6. സ്നേഹസ്മൃതി**

1. റവ. ഫാ. മാണി വാഴചാരിയ്ക്കൽ - 02-07-2014
2. റവ. ഫാ. ജോസ് കണിവേലിൽ - 01-07-2017
3. റവ. ഫാ. അബ്രാഹം മൂങ്ങാമ്മാക്കൽ - 05-07-1989
4. റവ. ഫാ. ഫിലിപ്പ് മുറിഞ്ഞകല്ലേൽ (സീനിയർ) - 07-07-1994
5. റവ. ഫാ. ജോൺ കല്ലുങ്കൽ - 08-07-2012

| | | |
|---|---|---|
| 6. റവ. ഫാ. ജോസഫ് കീച്ചൻകേരി | - | 11-07-2012 |
| 7. റവ. ഫാ. സേവ്യർ പുത്തൻപുരയിൽ | - | 15-07-1999 |
| 8. റവ. ഫാ. അബ്രാഹം മൂക്കനോലിൽ | - | 16-07-1981 |
| 9. റവ. ഫാ. ജേക്കബ് വെള്ളക്കട | - | 20-07-1970 |
| 10. റവ. ഫാ. മാത്യു കൊട്ടുകാപ്പിള്ളി | - | 26-07-2003 |
| 11. റവ. ഫാ. മാത്യു പൊയ്യക്കര | - | 27-07-2008 |
| 12. റവ. ഫാ. ജോൺ കടുകമ്മാക്കൽ | - | 28-07-2010 |
| 13. റവ. ഫാ. ജെയിംസ് മുകളേൽ | - | 29-07-2009 |
| 14. റവ. ഫാ. ജോസഫ് മണിമലത്തറപ്പിൽ | - | 30-07-2012 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

Prot. No. 400/2022

# DECREE

I, Mar Joseph Pamplany, Archbishop of Thalassery, hereby reconstitute, as per the norms of CCEO cc. 264-270, the Presbyteral Council of the Archeparchy of Tellicherry for the year 2022-2024 with immediate effect consisting of the following members.

## I. Ex- Officio Members

1. Mar Joseph Pamplany - President
2. Msgr. Antony Muthukunnel - Vice President
3. Msgr. Joseph Ottaplackal - Syncellus
4. Msgr. Sebastian Palakuzhy - Syncellus
5. Msgr. Mathew Elamthuruthipadavil - Syncellus
6. Fr. Joseph Muttathukunnel - Chancellor
7. Fr. John Kovoorputhenpurayil - Judicial Vicar
8. Fr. Joseph Kakkaramattathil - Procurator
9. Fr. George Karot - Rector, Minor Seminary
10. Fr. Philip Kaviyil - Director, Sandesa Bhavan
11. Fr. Jacob Vennayappillil - Catechism Director
12. Fr. Mathew Sasthampadavil - Corporate Manager
13. Fr. Scaria Nirappel - TSSS Director

## II. Elected members from different age groups

Fr. George Elukunnel
Fr. George Pulickal
Fr. Emmanuel Poovathinkal

Fr. Joseph Kalarickal
Fr. George Chennappally
Fr. Mathew Palamattam
Fr. Thomas Amakkattu
Fr. Lazar Varambakath
Fr. Sebastian Mookkilikkattu
Fr. James Chellamkottu
Fr. Philip Karakkatt
Fr. John Mundolickal
Fr. Mathew Narickuzhy
Fr. Mathew Olickal
Fr. John Vazhakatt
Fr. Thomas Cheruvil
Fr. Peter Kochuveettil
Fr. Joseph Kurisummoottil
Fr. Antony Chittettu
Fr. Joseph Malakkaran
Fr. Mathew Mukkuzhy (Sr)

## III. Elected from Foranes

| | |
|---|---|
| Alakodu | Fr. George Thykunnumpuram |
| Chempanthotty | Fr. Jose Manchappally |
| Chemperi | Fr. Philip Eurppakattu |
| Cherupuzha | Fr. Andrews Thekkel |
| Edoor | Fr. Antony Punnoor |
| Kanhangad | Fr. John Noorammakkal |
| Kunnoth | Fr. Thomas Attangattil |
| Marygiri | Fr. Mani Melvettam |
| Nellickampoil | Fr. Antony Anakkallil |
| Paisakkari | Fr. Joseph Chattanattu |
| Panathady | Fr. Abraham Puthussery |
| Peravoor | Fr. Paul Vallopilly |
| Thaliparamaba | Fr. Mathew Asariparambil |
| Thomapuram | Fr. Jose Manikathazhe |
| Vayattuparamba | Fr. Joseph Enacheril |
| Vellarikundu | Fr. Joseph Varanath |
| Kasargod (Zone) | Fr. George Vallimala |

## IV. Nominated Members

1. Fr. Jacob Kuttikkattukunnel
2. Fr. Sebastian Edayadiyil
3. Fr. Mathew Thekkemury
4. Fr. Thomas Vadakkemuriyil
5. Fr. Sebastian Ittiyappara
6. Fr. John Kochupura CST
7. Fr. Thomas Karingada OFM.cap

## V. Special Invitees

All Forane Vicars
Department heads

Given from the Archeparchial curia on 22[th] June 2022.

Mar Joseph Pamplany
Archbishop of Thalassery

Prot. No.399/2022

## DECREE

## ARCHEPARCHY OF THALASSERY
## RECONSTITUTION OF THE 18th PASTORAL COUNCIL

I, Archbishop Joseph Pamplany, hereby reconstitute the 18th Pastoral Council of the Archeparchy of Thalassery consisting of the following members. The duration of this council will be from 1, July 2022 to 31, December 2023.

**Ex Officio Members**

| | | |
|---|---|---|
| 1 | Mar Joseph Pamplany | President |
| 2 | Msgr. Antony Muthukunnel | Vice President (Prtosyncellus) |
| 3 | Msgr. Joseph Ottaplackal | Vice President (Syncellus) |
| 4 | Msgr. Sebastian Palakuzhy | Vice President (Syncellus) |
| 5 | Msgr. Mathew Elamthuruthipadavil | Vice President (Syncellus) |
| 6 | Fr. Joseph Muttathukunnel | General Secretary (Chancellor) |
| 7 | Fr. Joseph Kakkaramattahil | Finance Officer |
| 8 | Fr. John Kovoorputhenpura | Judicial Vicar |
| 9 | Fr. Jacob Vattukalam | Vice Chancellor |
| 10 | Fr. George Karottu | Minor Seminary Rector, Cathedral Vicar |
| 11 | Fr. Philip Kaviyil | Director, Sandesa Bhavan, Bible Apostolate & AKCC |
| 12 | Fr. Thomas Paimpillil | Director- Good Shepherd Pastoral Centre |
| 13 | Fr. Mathew Sasthampadavil | Manager, Corporate Ed. Agency |
| 14 | Fr. Jacob Vennayappillil | Director, Catechism, PPF |
| 15 | Fr. Sebastian Ittiyappara | Director, Family Apostolate |
| 16 | Fr. Joseph Vadakkeparambil | Director, Mission League |
| 17 | Fr. Chacko Kudiparambil | Director, ADSU, Pratheeksha, KCBC Madyavidudha Samithi, Mukthisree |
| 18 | Fr. Thomas Cheruvil | Director, INFARM |
| 19 | Fr. Thomas Valiplackal | Director, KCYM |
| 20 | Fr. Tom Olikarottu | Exc. Director, Alpha Institute |
| 21 | Fr. Mathew Asariparambil | Director, Department of Family Units |
| 22 | Fr. Scaria Vadasseril | Director, Sanjose Academy |
| 23 | Fr. Scaria Nirappel | Director, TSSS |
| 24 | Fr. Kalarimuriyil George | Director, ADAM |
| 25 | Fr. Bosco Thannikkapara OFM Cap | Director, SFO |
| 26 | Fr. Joseph Nooranmackal | Director, Charismatic Movement |

| | | |
|---|---|---|
| 27 | Fr. Joseph Vayalumkal | FM Radio, Associate Director, Media & Internet Mission |
| 28 | Fr. John Koovapara | Ass. Director, Media & Internet Mission |
| 29 | Fr. Jacob Kuttikattukunnel | Director, Priest Home |
| 30 | Fr. James Puthennada | Director, Mother Home |
| 31 | Fr. Antony Parathepathy | Director, St. Joseph's Hospital |
| 32 | Fr. Mathew Thekkemurry | Bursar, Nirmalagiri College |
| 33 | Fr. James Chellamkottu | Manager, Vimal Jyothi Eng. College |
| 34 | Fr. Sebastian Chennoth | Director, Karunalayam, Santhwanam |
| 35 | Fr. Abraham Ottaplackal | Manager, SanJos Metropolitan School |
| 36 | Fr. Varghese Cheriampurath | Manager, Santhom Estate, Kunnoth |
| 37 | Fr. Augustine Vadakkan | Manager, San Maria Estate, Keezhpally |
| 38 | Fr. Sebastian Cheripurath | Director, SIFAM, Ponniam |
| 39 | Fr. Emmanuel Attel | Protopresbyter : Alakode |
| 40 | Fr. Antony Majalamkunnel | „ Chempanthotty |
| 41 | Fr. George Kanjirakkattu | „ Chemperi |
| 42 | Fr. Jose Vettickal | „ Cherupuzha |
| 43 | Fr.Thoms Vadakkemury | „ Edoor |
| 44 | Fr. Augustine Pandiamakel | „ Kunnoth |
| 45 | Fr. Abraham Madathimyalil | „ Marygiri |
| 46 | Fr. Joseph Kavanady | „ Nellickampoil |
| 47 | Fr. John Onakulam | „ Paisakary |
| 48 | Fr. Thomas Pattamkulam | „ Panathady |
| 49 | Fr. Thomas Kochukarott | „ Peravoor |
| 50 | Fr. Mathew Vengakunnel | „ Thaliparamba |
| 51 | Fr. Martin Kizhakkethalackal | „ Thomapuram |
| 52 | Fr.Thomas Thengumpallil | „ Vayattuparamba |
| 53 | Fr. Johnson Anthiyamkulam | „ Vellarikkundu |
| 54 | Adv. Tony Punchakunnel | President, AKCC |
| 55 | Mr. Scaria Nellankuzhy | „ INFAM |
| 56 | Mr. Sunil Mathew Kallidukkil | „ CML |
| 57 | Mr. Joyal Thottiyil | „ KCYM |
| 58 | Mrs. Thankamma Kochuvelikkakath | „ Mathruvedi |
| 59 | Mr. Antony Melvettom | „ Madya Viruddha Samithi |
| 60 | Mrs. Shino Parackal | „ Mukthisree |
| 61 | Mr. P.K. Joy Moongammackal | President, SFO |
| 62. | Mr. Sunny Thomas, Nediyakalayil | ,, St. Vincent de Paul Society |
| 63 | Mr. Benny Puthennadayil | President, Teacher's Guild |
| 64 | Mr. Baby Nettanany | President, DFC |

| | | |
|---|---|---|
| 65 | Dr. M.J. Mathew Mandapathil | President, Kudumba Koottayma |
| 66 | Mr. Johny Thomas Vadakkekkara, | AKCC Global Working Committee Member |
| 67 | Mr. Jaison Pulichamackal, Charal | CML, Secretary |
| 68 | Ms. Eleykutty Edattu | CML, State Executive Member |
| 69 | Ms. Mary Maleparambil | Marian Singles, State President |
| 70 | Mr. Thomas Olickal | Pro-life, National Vice President |
| 71 | Mr. Thankachan Kollakombil | Madya Viruddha Samithi State Vice-President. |
| 72 | Mr. Mathew Joseph, Varampunkal | Teacher's Guild State Secretary |
| 73 | Mr. Jose George Plathottathil | DFC, State Vice-President |
| 74 | Dr. Joseph Thomas | State Vice President, INFAM |
| 75 | Mr. Ebin Kumbuckal | State Treasurer, KCYM |
| 76 | Mrs. Jolly Sebastian Karakkunnel | SVP Society National Joint Secretary |
| 77 | Sr. Jeseentha Sebastian NS | Superior General, Nazarath Sisters |
| 78 | Fr. Thoams Karingada (Cap) | Provincial Superior, OFM (Cap) |
| 79 | Sr. Treasa Palackal SH | Provincial Superior, SH |
| 80 | Sr. Anila Mannoor SABS | Provincial Superior, SABS |
| 81 | Sr. Anjali FCC | Provincial Superior, FCC |
| 82 | Sr. Little Therese CMC | Provincial Superior, CMC |
| 83 | Sr. Ancy Mathew MSMI | Provincial Superior, MSMI |
| 84 | Sr. Pavithra SMS | Provincial Superior, SMS |
| 85 | Sr. Emily SKD | Regional Superior, SKD |
| 86 | Sr. Lia Bastine CHF | Regional Superior, CHF |

**Elected Members**

| | | |
|---|---|---|
| 87 | Fr. Joseph Enacheril | Presbyteral Council Rep. |
| 88 | Fr. John Mundolickal | Presbyteral Council Rep. |
| 89 | Fr. Joseph Kalarickal | Alakode Forane Rep. |
| 90 | Mr. Pious Velamarukudy | „ |
| 91 | Mr. Arun Scaria Cheenothparambil | „ |
| 92 | Mrs.Maya Johny Kannolil | „ |
| 93 | Fr. Xavier Puthenpurackal | Chempanthotty Forane Rep. |
| 94 | Adv. Thankachan Mathew | „ |
| 95 | Mr. Amal Thomas, Kottorvayal | „ |
| 96 | Mrs. Mercy Thayyil,Chempanthotty | Chempanthotty Forane Rep. |
| 97 | Fr. Lazar Varamkath, VJEC, Chemperi | Chemperi Forane Rep. |
| 98 | Mr. Jose Memadam, Chemperi | Chemperi Forane Rep. |
| 99 | Mr. Joel Puthuparambil, | Pottemplavu „ |

| | | |
|---|---|---|
| 100 | Mrs. Sheeba Thekkedath, | Chemperi „ |
| 101 | Fr. Antony Thekkemury | Cherupuzha Forane Rep. |
| 102 | Mr. Baby Mankottil, | Cherupuzha „ |
| 103 | Mr. Sanju Ponnampara, | Thabore „ |
| 104 | Mrs.Anju James, Thaikkal | Pulingome „ |
| 105 | Fr. George kalapura | Edoor Forane Representative |
| 106 | Mr.P.V. Babu Palattikoonathan, | Edoor „ |
| 107 | Mr.Sanil Mathew, Perumalil, | „ |
| 108 | Mrs.Mary George Aduppukallumkal | Velimanam |
| 109 | Fr. George Kalarimuriyil | Kanhangad Forane Rep. |
| 110 | Dantis Mullapally | „ |
| 111 | Jancy Jacob Nellamkuzhyil | „ |
| 112 | Amal Kasaragod | „ |
| 113 | Fr. Thomas Amakkattu | Kunnoth Forane Representative |
| 114 | Mr. Alphons Kalapura, | Kilianthara „ |
| 115 | Mr.Tomy Kalloor | Kilianthara „ |
| 116 | Mrs. Lincy Palakeel, Angadikkadavu | „ |
| 117 | Fr.Mani Melvettam | Marygiri Forane Representative |
| 118 | Mr.George P.A Panthamackal, | Alakode „ |
| 119 | Mr.Kurian Kuzhivelil, | Kariappally |
| 120 | Mrs. Jalaja Joy Vavolil, | Cherupara „ |
| 121 | Fr. George Asarikunnel | Nellickampoil Forane Rep. |
| 122 | Mr. Augustine Vengakkunnel, | Puravayal „ |
| 123 | Mr. Akhil Chalilputhenpurayil, | Ulickal „ |
| 124 | Mrs. Pushpa Mathew, Vellapadathil | Manippara „ |
| 125 | Fr. John Vazhakattu | Paisakary Forane Representative |
| 126 | Mr.Baby Kaniyamattam | Paisakkary „ |
| 127 | Mr. Joel Thottiyil, | Paisakary „ |
| 128 | Mrs. Beena Mulackal | Chandanakampara „ |
| 129 | Fr. Joseph Kottarathil | Panathady Forane Rep. |
| 130 | Mr. Pious Paredam | Paduppu „ |
| 131 | Mr. Kiran Vadakkel | Panathur „ |
| 132 | Mrs. Bindhu Titus | Panathady |
| 133 | Fr. Jacob Nedungattu | Peravoor Forane Representative |
| 134 | Mr. Sunny Pottankal | Peravoor Forane Rep. |
| 135 | Mr. Akhil Antony Edathazhe | Odenthode „ |
| 136 | Mrs. Shanty Pulickakkunnel | Poolakkutty „ |
| 137 | Fr. Joseph Kulathara | Thaliparamba Forane Rep. |
| 138 | Mr. Jose Lukose Mundaplakal | „ |

| | | |
|---|---|---|
| 139 | Mr. Arun Ayyamala, Kannur | Thaliparamba Forane Rep. |
| 140 | Mrs. I.C. Mary, Mundattuchundayil | „ |
| 141 | Fr. George Elavumkunnel | Thomapuram Forane Rep. |
| 142 | Mr. Saji Valloppilly, | Chattamala „ |
| 143 | Mr. Nikki Maliekkal, | Kunnumkai „ |
| 144 | Mrs. Omana Joy Kuriapuzha, | Chittarickal „ |
| 145 | Fr. Kuriakose Kalarickal | Vayattuparamba Forane Rep. |
| 146 | Mr. Sebastain Puthenpura, | Vayattuparamba „ |
| 147 | Mr. Jerald Jacob Kanjirathinkal | „ |
| 148 | Mrs. Dolly Benny Karuvayil, | Vayattuparamba „ |
| 149 | Fr. Jose Thykkunnumpuram | Vellarikundu Forane Rep. |
| 150 | Mr. Zacharias T.S Thekkumkattil, | Bheemanady „ |
| 151 | Mr. Bibin Arackal, | Chully „ |
| 152 | Mrs. Molly Thomas Thunduparambil | Kalichanadukkam „ |
| 153 | Mr. Jaison Joseph, Palattikkoonathan | Nirmalagiri College Staff Rep. |
| 154 | Dr. Manoj .V. Thomas, Kurissinkal | Vimal Jyothy Eng. College Staff Rep. |
| 155 | Mr. Biju Joseph Kuzhiveliparambil, | H S S Principal, Vayattuparamba |
| 156 | Mrs. Sophia Cheriyan Mannoor, | H S Headmistress, Cherupuzha |
| 157 | Mr.Benny Mathew Puthennadayil | U P S Headmaster, Udayagiri, |
| 158 | Mr. Martin Joseph Moonnupeediaka, | L P S Headmaster, Kozhichal, |
| 159 | Mr. Joby John Moolayil | Teacher's Guild |
| 160 | Dr. Rosa M.C Nalolickal | Teacher's Guild |
| 161 | Mr. Sheen Abraham Velikkakath | Chemperi Sunday School Staff Rep. |
| 162 | Mr. Varghese A. J, Anthikadu | Rajapuram Sunday School Staff ,, |
| 163 | Mr. Chackochan Karamayil | Ulickal, A K C C |
| 164 | Mrs. Kunjamma Thonikkuzhi | Thaliparamba, A K C C |
| 165 | Ms. Baby Plassery | Manikkadavu, CML |
| 166 | Mr. Jinto Joseph, Palackathadathil, | Payyavoor, CML |
| 167 | Mr. Antony Melvettom | KCBC Madya Virudha Samithy |
| 168 | Mrs. Shino Sibi Parackal, | Chempanthotty Mukthisree |
| 169 | Mr. Amal K.Joy Konnackal, | Ammamkulam KCYM / SMYM |
| 170 | Ms. Neena Baby Parappallil | Payyavoor KCYM / SYM |
| 171 | Mrs. Marykutty Joseph Azhakath | S F O |
| 172 | Mr. Sojan Kochuparambil | S F O |
| 173 | Mrs. Celine Kalarickal | Mathruvedi |
| 174 | Mrs. Sisamma Francis Pazheparambil | Mathruvedi |
| 175 | Mr. Tomy Thomas Olickal,Vilakkannur | Prolife Movement |
| 176 | Mrs. Sobbi Munjanatt, Manjalampuram | Marian Singles |
| 177 | Mr. Joseph Pullatt | INFAM, |

| | | |
|---|---|---|
| 178 | Mr. Sunny Augustine Thundathil | INFAM |
| 179 | Mr. Babu Joseph Kottarathil | St. Vincent De Paul Society |
| 180 | Mrs. Shymy Jacob, Kanjirathumkal | St. Vincent De Paul Society |
| 181 | Mr. Jose Orathel, Pulingome | Charismatic, |
| 182 | Mr. D.P. Jose, Devasathil, Vayattuparamba | Kudumba Koottayma |
| 183 | Mr. P.T.Jose Pulickal, Pallikkunnu | TSSS |
| 184 | Mr. Raju Kattakaaym | TSSS |
| 185 | Mr. Benny Francis Elanjikkal | Cathedral Parish Council Rep. |
| 186 | Mrs. Siji John, Thalackal | Cathedral Parish Council Rep. |
| 187 | Fr. John Kochupura CST | Men Religious, Priests |
| 188 | Fr. Mathew Kalarickal CMI | Men Religious, Priests |
| 189 | Fr. Thomas Koonan SDB | Men Religious, Priests |
| 190 | Fr. Joice Parappilly VC | Men Religious, |
| 191 | Bro. George Joseph CST | Men Religious, Brothers |
| 192 | Sr. Mary John DST Chemperi | Women Religious |
| 193 | Sr. Susy Jose DPM, Perumpunna | Women Religious |
| 194 | Sr. Lisset SD, Thalasserry | Women Religious |
| 195 | Sr. Marykutty Joseph MMM, | Cherupuzha Women Religious |
| 196 | Sr. Stella Jose DM | Edatt Women Religious |
| 197 | Sr. Rosmi MLF | Chattamala Women Religious |

**Nominated Members**

| | | |
|---|---|---|
| 198 | Fr. Valiaparambil Mathew | Deepika |
| 199 | Sr. Reena Mathew SH | Christuraja Hospital Thokkilangandy |
| 200 | Sr. Dr. Deepa SABS | Josegiri Hospital, Thalassery |
| 201 | Mr. George Thayyil | Deepika, Kannur |
| 202 | Mr. Jacob Padinjath CA | Archeparchial Auditor |
| 203 | Mr. James Mannoor, Vellad | Engineer |
| 204 | Dr. Ousepachan Nalolickal | Principal, Nirmalagiri College, |
| 205 | Dr. P.P Sajimon Palackal, Kasargod | St. Aloysius College, Mangalore |
| 206 | Mr. Sijo Ambattu | Youth Leader |
| 207 | Dr. Joseph Benevan Kanatt | Chember of Commerce |
| 208 | Mr. Mathewkutty Panthaplackal, | Chedikulam |
| 209 | Mr. George Kanatt | Kolayad |
| 210 | Mr. Joshwa Ozhukayil | Vellarikkundu |
| 211 | Mr. Aji Joseph Poomthottathil | Panathur |
| 212 | Adv. John Joseph Thalackal | Thalassery |
| 213 | Mr. Denny Thomas Vattakkunnel | Mandapam |
| 214 | Dr. Joseph Koyippally Kasaragod | Central University, Kasargod |

**Special Invitees**

| | | |
|---|---|---|
| 215 | Mr. Sunny Joseph MLA | MLA, Peravoor |
| 216 | Dr. K. V. Philomina Vettickal | Muncipal Chairperson Sreekandapuram |
| 217 | Adv. Sajeev Joseph | Lay leader |
| 218 | Adv. Sony Sebastian | Market Fed |
| 219 | Adv. Martin George, Kannur | Corporation, Kannur |
| 220 | Mr. Saji Kuttianimattam | Lay leader |
| 221 | Adv. Binoy Thomas Omathadathil | Kisan Maha Sangh |

Given from the Archeparchial curia on 25 th June 2022.

Mar Joseph Pamplany

Archbishop of Thalassery

**അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ ഫൊറോന തലത്തിലുള്ള വൈദികർ, കൈക്കാരന്മാർ, കോഡിനേറ്റർസ് എന്നിവരുടെ സമ്മേളനം**

**JULY**

| No | DATE | TIME | FORANE |
|---|---|---|---|
| 01 | 08 | 10 am - 05 pm | Cherupuzha |
| 02 | 16 | 10 am - 05 pm | Edoor |
| 03 | 18 | 10 am - 05 pm | Kunnoth |
| 04 | 19 | 10 am - 05 pm | Chempanthotty |
| 05 | 21 | 10 am - 05 pm | Nellickampoil |
| 06 | 23 | 10 am - 05 pm | Panathady |
| 07 | 25 | 10 am - 05 pm | Paisakary |
| 08 | 26 | 10 am - 05 pm | Alakode |
| 09 | 30 | 10 am - 05 pm | Peravoor |

NB: 1. സമ്മേളന ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 3.30 മുതൽ 5 മണിവരെ കൈക്കാരന്മാർ, കോഡിനേറ്റേഴ്സ് എന്നിവരും വികാരിമാർക്കൊപ്പം സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്.

2. ഫൊറോന തല സന്ദർശനങ്ങൾ നടക്കുന്നതിനാൽ, അഭിവന്ദ്യ പിതാവിന്റെ അതിരൂപതാ കേന്ദ്രത്തിൽ വച്ചുള്ള സന്ദർശന ദിവസങ്ങൾ പരിമിതമാകയാൽ, ഓരോ ഫൊറോനകൾക്കും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ 5 മണിക്ക് ശേഷം അതാത് ഫൊറോനയിലെ സന്ദർശകർക്ക് സമ്മേളനം നടക്കുന്ന സ്ഥലങ്ങളിൽ അഭിവന്ദ്യ പിതാവിനെ കാണാൻ അവസരമുണ്ടാകും.

3. ഓരോ ഫൊറോനയുടെയും കീഴിലുള്ള ഇടവക പള്ളികളിലെ വികാരിമാരും സഹവികാരിമാരും ഫൊറോനയുടെ കീഴിലുള്ള അതിരൂപതയുടെ സ്ഥാപനങ്ങളിലെ വൈദികരും മാത്രമാണ് ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടത്.

Prot. No. 394/2022

# വിജ്ഞാപനം

**കാഞ്ഞങ്ങാട് ഫൊറോനയിലെ ദൈവജനത്തിന്**
**നമ്മുടെ കർത്താവീശോമിശിഹായിൽ കൃപയും ആശീർവ്വാദവും.**

ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ മേഖലാതല സംഗമമായ എയ്ഞ്ചൽമീറ്റ് 11.05.2022 ന് പനത്തടി മേഖലയിൽ നടന്നു. വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ എയ്ഞ്ചൽസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകുകയും സി.എം. എൽ ബാഡ്ജ്, മാനുവൽ ബുക്ക്, പ്രാർത്ഥനാപുസ്തകം എന്നിവ നൽകി മിഷൻലീഗ് സംഘടനയിലേക്ക് കുഞ്ഞുങ്ങളെ ഔദ്യോഗികമായി സ്വീകരിക്കുകയും ദിവ്യകാരുണ്യ സ്വീകരണ സർട്ടിഫി

ക്കറ്റ് നൽകുകയും ചെയ്തു. എയ്ഞ്ചൽസ് മീറ്റ് മനോഹരമായി ക്രമീക രിച്ച പനത്തടി മേഖലാ ഡയറക്ടർ ബഹു. മൈക്കിൾ മഞ്ഞക്കുന്നേൽ അച്ച നും, ഫൊറോന വികാരിയച്ചനും, വൈസ്ഡയറക്ടർ സിസ്റ്ററിനും, മേഖലാ-ശാഖാ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദിയും അഭി നന്ദനങ്ങളും അറിയിക്കുന്നു.

## 20. ശാഖാ സന്ദർശനങ്ങൾ

ചൂരപ്പടവ്, മുളപ്ര, അറബി, അരവഞ്ചാൽ, ബഡൂർ, ചെറുപുഴ, വിമല ശ്ശേരി, പെരിങ്ങാല, പടിയൂർ, തേർമല, ചെറുപാറ, കാര്യപ്പള്ളി, വെള്ളരിയാ നം, ഉമ്മർപൊയിൽ, താബോർ, എടക്കോം, പെരുമ്പടവ്, നെല്ലിക്കുന്ന്, നടു വിൽ, ചെമ്പന്തൊട്ടി, കോടോപ്പള്ളി, വെണ്ണക്കല്ല് എന്നീ ശാഖകൾ അതിരൂ പതാ ഭാരവാഹികൾ സന്ദർശിച്ചു.

## 21. ജൂബിലി മെഗാക്വിസ് – സംസ്ഥാനതല മത്സരത്തിന് അർഹത നേടിയവർ

- അയോണ തെരേസ് കന്നുതൊട്ടിയിൽ – വിളമന (ജൂനിയർ വിഭാഗം)
- റോസ് മരിയ ചെറുചിലമ്പിൽ – ലിസിഗിരി (സീനിയർ വിഭാഗം)
- അനിത വടക്കൻ – ശ്രീകണ്ഠാപുരം (സൂപ്പർ സീനിയർ വിഭാഗം)

## 22. മേഖലാ വാർത്തകൾ

- 5.6.22 ന് ഞായറാഴ്ച കുന്നോത്ത് മേഖല പ്രവർത്തനവർഷ ഉദ്ഘാട നവും മാർഗ്ഗരേഖാ പ്രകാശനവും, പരിസ്ഥിതി ദിനാചരണവും നടത്തി.
- 5.6.22 ന് ഞായറാഴ്ച നെല്ലിക്കാംപൊയിൽ മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും 19.06.22 ന് ഞായറാഴ്ച മാർഗ്ഗരേഖാ പ്രകാശനവും നടത്തി.
- 11.6.22 ന് ശനിയാഴ്ച മേരിഗിരി മേഖല പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി.
- 11.6.22 ന് ശനിയാഴ്ച ചെമ്പന്തൊട്ടി മേഖല പ്രവർത്തനവർഷ ഉദ്ഘാട നവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി.
- 12.6.22 ന് ഞായറാഴ്ച ആലക്കോട് മേഖല പ്രവർത്തനവർഷ ഉദ്ഘാട നവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി.
- 12.6.22 ന് ഞായറാഴ്ച തോമാപുരം മേഖല പ്രവർത്തനവർഷ ഉദ്ഘാട നവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി.
- 12.6.22 ന് ഞായറാഴ്ച എടൂർ മേഖല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി.
- 18.6.22 ന് ശനിയാഴ്ച പൈസക്കരി മേഖല പ്രവർത്തനവർഷ ഉദ്ഘാട നവും മാർഗ്ഗരേഖാ പ്രകാശനവും നടത്തി.
- 19.6.22 ന് ഞായറാഴ്ച ചെറുപുഴ മേഖല പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി.

## 23. പിതൃദിനാഘോഷം

പിതൃദിനത്തോടനുബന്ധിച്ച് 19.06.22 ന് അതിരൂപതാതല പിതൃദിനാ ഘോഷം വിളമന ശാഖയിൽവച്ച് നടത്തി. പിതൃദിനാഘോഷങ്ങൾക്ക് വേണ്ട

ക്രമീകരണങ്ങൾ ചെയ്ത ശാഖാ ഡയറക്ടർ റവ. ഫാ. ഏലിയാസ് എടുക്കുന്നേൽ അച്ചനും ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## 24. സെമിനാറുകൾ, ക്യാമ്പുകൾ

- 05.05.22 ന് പൈസക്കരി ശാഖയിൽ ഡയറക്ടർ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.
- 12.06.22 ന് ആലക്കോട് മേഖലയിൽ ഡയറക്ടർ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.
- 12.06.22 ന് ചീക്കാട് ശാഖയിൽ ഡയറക്ടർ കുട്ടികൾക്ക് ക്ലാസ്സ് എടുത്തു.
- 12.06.22 ന് ആലക്കോട് മേഖലിൽ ശാഖാ വൈസ് ഡയറക്ടേഴ്സിന് സി. റോഷ്നി ക്ലാസ്സ് എടുത്തു.
- 19.06.22 ന് നെല്ലിക്കാംപൊയിൽ മേഖലാ മാനേജിംഗ് കമ്മറ്റി ഡയറക്ടർ ഉദ്ഘാടനം ചെയ്തു
- 19.06.22 ന് ചെമ്പേരി മേഖലിൽ ശാഖാ വൈസ് ഡയറക്ടേഴ്സിന് ശ്രീ സുനിൽ കല്ലിടുക്കിൽ ക്ലാസ്സ് എടുത്തു.

### യാത്രാമംഗളങ്ങൾ!!!



തനിമയാർന്ന ഫ്രാൻസിസ്ക്കൻ ആദ്ധ്യാത്മികതയിൽ വളർന്ന് ഹൃദ്യമായ വാക്കുകളിലൂടെ, ആദർശപൂർണ്ണമായ ജീവിതത്തിലൂടെ, ത്യാഗനിർഭരമായ ശുശ്രൂഷയിലൂടെ കഴിഞ്ഞ 5 വർഷക്കാലം അതിരൂപതാ മിഷൻലീഗ് – തിരുബാലസഖ്യം സംഘടനകളുടെ വൈസ്ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്ത് സ്ഥലംമാറിപ്പോകുന്ന പ്രിയപ്പെട്ട സി. റോഷ്നി എഫ് സി സിക്ക് അതിരൂപതാ കുടുംബത്തിന്റെ അകമഴിഞ്ഞ നന്ദിയും... യാത്രാമംഗളങ്ങളും...

ആത്മീയ ഉണർവോടെ തീക്ഷ്ണതനിറഞ്ഞ പ്രവർത്തനത്തിലൂടെ, ചടുലവും ആകർഷകവും ഹൃദ്യവുമായ വ്യക്തിത്വത്തിലൂടെ, പ്രേഷിതചൈതന്യം നിറഞ്ഞ പ്രവർത്തനശൈലിയിലൂടെ സംഘടനകളുടെ വളർച്ചയ്ക്കുവേണ്ടി അധ്വാനിച്ച സ്നേഹമുള്ള റോഷ്നി സിസ്റ്ററിന് പുതിയ കർമ്മവീഥികളിൽ എല്ലാവിധ ആശംസകളും പ്രാർത്ഥനാപൂർവ്വം നേരുന്നു...

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഭാരതത്തിന്റെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെയും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെയും തിരുനാൾ ഈ മാസം നാം ആഘോഷിക്കുമ്പോൾ ഈ വിശുദ്ധരുടെ ജീവിത മാതൃക നമുക്കെന്നും പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം ദുക്റാന തിരുനാളിന്റെയും വി. അൽഫോൻസാമ്മയുടെ തിരുനാളിന്റെയും മംഗളങ്ങൾ എല്ലാ കൊച്ചുകൂട്ടുകാർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദുക്റാന |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. തോമാശ്ലീഹ, വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി |
| പ്രാർത്ഥനാനിയോഗം | : പ്രിയപ്പെട്ട മാതാപിതാക്കൾക്കുവേണ്ടി |
| സുകൃതംജപം | : എന്റെ കർത്താവേ, എന്റെ ദൈവമേ |
| വചനം | : അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (വി. യോഹ11:16) |
| *പ്രവൃത്തി* | : വി. തോമാശ്ലീഹാ, വി. അൽഫോൻസാമ്മ, വി. മരിയഗൊരേത്തി എന്നിവരുടെ ജീവചരിത്രം മാതാപിതാക്കളുടെ സഹായത്തോടെ മനസ്സിലാക്കുന്നു. |
| മനഃപാഠമാക്കുക | : പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ 12 |
| എയ്ഞ്ചൽസ് വോയ്സ് | : പ്രസംഗമത്സരം (ആൺകുട്ടികൾക്ക്), സംഗീതം (പെൺകുട്ടികൾക്ക്) |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | |
|---|---|
| 1 വെള്ളി | : ഡോക്ടേഴ്സ് ഡേ |
| 3 ഞായർ | : ദുക്റാന തിരുനാൾ, |
| 6 ബുധൻ | : വി. മരിയാഗൊരേത്തിയുടെ തിരുനാൾ |
| 10 ഞായർ | : അംഗത്വ സ്വീകരണം |
| 16 ശനി | : കർമ്മല മാതാവിന്റെ തിരുനാൾ |
| 28 വ്യാഴം | : വി. അൽഫോൻസാമ്മയുടെ തിരുനാൾ ലോക പ്രകൃതി സംരക്ഷണദിനം, പ്രകൃതി സംരക്ഷണ പ്രതിജ്ഞ |

## 2. പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും മാർഗ്ഗരേഖാ പ്രകാശനവും

തിരുബാലസഖ്യം തലശ്ശേരി അതിരൂപത 2022-2023 പ്രവർത്തന വർഷ

ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ആനിമേറ്റേഴ്സ് മീറ്റിംഗും ജൂൺ 4-ാം തിയതി ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. രാവിലെ 9.15 ന് വി. കുർബാനയ്ക്ക്ശേഷം അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിലിന്റെ അധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി തിരുബാലസഖ്യം മാർഗ്ഗരേഖയുടെ പ്രകാശനകർമ്മം നിർവഹിച്ചു. അതിരൂപതയിലെ എല്ലാ ശാഖകളിലും വിഷമുക്ത പച്ചക്കറിത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ പച്ചക്കറി വിത്ത് പാസ്റ്ററൽ കോഡിനേറ്റർ റവ. ഡോ. ഫിലിപ്പ് കവിയിൽ വിതരണം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ മാർഗ്ഗരേഖാ വിശകലന ക്ലാസ്സിന് നേതൃത്വം നൽകി. സംസ്ഥാന പ്രസിഡന്റ് ശ്രീ ബേബി പ്ലാശ്ശേരി മുഖ്യ പ്രഭാഷണം നടത്തി. തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ, മേഖല പ്രസിഡന്റ് ശ്രീ ബാബുകൊരട്ടിക്കൽ, മേഖലാ വൈസ്ഡയറക്ടർ സി. ജ്യോത്സന എഫ് സി സി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. തളിപ്പറമ്പ് ശാഖയിലെ അബ്രാഹം കൊരട്ടിക്കൽ സംഗീതം ആലപിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ നന്ദിയും പറഞ്ഞു.

## 3. ഈശോയെപ്പോലെ വളരാം... വലുതാകാം...

ഈശോയെപ്പോലെ വളരാം... വലുതാകാം... എന്ന വർക്ക് ബുക്ക് എല്ലാ കൂട്ടുകാരുടെയും കൈകളിൽ എത്തിക്കാണുമല്ലോ. ഇനിയും കിട്ടാത്തവർക്ക് എത്രയും വേഗം എത്തിച്ചുകൊടുക്കുവാൻ ബഹു. ഡയറക്ടർ അച്ചൻമാരും ആനിമേറ്റേഴ്സും സൺഡേസ്കൂൾ ഹെഡ്മാസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ. ഈശോയെപ്പോലെ പിതാവിനോടും റൂഹായോടുമൊപ്പം എന്ന ഒന്നാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോയെ അങ്ങയെപ്പോലെ പിതാവിനോടും റൂഹായോടുമൊപ്പമാകാൻ എന്നേയും അനുഗ്രഹിക്കണമേ എന്ന സുകൃതം നമുക്ക് ആവർത്തിച്ചുചൊല്ലി വിശുദ്ധിയിൽ വളരുവാൻ പരിശ്രമിക്കാം.

## 4. നിറംകൊടുക്കാമോ?

പ്രിയ കൂട്ടുകാരേ, ഈശോയെപ്പോലെ പിതാവിനോടും റൂഹായോടും എന്ന പാഠഭാഗത്തെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം ജൂലൈ 20 ന് മുമ്പ് അതിരൂപതയിലേയ്ക്ക് അയച്ചുതരുമല്ലോ. അയയ്ക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

## 5. നിങ്ങൾക്കറിയാമോ ?

ഈശോയെപ്പോലെ വളരാം വലുതാകാം എന്ന പുസ്തകത്തിലെ ഒന്നാം അദ്ധ്യായത്തിൽ പേജ് 8 ൽ കൊടുത്തിരിക്കുന്നത് സുവിശേഷത്തിലെ ഒരു ഉപമയുടെ ചിത്രമാണ്. സുവിശേഷവും അദ്ധ്യായവും വാക്യവും വ്യക്തമാക്കി ഉപമയ്ക്ക് ഉചിതമായ അടിക്കുറിപ്പ് തയ്യാറാക്കി ഏറ്റവും നല്ല 3 എണ്ണം

ജൂലൈ 20 ന് മുമ്പ് അതിരൂപതയിലേയ്ക്ക് അയച്ചുതരുമല്ലോ. അയയ്ക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനം ഉണ്ടായിരിക്കും.

### 6. പ്രസംഗ മത്സരം

വി. തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം ആൺകുട്ടികൾക്കായി പ്രസംഗമത്സരം നടത്തുന്നു. ശാഖയിൽ ജൂലൈ മാസം മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന പ്രസംഗം വീഡിയോ ആയി അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം മെയിൽ ചെയ്യേണ്ടതാണ്. പ്രസംഗം പറയുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പ്രസംഗം പറയേണ്ട സമയം 3 മിനിറ്റ്. വിഷയം – "**മാർതോമാശ്ലീഹാ എന്റെ വിശ്വാസജീവിതത്തിന് മാതൃക**" പ്രസംഗം പറയുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന email അക്കൗണ്ടിലേക്ക് അയക്കുക. അയക്കേണ്ട അവസാന ദിവസം ജൂലൈ 25. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ്.

### 7. സംഗീത മത്സരം

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം പെൺകുട്ടികൾക്കായി സംഗീതമത്സരം നടത്തപ്പെടുന്നു. ശാഖയിൽ ജൂലൈ മാസം മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന പാട്ട് വീഡിയോ ആയി അതിരൂപതാ ഓഫീസിൽ കിട്ടത്തക്കവിധം മെയിൽ ചെയ്യേണ്ടതാണ്. പാട്ട് പാടുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ഇടവക എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. പാട്ടിന്റെ സമയം പല്ലവി, അനുപല്ലവി, പല്ലവി പാടി അവസാനിപ്പിക്കേണ്ടതാണ്. "വി. അൽഫോൻസാമ്മയെക്കുറിച്ചുള്ള പാട്ട്" ആയിരിക്കണം ആലപിക്കേണ്ടത്. പാട്ട് പാടുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന email അക്കൗണ്ടിലേക്ക് അയക്കുക. മൈക്ക്, കരോക്കെ മറ്റ് മ്യൂസിക്ക് ഉപകരണങ്ങൾ അനുവദനീയമല്ല. അയക്കേണ്ട അവസാന ദിവസം ഓഗസ്റ്റ് 5. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് സമ്മാനം നൽകുന്നതാണ്.

### 8. അംഗത്വസ്വീകരണം

ജൂലൈ 10 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വസ്വീകരണം നടത്തി ജൂലൈ 31 നുള്ളിൽ കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. അംഗത്വ കാർഡിനോടൊപ്പം അതിരൂപതയിൽ നിന്ന് തന്ന അംഗത്വഫോമിൽ കുട്ടികളുടെ പേര്, വീട്ടുപേര്, ജനനത്തിയതി, പിതാവിന്റെ പേര്, കുട്ടിയെ വിളിക്കുന്ന പേര്. അംഗത്വം സ്വീകരിച്ച തീയതി എന്നിവ കൃത്യമായി എഴുതികൊണ്ടു വരാൻ ശ്രദ്ധിക്കുമല്ലോ.

ഉണ്ണീശോ എല്ലാവരെയും അനുഗ്രഹിക്കട്ടെ....

സ്നേഹപൂർവം,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

> "നിന്റെ എല്ലാ പ്രവൃത്തികളും ദൈവവിചാരത്തോടെയാകട്ടെ, അവിടുന്ന് നിനക്ക് വഴിതെളിച്ചുതരും " (സുഭാ: 3/6)

പ്രിയപ്പെട്ട വൈദികരേ, മാതാപിതാക്കളേ, യുവജനങ്ങളേ,

ജൂലൈ 3 സഭാദിനത്തിന്റെ ഒരായിരം മംഗളങ്ങൾ സ്നേഹത്തോടെ നേരുന്നു. ജൂലൈ മാസം യുവജനദിനാഘോഷം നടത്തുന്ന സമയമാണ്. ജൂലൈ മാസം 10-ാം തീയതി യുവജനദിനമായി കൊണ്ടാടുമല്ലോ. ഇടവക യുവജനസംഗമമായ Blooms-നടത്താത്ത ഇടവകകളിൽ പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ. മഴക്കാല കെടുതികൾ വരാതിരിക്കാൻ task force രൂപീകരിച്ച് കരുതിയിരിക്കുമല്ലോ.

### യുവജനദിനാഘോഷം (മേരിഗിരി ജൂലൈ 9)

ജൂലൈ 10-ാം തീയതി യുവജനദിനമായി എല്ലാ യൂണിറ്റിലും നടത്തുമല്ലോ. അതിരൂപതാതലത്തിൽ യുവജനദിനാഘോഷം മേരിഗിരി ഫൊറോനയിൽ ജൂലൈ 9-ാം തീയതി നടത്തപ്പെടുന്നു. എല്ലാവരെയും മേരിഗിരിയിലേക്ക് സ്വാഗതം ചെയ്യുന്നു.

### അംഗത്വമാസാചാരണം (ജൂൺ 7- ജൂലൈ 11)

കെസിവൈഎം, എസ്എംവൈഎം-ന്റെ പുതിയ അംഗങ്ങളെ ചേർക്കുന്ന അംഗത്വമാസാചരണം ജൂൺ 7 മുതൽ ജൂലൈ 11 വരെ നടത്തപ്പെടുകയാണ്. ജൂൺ മാസം 30 തീയതിക്കുള്ളിൽ google form പൂരിപ്പിച്ച് അംഗത്വം നടത്തുമല്ലോ. ഇടവക അംഗത്വഫീസ് ഭാരവാഹികളെ ഏൽപിക്കുകയും ചെയ്യുമല്ലോ.

**യൂണിറ്റ്, ഫൊറോന ഇലക്ഷൻ :** പുതിയ പ്രവർത്തനവർഷത്തേയ്ക്കുള്ള യൂണിറ്റ്, ഫൊറോന ഭാരവാഹികളെ തിരഞ്ഞെടുക്കേണ്ട സമയമായിരിക്കുകയാണ്. ജൂലൈ 11 ന് ഉള്ളിൽ യൂണിറ്റ് ഇലക്ഷൻ നടത്തി യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ പേരുകൾ ഫൊറോനയിലും രൂപതയിലും അറിയിക്കുമല്ലോ. ജൂലൈ 17നുള്ളിൽ ഫൊറോനതലത്തിൽ പുതിയ എക്സിക്യൂട്ടീവ് അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടണം. ഫൊറോന ഡയറക്ടറച്ചന്മാരും വികാരിയച്ചന്മാരും ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് ഇലക്ഷൻ വിഞ്ജാപനം ശ്രദ്ധിക്കുമല്ലോ.

**യൂണിറ്റ് ആനിമേറ്റർ, ലേ ആനിമേറ്റർ :** യുവജനസംഘടനയുടെ സഹായത്തിനായി ഇടവകയിലെ ഒരു സിസ്റ്ററിനെയും ഒരു അത്മായനെയും ആനി

മേറ്റേഴ്സായി വയ്ക്കുകയും അവരുടെ പേരുകൾ രൂപതയിൽ അറിയിക്കുകയും ചെയ്യുമല്ലോ. സിസ്റ്റേഴ്സ് ഇല്ലാത്ത ഇടവകകളിൽ മതാധ്യാപകരിൽ ഒരു ടീച്ചറിനെ ചുമതലപ്പെടുത്തുമല്ലോ.

## തിര 2K21 തീരദേശ പഠനക്യാമ്പ്

അതിരൂപതാ കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ തളിപ്പറമ്പ് ഫൊറോനയുടെ ആതിഥേയത്വത്തിൽ തീരദേശപഠനക്യാമ്പ് പഴയങ്ങാടി ചുട്ടാട് ബീച്ചിൽ വച്ച് നടത്തപ്പെട്ടു. നൂറോളം യുവജനങ്ങൾ പങ്കെടുത്ത ക്യാമ്പിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ശ്രീ. ബിജു കണ്ണൂർ, സന്തോഷകരമായ ജീവിതശൈലിയെക്കുറിച്ച് ഫാ. സന്തോഷ് കരിങ്ങട തുടങ്ങിയവർ ക്ലാസ്സുകളെടുത്തു.

തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യുകയും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തു. ആതിഥേയത്വം വഹിച്ച് നേതൃത്വം കൊടുത്ത തളിപ്പറമ്പ് ഫൊറോന ഡയറക്ടർ ഫാ. വിപിൻ വലിയനിരപ്പേൽ, പ്രസിഡന്റ് ആദർശ് മറ്റ് ഫൊറോന ഭാരവാഹികൾ അതിരൂപതാ സമിതി അംഗങ്ങൾ എല്ലാവർക്കും അഭിനന്ദനങ്ങൾ.

**സ്നേഹാദരം:** തലശ്ശേരി അതിരൂപതയുടെ പുതിയ വികാരി ജനറാളും കെസിവൈഎം ചാർജ് വഹിക്കുന്ന മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയച്ചനെ പൊന്നാടയണിയിച്ച് ആദരം അറിയിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

**ജപമാല റാലി :** മതവിദ്വേഷത്തിന്റെയും വർഗ്ഗീയതയുടെയും സാമൂഹ്യ സഹചര്യത്തിൽ ലോകസമാധാനത്തിനായി പഴങ്ങാടി കടൽതീരത്ത് യുവജനങ്ങൾ ജപമാല റാലി നടത്തി. അതിരൂപത ആനിമേറ്റർ സി. പ്രീതി മരിയ ജപമാല റാലിക്ക് നേതൃത്വം കൊടുത്തു.

## മീഡിയ വർക്ക്ഷോപ്പ്

അതിരൂപതാ കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ മീഡിയ വർക്ക്ഷോപ്പ് ട്രെയിനിംഗ് നടത്തി. ഓൺലൈനിൽ നടത്തിയ വർക്ക്ഷോപ്പ് എടൂർ ഫൊറോന പ്രസിഡന്റ് ശ്രീ. റോണിറ്റ് നേതൃത്വം കൊടുത്തു. സമൂഹ്യ മാധ്യമരംഗത്ത് പോസ്റ്ററുകൾ വഴി ആശയങ്ങൾ അവതരിപ്പിക്കുന്നതിനും മറ്റ് നൂതന മാർഗങ്ങളും ചർച്ച ചെയ്യപ്പെട്ടു. നൂറോളം യുവജനങ്ങൾ പങ്കെടത്തു.

## നൈജീരിയയിലെ സഹോദരർക്ക് പ്രണാമം

വിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വഹിച്ച നൈജീരിയയിലെ ക്രൈസ്തവർക്ക് യുവജനങ്ങൾ ആദരാഞ്ജലികൾ അർപ്പിച്ചു. തീവ്രവാദത്തിന്റെയും കലഹത്തിന്റെ ദുഷ്ശക്തികൾക്കെതിരെ മെയ് 23-ന് കരുണ കൊന്ത ചൊല്ലി യുവജനങ്ങൾ പ്രാർത്ഥിച്ചു. കുന്നോത്ത് ഫൊറോനയുടെ നേതൃത്വത്തിൽ അങ്ങാടിക്കടവിൽ തിരികൾ തെളിച്ച് യുവജനങ്ങൾ ആദരാഞ്ജലിയർപ്പിച്ചു.

**ആൽഫ്രഡ് ഒ. വിക്ക് ആദരം :** സിവിൽ സർവ്വീസ് പരീക്ഷയിൽ 57-ാം റാങ്ക് നേടി, മലയോരത്തിന്റെ അഭിമാനമായി മാറിയ ആൽഫ്രഡിനെ അതിരൂപത കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ ആശംസകളറിയിച്ച് ആദരിച്ചു.

**തിരുവനന്തപുരം സെക്രട്ടറിയേറ്റ് ധർണ**

കേന്ദ്ര കേരള സർക്കാരുകളുടെ ജനദ്രോഹനയത്തിനെതിരെ തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ ഉപവാസസമരവും പ്രതിഷേധ ധർണയും നടത്തപ്പെട്ടു. അതിരൂപത പ്രസിഡന്റ് ശ്രീ. ജോയേൽ, ഡയറക്ടർ ഫാ. ജിൻസ്, യുവജനനേതാക്കളായ സംസ്ഥാന സെക്രട്ടറി, ഷിജോ, സോജോ, അഖിൽ, വിപിൻ, റോണിറ്റ്, ആദർശ് തുടങ്ങിയവർ നേതൃത്വം കൊടുത്തു. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ നടന്ന ധർണയിൽ നൂറുകണക്കിന് യുവജനങ്ങൾ പങ്കെടുത്തു.

**സൗജന്യനേത്രപരിശോധനാ ക്യാമ്പ് :** കെസിവൈഎം എടൂർ ഫൊറോനയുടെ നേതൃത്വത്തിൽ സൗജന്യ നേത്രപരിശോധനയും രോഗനിർണ്ണയ ക്യാമ്പും ഉരുപ്പുംകുറ്റിയിൽവച്ച് നടത്തപ്പെട്ടു.

**ബഫർസോൺ (സമര സന്നാഹ ബൈക്ക് റാലി)**

കാർഷിക മേഖലകൾ ബഫർസോണുകളായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള സുപ്രീംകോടതിയുടെ വിധിക്കെതിരെ, നിലപാടുകളറിയിച്ച് നടത്തുന്ന പ്രതിഷേധ റാലി ഇരിട്ടിയിൽ വച്ച് നടന്നു. ഈ റാലിക്ക് മുന്നൊരുക്കമായി സമര സന്നാഹ ബൈക്ക് റാലി നടത്തി. അതിരൂപതാ കെസിവൈഎം പൈസക്കരി ഫൊറോനാപള്ളിയിൽ വച്ച് നടന്ന റാലി ഫൊറോന വികാരി ഫാ. നോബിൾ ഓണംകുളം ഉദ്ഘാടനം ചെയ്തു. ഇരിക്കൂർ എം. എൽ.എ. സജീവ് ജോസഫ് ഫ്ളാഗ് ഓഫ് ചെയ്തു. രൂപതാ പ്രസിഡന്റ് ജോയേൽ, ഫൊറോന യൂണിറ്റ് പ്രസിഡന്റുമാരായ ശ്രീ. ജിതിൻ, ശ്രീ. ജിനു തുടങ്ങിയവർ നേതൃത്വം കൊടുത്തു.

**ബഹുജന പ്രക്ഷോഭവും റാലിയും :** ബഫർസോൺ പ്രഖ്യാപനത്തിനെതിരെ ഇരിട്ടിയിൽ നടന്ന ബഹുജന പ്രക്ഷോഭത്തിനും റാലിക്കും ഐക്യദാർഢ്യം അറിയിച്ച് അതിരൂപത കെസിവൈഎം രംഗത്ത്. രൂപതാ പ്രസിഡന്റ് ജോയേൽ, ഡയറക്ടർ ജിൻസച്ചൻ മറ്റ് യുവജനങ്ങൾ എന്നിവർ നേതൃത്വവും കൊടുത്തു. ഇരിട്ടി മേഖലയിലെ നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**യുവജന സെനറ്റ് മീറ്റ് – മേരിഗിരി :** മേരിഗിരി കെസിവൈഎമ്മിന്റെ പ്രത്യേക സെനറ്റ് സമ്മേളനം മേരിഗിരി ഫൊറോന ദൈവാലയത്തിൽ ഫൊറോന വികാരി പെരിയ ബഹു. ജോയി മഠത്തിമ്യാലിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. ജൂലൈ 9-ന് നടക്കുന്ന യുവജനദിനാഘോഷത്തെക്കുറിച്ച് ചർച്ച നടത്തി.

**BLOOMS – ചെറുപുഴ :** ഇടവകതല യുവജന സംഗമമായ Blooms 22 ചെറുപുഴ ഫൊറോനതല ഉദ്ഘാടനം ചൂരപ്പടവ് ഇടവകയിൽ അഭിവന്ദ്യ ജോസഫ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഫൊറോന പ്രസിഡന്റ് നിധിൻ

ഐസക്, ഡയറക്ടർ ഫാ. സിബിൻ വെട്ടിയാനിക്കൽ ചൂരപ്പടവ് വികാരിയച്ചൻ യുവജനനേതാക്കൾ പങ്കെടുത്തു. ഫാ. അഖിൽ മുക്കുഴി ക്ലാസ്സുകൾ നയിച്ചു.

**Exam Preparation Seminar** : വായാട്ടുപറമ്പ് കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ പ്ലസ് വൺ പരീക്ഷക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കായി സൗജന്യ പരീക്ഷ ഒരുക്ക സെമിനാർ നടത്തി. നേതൃത്വം കൊടുത്ത ഫൊറോനയ്ക്ക് അഭിനന്ദനങ്ങൾ.

**നൈറ്റ് വിജിൽ (ELYSIAN)** : നെല്ലിക്കാംപൊയിൽ ഫൊറോനയുടെ നേതൃത്വത്തിൽ നടക്കുന്ന ELYSIAN നൈറ്റ് വിജിൽ മണിക്കടവ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. അതിരൂപത ഡയറക്ടർ ഫാ. ജിൻസ് ക്ലാസ്സുകൾക്കും ആരാധനക്കും നേതൃത്വം നല്കി. നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

## World Blood Doner day Mega Data Collection

രക്തദാനം ചെയ്യുവാൻ താത്പര്യമുള്ളവരുടെ മെഗാ ഡേറ്റാ കളക്ഷൻ നടത്തി. ചെമ്പന്തൊട്ടി കെസിവൈഎമ്മിന്റെ നേതൃത്വത്തിലാണ് അതിരൂപതയിലെ മുഴുവൻ യൂണിറ്റുകളെയും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കുന്നത്.

## ആദരാഞ്ജലികൾ

പഠനയാത്രയ്ക്കിടെ കടൽതിരയിൽപെട്ട് മരണമടഞ്ഞ ചെറുപാറ യൂണിറ്റിലെ പുല്ലാനിക്കാവിൽ ഷാജി മകൻ നിർമ്മൽ ഷാജി നിര്യാതനായി. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ റീത്ത് സമർപ്പിച്ച് പ്രാർത്ഥിച്ചു. അതിരൂപത യുവജന കുടുംബത്തിന്റെ കണ്ണീരിൽ കുതിർന്ന ആദരാഞ്ജലികൾ.

**സ്വാഗതവും നന്ദിയും** : തോമാപുരം ഫൊറോനയുടെ ഡയറക്ടറായി നിയമിതനായിരിക്കുന്ന ജോൺസൺ പടിഞ്ഞാറയിലച്ചനും, ചെമ്പേരി ഫൊറോന ഡയറക്ടർ വിപിൻ ആനചാരിയിലച്ചനും, എടൂർ ഫൊറോന ഡയറക്ടർ ബിബിൻ ഇലഞ്ഞിപ്പറമ്പിൽ അച്ചനും സ്വാഗതവും ഇതുവരെ തോമാപുരം ഫൊറോനയുടെ ഡയറക്ടറായിരുന്ന ജോജി കുന്നേലച്ചന് ഹൃദയംഗമമായ നന്ദിയും അറിയിക്കുന്നു.

## മെമ്പർഷിപ്പ് ക്യാമ്പെയിൻ ഉദ്ഘാടനം

പുതിയ അംഗങ്ങളെ ചേർത്തുകൊണ്ടുള്ള മെമ്പർഷിപ്പ് ക്യാമ്പെയിൻ ആലക്കോട് ഫൊറോനാപള്ളിയിൽ വച്ച് ഫൊറോന വികാരി ഫാ. മാണി ആട്ടേൽ ഉദ്ഘാടനം ചെയ്തു. നേതൃത്വം കൊടുത്ത അതിരൂപതാ ഭാരവാഹികൾക്കും ആതിഥേയത്വം വഹിച്ച ആലക്കോട് ഫൊറോനയ്ക്കും നന്ദി.

**പരിസ്ഥിതി ദിനാചരണം** : ജൂൺ 12 പരിസ്ഥിതി ദിനമായി ആചരിച്ചു കെസിവൈഎം തലശ്ശേരി. ആലക്കോട് വച്ച് നടന്ന സംഗമത്തിൽ വൃക്ഷത്തൈകൾ വിതരണം ചെയ്തുകൊണ്ട് ആലക്കോട് ഫൊറോനാ ഡയറക്ടർ ഫാ. റിമൽ ഉദ്ഘാടനം ചെയ്തു. പരിസ്ഥിതിയോട് ചേർന്ന് നാടൻ തേക്കിൻ തൈകൾ നൽകിയാണ് ആഘോഷിച്ചത്.

**സ്നേഹപ്പൊതി** : ആലക്കോട് യൂണിറ്റിന്റെ നേതൃത്വത്തിൽ താബോർ ആതുരാലയത്തിൽ സ്നേഹപ്പൊതി നല്കി. അതിരൂപതാ ഫൊറോന ഭാര

വാഹികൾ ഉൾപ്പടെ  അമ്പതോളം പേരെ പങ്കെടുപ്പിച്ചുകൊണ്ട് താബോർ ആതുരാലയത്തിലെ പ്രിയപ്പെട്ടവർക്ക് ഉച്ചഭക്ഷണം നല്കി.

## ഇലക്ഷൻ വിജ്ഞാപനം (2022, 2023)

കെസിവൈഎം, എസ്എംവൈഎം യുവജന പ്രസ്ഥാനത്തെ 2022-2023 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്തരായ പുതിയ നേതൃത്വനിരയെ യൂണിറ്റുതലത്തിൽ ജൂൺ 15 മുതൽ  ജൂലൈ 15 വരെയും തിരഞ്ഞെടുക്കേണ്ടതാണ്. ഫൊറോനയിൽ തിരഞ്ഞെടുക്കുന്ന ഭാരവാഹികളുടെ ലിസ്റ്റ് ആഗസ്റ്റ് 14-ാം തീയതിക്കുള്ളിൽ അതിരൂപതയിൽ നിന്നു നൽകുന്ന ഫോമിൽ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടെ തലശ്ശേരി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

ജൂലൈ 30നു മുൻപ് യൂണിറ്റുകളുടെ അഫിലിയേഷൻ പൂർത്തിയാക്കണം. യൂണിറ്റ് അഫിലിയേഷൻ ഫീസ് യൂണിറ്റ് പ്രസിഡന്റ് വഴി ഫൊറോന പ്രസിഡന്റ് ഏൽപ്പിക്കണം. അതിരൂപതാ ഓഫീസിൽ നൽകിയിരിക്കുന്ന അഫിലിയേഷൻ ലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമെ ഇലക്ഷനിലും മത്സരങ്ങളിലും പങ്കെടുക്കാൻ സാധിക്കുകയുള്ളു. ഐഡി കാർഡ് നിർബന്ധമായിരിക്കും. തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികൾക്ക് ഐഡി കാർഡ് ആഗസ്റ്റ് 21-ാം തീയതി വരെ അതിരൂപതാ ഓഫീസിൽ നിന്നും  ലഭിക്കുന്നതാണ്. ഇടവകാ തലത്തിൽ ഡയറക്ടറും, സിസ്റ്റർ ആനിമേറ്ററും, അത്മായ ആനിമേറ്ററും കൂടാതെ 18 നും 35 നും ഇടയിൽ പ്രായമുള്ള 7 പേരെയാണ് തെരഞ്ഞെടുക്കേണ്ടത്. ആഗസ്റ്റ് 14 ന് ശേഷം വരുന്ന ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ സെനറ്റിൽ പങ്കെടുപ്പിക്കാൻ സാധിക്കില്ല.

### യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ

**ഡയറക്ടർ, ആനിമേറ്റർ, അത്മായ ആനിമേറ്റർ**
**പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി**
**സെക്രട്ടറി, ട്രഷറർ, രണ്ട് കൗൺസിലർമാർ (1 യുവതി, 1 യുവാവ്)**

എന്നിവർ അടങ്ങുന്ന 10 പേരാണ് ഇടവകാ സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതീ യുവാക്കന്മാർക്ക് ഏത് ഭാരവാഹിത്വത്തിലേക്കും തെരഞ്ഞെടുക്കപ്പെടാവുന്നതാണ്. എന്നാൽ 3 പേരെങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികളായിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഇറപ്പുവരുത്തേണ്ടതാണ്. ഫൊറോന തലത്തിൽ ഡയറക്ടറും ആനിമേറ്റേഴ്സും ഉൾപ്പെടെ 12 അംഗങ്ങളായിരിക്കും ഫൊറോന എക്സിക്യുട്ടീവിൽ ഉണ്ടായിരിക്കുക.

### ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ

**ഡയറക്ടർ, ആനിമേറ്റർ, അത്മായ ആനിമേറ്റർ**
**പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ഡപ്യൂട്ടി പ്രസിഡന്റ്**
**ജനറൽ സെക്രട്ടറി, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി**
**ട്രഷറർ, രണ്ട് കൗൺസിലർമാർ (1 യുവതി, 1 യുവാവ്)**

എന്നിവരായിരിക്കും ഫൊറോന ഭാരവാഹികൾ. സമിതിയിൽ 3 പേർ നിർബന്ധമായും  യുവതികളായിരിക്കണം.

**തെരഞ്ഞെടുപ്പു സംബന്ധമായ ചില നിർദ്ദേശങ്ങൾ**

1. യൂണിറ്റ് ഫൊറോന തലങ്ങളിൽ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെടുന്നവർ മുൻകാല കെസിവൈഎം പ്രവർത്തനപരിചയം ഉള്ളവർ ആയിരിക്കണം.
2. അതാതു വർഷം യൂണിറ്റിൽ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടുന്നവർക്ക് മാത്രമേ ഫൊറോന ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെടാൻ അവകാശമുള്ളു.
3. ഫൊറോന തലത്തിൽ അതാതു വർഷം തിരഞ്ഞെടുക്കപ്പെട്ടവർക്കു മാത്രമേ രൂപതാ തലത്തിൽ മത്സരിക്കാൻ അവകാശമുള്ളു.
4. നിലവിലുള്ള ഭാരവാഹികൾക്ക് അടുത്ത തിരഞ്ഞെടുപ്പു കഴിഞ്ഞ് പുതിയ ഭാരവാഹികൾ സ്ഥാനം ഏല്ക്കുന്നതുവരെ തല്സ്ഥാനങ്ങളിൽ തുടരാവുന്നതാണ്.
5. അതിരൂപത ഭാരവാഹിത്വത്തിലേക്ക് മത്സരിക്കുന്നവർ അതാതു വർഷത്തെ തിരഞ്ഞെടുക്കപ്പെട്ട സെനറ്റ് അംഗങ്ങളായിരിക്കണം. (അതിരൂപതാ സിൻഡിക്കേറ്റ്, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ, അതിരൂപതാ ഭാരവാഹികളായ പ്രസിഡന്റ്, വൈസ് പ്രസിഡന്റുമാർ, ഡപ്യൂട്ടി പ്രസിഡന്റ്, ജനറൽ സെക്രട്ടറി, സെക്രട്ടറിമാർ, ഖജാൻജി, കൗൺസിലർമാർ എന്നിവർ അടങ്ങുന്നതാണ് അതിരൂപതാ സെനറ്റ്)
6. അതിരൂപത ഭാരവാഹികളായി മത്സരിക്കുന്നവർക്ക് 2 രൂപത സെനറ്റിൽ പങ്കെടുത്ത പരിചയം ഉണ്ടായിരിക്കണം.
7. ഫൊറോനയിൽ നിന്നും വരുന്ന കൗൺസിലർമാർ ഉൾപ്പെടെയുള്ള 9 ഫൊറോന ഭാരവാഹികൾക്കും അതിരൂപതാ ഇലക്ഷൻ മാനദണ്ഡങ്ങൾ അനുസരിച്ച് മത്സരിക്കാവുന്നതാണ്.
8. കൗൺസിലർമാരിൽ ഒരാൾ യുവതിയും ഒരാൾ യുവാവും ആയിരിക്കണം. ഇവർക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. ഇവർ ഒരു വർഷമെങ്കിലും അതിരൂപതാ ഭാരവാഹിത്വം വഹിച്ചവരായിരിക്കണം. കൗൺസിലർ പോസ്റ്റിലേക്ക് മാനദണ്ഡങ്ങൾ അനുസരിച്ച് മുൻകാല ഭാരവാഹികളായ യുവതികൾ ഇല്ലത്തപക്ഷം സെനറ്റ് പരിചയമുള്ള യുവതികൾക്ക് മത്സരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതായിരിക്കും.
9. അതിരൂപതയിൽനിന്നുള്ള സംസ്ഥാന അംഗം, സംസ്ഥാന ഭാരവാഹിയായി തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ സംസ്ഥാന ഭാരവാഹിത്വ കാലാവധി തീരുമ്പോൾ അതിരൂപതാ ഭാരവാഹിത്വം നഷ്ടപ്പെടുന്നതായിരിക്കും.
10. തുടർച്ചയായി രണ്ടു പ്രാവശ്യം അതിരൂപത ഭാരവാഹിയായി തുടർന്ന ഒരാൾക്ക് ഒരു വർഷത്തെ ഇടവേളയ്ക്കുശേഷമേ വീണ്ടും മത്സരിക്കാൻ അവകാശമുള്ളു.
11. അഫീലിയേഷൻ, മറ്റ് കുടിശ്ശികകൾ എന്നിവ അടച്ചു തീർക്കുന്ന ഇടവകകളിൽ നിന്നുള്ള യുവജനങ്ങൾക്ക് മാത്രമേ ഇലക്ഷനിൽ മത്സരിക്കാൻ അവകാശം ഉണ്ടായിരിക്കുകയുള്ളു.

12. സംഘടനയുടെ ഏതെങ്കിലും തലത്തിൽ ഭാരവാഹി/അംഗം ശിക്ഷണ നടപടിക്ക് വിധേയമായാൽ അയാൾക്ക് 3 വർഷത്തേക്ക് യൂണിറ്റ്, ഫൊറോന, അതിരൂപതാ തലത്തിൽ ഭാരവാഹിയായിരിക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.
13. അതിരൂപതാ ഭാരവാഹികളായി ഒന്നിലധികം പേർ ഒരു ഫൊറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുവാൻ അവകാശം ഉണ്ടായിരിക്കുന്നതല്ല.
14. മേൽപ്പറഞ്ഞ യോഗ്യതയുള്ള മത്സരാർത്ഥികൾ ഇല്ലാതെ വന്നാൽ യുക്തമായ തീരുമാനമെടുക്കുവാൻ സെനറ്റിന് അധികാരം ഉണ്ടായിരിക്കും.

സെനറ്റിൽ നിന്നും തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ (പുരുഷൻ, വനിത) അതിരൂപത കൗൺസിലർ എന്ന് അറിയപ്പെടും. സംസ്ഥാന പ്രതിനിധികളായി അതിരൂപതയിൽ നിന്നും പോകേണ്ട ഭാരവാഹികളെ അതാത് വർഷം വരുന്ന അതിരൂപതാ സമിതി തെരഞ്ഞെടുക്കും. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുമ്പോൾ ഒരു ഫൊറോനയിൽ നിന്നും ഒരു പ്രതിനിധി മാത്രമേ ഉണ്ടാകാൻ പാടുള്ളു.

## Ex-officio

Ex-officio അംഗങ്ങൾ സെനറ്റിൽ ക്ഷണിക്കപ്പെട്ട അതിഥികൾ മാത്രമായിരിക്കും. അവർക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാനും, വോട്ട് ചെയ്യുവാനും അവകാശം ഉണ്ടായിരിക്കുന്നതല്ല.

**പ്രായപരിധി :** പ്രായപരിധി മറ്റൊരു നിർദ്ദേശം മേൽഘടകങ്ങളിൽനിന്നും ഉണ്ടാകുന്നതുവരെ 35 വയസ്സ് ആയിത്തന്നെ തുടരുന്നതായിരിക്കും. ഒരു അംഗം ഏതെങ്കിലും തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ 35 വയസ്സ് ആയിരിക്കുകയും ആ പ്രവർത്തനവർഷം പൂർത്തിയാകുന്നതിനുമുമ്പ് 36 വയസ്സാകുകയും ചെയ്താൽ അദ്ദേഹത്തിന് തൽസ്ഥാനത്ത് പ്രവർത്തന വർഷം പൂർത്തിയാകുംവരെ തുടരുവാൻ അവകാശമുണ്ടായിരിക്കും.

**എക്സ്പ്ലോറ 2 k22 :** 2022-2023 പ്രവർത്തന വർഷത്തേക്കുള്ള കെസിവൈഎം, എസ്എംവൈഎം അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിന് എക്സ്പ്ലോറ 2k22 ആഗസ്റ്റ് 27, 28 തീയതികളിൽ നടത്തുവാൻ തീരുമാനിച്ചു. 16 ഫൊറോനകളിൽനിന്നുള്ള ഫൊറോന ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. എക്സ്പ്ലോറ ഇലക്ഷൻ സെനറ്റിൽ ആദ്യവസാനം വരെ പങ്കെടുക്കുന്നവർക്ക് മാത്രമെ ഇലക്ഷൻ തെരഞ്ഞെടുക്കപ്പെടുവാനും വോട്ടുചെയ്യുവാനും അവകാശം ഉണ്ടായിരിക്കുകയുള്ളു. മത്സരാർത്ഥികൾ അംഗത്വ കാർഡും, ഇടവക വികാരി, ഫൊറോന ഡയറക്ടർ എന്നിവരുടെ **ശുപാർശകത്തും** കൊണ്ടുവരേണ്ടതാണ്.

സ്നേഹപൂർവം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I) 1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

### 2. Offline MPC Classes

2022 ജൂൺ മാസം മുതൽ ഓഫ്‌ലൈനായി എം.പി.സി കോഴ്സുകൾ ക്രമീകരിച്ചിരിക്കുകയാണ്. മൂന്നുദിവസത്തെ താമസിച്ചുള്ള കോഴ്സുകൾ പടന്നക്കാട്, തലശ്ശേരി സെന്ററുകളിൽ വച്ചു നടത്തുന്നു. കോഴ്സ് ഡേറ്റുകൾ താഴെ കൊടുത്തിരിക്കുന്നു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് വെബ്സൈറ്റിൽ (www.familytly.com) അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും കോഴ്സ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

| MPC 2022 | | |
|---|---|---|
| August | 18 - 20 | (Thursday, Saturday) Thalassery |
| September | 22 - 24 | (Thursday, Saturday) Padannakkad |
| November | 03 - 05 | (Thursday, Saturday) Thalassery |

### Time Schedule :

കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി സമാപിക്കുന്നു.

- കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സി യുടെ ഫീസ് 1250 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 650 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 600 രൂപ കൊണ്ടുവരേണ്ടതാണ്.
- Online Registration നടത്തുമ്പോൾ ഫീസ് ബാങ്കിൽ അടക്കുന്നവർ Bank Transfer Receipt അപേക്ഷാഫോമിനൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
- രജിസ്ട്രേഷൻ ഫീസ് Rs/650 അടക്കാനുള്ള Bank Details
  A/c No : 0078053000073775,
  Name : Director, Family Apostolate,
  IFSC Code : SIBL0000078,
  South Indian Bank, Thalassery Branch
- രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭി

ക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ട താണ്. Ph: 8078122191, 9400206974

- ഇടവകാ ഗ്രൂപ്പുകളിൽ എം.പി.സി. രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

## 2. Prolife Marriage Bureau

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ. പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി. ഫീ 500 രൂപ നാല് മാസത്തേക്ക്.

Web site: www.prolifemarry.com Contact No : 6235445544.

## III. മാതൃവേദി

1. **തൂവാനീസ നിയോഗം -** ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് തിരുസഭാ അധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കാം.

2. **യൂണിറ്റ്തല പ്രവർത്തനം** - ഈ മാസത്തെ യൂണിറ്റ്തല പ്രവർത്തനം - മഴക്കാല രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് നടത്തുക.

3. **ഓൺലൈഫ് മീഡിയ പ്രോഗ്രാമുകൾ നൽകേണ്ട മേഖല** - പേരാവൂർ മേഖല

4. **മാതൃവേദി പ്രവർത്തന പദ്ധതി - ജൂലൈ 2022**

ജൂലൈ 3 - ദുക്റാന തിരുനാൾ, വി. തോമാശ്ലീഹ - സഭാദിനം
4 - പോസ്റ്റർ നിർമ്മാണ മത്സരം -
വിഷയം : എന്റെ സഭ, എന്റെ അമ്മ
6 - വി. മരിയ ഗൊരേത്തി
15 - മാതൃസ്പർശം
പഠനസഹായം ലിസ്റ്റ് നൽകാനുള്ള അവസാന തീയതി
16 - കർമ്മല മാതാവ്
24 - 12 ശ്ലീഹന്മാരുടെ തിരുനാൾ
25 - വി. യാക്കോബ്
26 - വി. യൊവാക്കീമും അന്നയും
28 - വി. അൽഫോൻസ
31 - വി. ഇഗ്നേഷ്യസ് ലയോള

## 5. അതിരൂപതാ ജനറൽ ബോഡി മീറ്റിംഗ് – തളിപ്പറമ്പ്

തലശ്ശേരി അതിരൂപതാ മാതൃവേദിയുടെ ജനറൽബോഡി യോഗവും പ്രവർത്തനവർഷ ഉദ്ഘാടനവും ജൂൺ 2–ാം തീയതി തളിപ്പറമ്പ് സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് രാവിലെ 10 മണിക്ക് നടക്കുകയുണ്ടായി. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതമാശംസിച്ച ചടങ്ങ് അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതാ മാതൃവേദി പ്രസിഡണ്ട് ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി മാതൃവേദി മാർഗ്ഗരേഖ പ്രകാശനം നടത്തി. തുടർന്ന് വികാരി ജനറാൾ അച്ചനെ തളിപ്പറമ്പ് ഫൊറോന വികാരി ഫാ. മാത്യു വേങ്ങക്കുന്നേൽ പൊന്നാടയണിയിച്ച് ആദരിച്ചു. ചടങ്ങിൽ മികച്ച ഒന്നും, രണ്ടും, മൂന്നും സ്ഥാനം നേടിയ മേഖല – യൂണിറ്റുകൾക്കുള്ള ട്രോഫിയും സർട്ടിഫിക്കറ്റും പിതാവ് വിതരണം ചെയ്തു. അഭിവന്ദ്യ പിതാവിനായുള്ള ആദരവായി ഓരോ മേഖലാ പ്രസിഡണ്ടുമാരും ഒരു മേഖലയിൽ നിന്നും 3000 രൂപ വച്ച് ഒരു ഡയാലിസിസ് രോഗിക്ക് സഹായമായി 16 മേഖലകളിൽ നിന്നുമായി 52650 രൂപയുടെ ഫണ്ട് നൽകി പിതാവിനെ ആദരിച്ചു. കരുവഞ്ചാൽ ഇടവക വികാരി ഫാ. ഷൈൻ ഈനാച്ചേരിൽ പിതാവിനെ പൊന്നാട അണിയിച്ച് ആദരിച്ചു. ശേഷം അതിരൂപതാ ജോ. സെക്രട്ടറി ശ്രീമതി ഷിജി കാഞ്ഞമല റിപ്പോർട്ടും, അതിരൂപതാ ട്രഷറർ ശ്രീമതി ഷീബ തെക്കേടത്ത് കണക്കും അവതരിപ്പിച്ചു. ശേഷം വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അമ്മമാർക്കായി ക്ലാസ് എടുക്കുകയും ചെയ്തു. തുടർന്ന് അതിരൂപതാ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ചർച്ചയും വിശകലനവും നടന്നു. അതിരൂപതാ ആനിമേറ്റർ സി. പൗളിൻ സി.എച്ച്.എഫ് നന്ദി പ്രകാശനം നടത്തിയതോടെ മീറ്റിംഗിന് സമാപനമായി. 16 മേഖലകളിൽ നിന്നുമായി 340 ഓളം ഭാരവാഹികൾ മീറ്റിംഗിൽ പങ്കുകൊണ്ടു.

## 6. വി. മറിയം ത്രേസ്യ അനുസ്മരണം – അതിരൂപതാതല ആചരണം (ഓൺലൈൻ)

തലശ്ശേരി അതിരൂപതാ മാതൃവേദി വി. മറിയം ത്രേസ്യ അനുസ്മരണം അതിരൂപതാതല ആചരണം ജൂൺ 9–ാം തീയതി ഓൺലൈനായി നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ സ്വാഗതമാശംസിച്ച ചടങ്ങ് അതിരൂപതാ വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തു. ശ്രീമതി തങ്കമ്മ കൊച്ചുവേലിക്കകത്ത് ചടങ്ങിന് അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് ഹോളി ഫാമിലി മരിയൻ പ്രൊവിൻസ് പ്രൊവിൻഷ്യാൾ സി. പുഷ്പ സി.എച്ച്.എഫ് അമ്മമാർക്കായി ക്ലാസ് നയിച്ചു. ഫാമിലി അപ്പൊസ്റ്റൊലേറ്റ് റീജന്റ് ബ്രദർ ആദിത്ത് പാഴൂത്തടത്തിൽ നന്ദിയർപ്പിച്ച് സംസാരിച്ചു. ശേഷം 6–ാം തീയതി അമ്മമാർക്കായി നൽകിയ വി. മറിയം ത്രേസ്യയുടെ ടെലിഫിലിം ആസ്പദമാക്കി ഒരു ക്വിസ്സ് മത്സരം നടത്തി. മത്സരത്തിൽ വിവിധ ഇടവകകളിൽ നിന്നുമായി 205 പേർ പങ്കെടുത്തു.

**മത്സര വിജയികൾ**

| | | |
|---|---|---|
| **ഒന്നാം സ്ഥാനം :** | ഗ്രേസി ജോർജ്ജ് മാന്തറയ്ക്കൽ | - കണിച്ചാർ |
| | റെജി തോമസ് അടവനാൽ | - കിളിയന്തറ |
| **രണ്ടാം സ്ഥാനം :** | ലാലി പനച്ചിക്കൽ കരോട്ട് | - മുടയരഞ്ഞി |
| | സാലി അരീപ്പറമ്പിൽ | - പെരുമ്പടവ് |

**പ്രോത്സാഹന സമ്മാനങ്ങൾ**

| | |
|---|---|
| ജിജി സാജു കൊച്ചുകാലായിൽ | - ശ്രീകണ്ഠാപുരം |
| എൽസി ജോസഫ് | - കരിക്കോട്ടക്കരി |
| സിജി ചെരിയംപുറത്ത് | - കൊന്നക്കാട് |
| ബിന്ദു റ്റൈറ്റസ് വയലുങ്കൽ | - പനത്തടി |
| അനിറ്റ മാത്യു വട്ടക്കുന്നേൽ | - ജോസ്മൗണ്ട് |
| ഷീജ സജി | - കരുണാപുരം |
| സീന സിറിയക് ചക്കാങ്കൽ | - മുണ്ടാനൂർ |
| ബിൻസി നോബിൾ നരിപ്പാറയിൽ | - കാസർഗോഡ് |
| റാണി ബിനു ചോങ്കരയിൽ | - പൈസക്കരി |
| ബിന്ദു ആലാനിക്കൽ | - കച്ചേരിക്കടവ് |
| ഷിജി ജോഷി മാവേലിക്കുന്നേൽ | - പെരുമ്പടവ് |
| ഷിജി ഉറുമ്പടയിൽ | - പുലിക്കുരുമ്പ |

## 7. മാതൃവേദി 2022 പ്രവർത്തനവർഷ വിജയികൾ

## മേഖലാ പ്രവർത്തനം

**ബെസ്റ്റ് മേഖല**

Ist Prize : ആലക്കോട് മേഖല

IInd Prize : പേരാവൂർ മേഖല

IIIrd Prize : കാഞ്ഞങ്ങാട് മേഖല

A+ ഗ്രേഡ് നേടിയ മേഖല - നെല്ലിക്കാംപൊയിൽ മേഖല

**A ഗ്രേഡ് നേടിയ മേഖലകൾ**

| | | |
|---|---|---|
| എടൂർ | മേരിഗിരി | ചെമ്പേരി |
| വായാട്ടുപറമ്പ് | കുന്നോത്ത് | വെള്ളരിക്കുണ്ട് |

## യൂണിറ്റ് പ്രവർത്തനം

**ബെസ്റ്റ് യൂണിറ്റുകൾ**

Ist Prize : കരുവഞ്ചാൽ IInd Prize : എടൂർ

IIIrd Prize : ആലക്കോട്, പൂളക്കുറ്റി

## 8. ആനിമേറ്റേഴ്സ് മീറ്റ് : ഇരിട്ടി - ചെമ്പേരി റീജിയൺ

ബഹു. ആനിമേറ്റർ സിസ്റ്റർമാരുടെ റീജിയണൽ സംഗമം ഇരിട്ടി, ചെമ്പേരി, പടന്നക്കാട്, ചെറുപുഴ എന്നീ സ്ഥലങ്ങളിൽ വച്ച് നടത്തപ്പെട്ടു.

പുതിയ ആനിമേറ്റർമാരെ സ്വാഗതം ചെയ്യുകയും മാതൃവേദി കർമ്മപദ്ധതികൾ വിശദീകരിക്കുകയും ചെയ്തു. ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ വിശദമായ ചർച്ചകളും കൂട്ടായ്മയും നടത്തിയ സംഗമം എല്ലാ സിസ്റ്റർമാരുടെയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

## 9. അറിയിപ്പുകൾ

- പോസ്റ്റർ നിർമ്മാണ മത്സരത്തിൽ പങ്കെടുക്കുന്നവർ സ്വന്തമായി വരച്ച പോസ്റ്ററുകൾ **9400206974** എന്ന നമ്പറിലേക്ക് ഫോട്ടോയെടുത്ത് വാട്ട്സ് ആപ്പ് ചെയ്യുക. ഒപ്പം പേര്, ഇടവക, അംഗത്വ രജിസ്ട്രേഷൻ നമ്പർ എന്നിവ രേഖപ്പെടുത്തുക. രജിസ്ട്രേഷൻ വിവരങ്ങൾ ഓരോ യൂണിറ്റിലും അറിയിക്കേണ്ടതാണ് - യൂണിറ്റിൽ നിന്ന് മേഖലയിലും. ഓരോ മേഖലയിലെയും രജിസ്ട്രേഷൻ വിവരങ്ങൾ മേഖലാ സമിതിയുടെ അറിവോടെ (ഡയറക്ടർ/ആനിമേറ്റർ/പ്രസിഡണ്ട്) ഒരാൾ ഒപ്പിട്ട് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ അയക്കേണ്ട തീയതി **ജൂലൈ 4.** സമയം 10.00 am - 04.00 pm. മേഖലയിൽ നിന്ന് കിട്ടുന്ന രജിസ്ട്രേഷൻ വിവരങ്ങൾ ലഭിക്കാത്ത എൻട്രികൾ പരിഗണിക്കുന്നതല്ല. പോസ്റ്ററുകൾ വരച്ച് ക്യാപ്ഷൻസ് നൽകാനുള്ള വിഷയം - **എന്റെ സഭ എന്റെ അമ്മ.**
- ജൂലൈ മാസം മുതൽ നടത്തപ്പെടുന്ന മത്സരങ്ങൾക്ക് അംഗത്വകാർഡ് നമ്പർ നിർബന്ധമായിരിക്കും. പുതിയ അംഗത്വകാർഡുകൾ സെപ്റ്റംബർ 30 വരെ മാത്രമേ ഈ വർഷം നൽകുകയുള്ളൂ.
- മാതൃസ്പർശം എന്ന പഠനസഹായപദ്ധതിക്കായി അപേക്ഷകൾ സ്വീകരിച്ച് തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുവിവരങ്ങൾ അതിരൂപതയിൽ നൽകേണ്ട അവസാന തീയ്യതി ജൂലൈ 15 ആയിരിക്കും. ഒരു മേഖലയിൽ നിന്ന് രണ്ട് പേരെ തെരഞ്ഞെടുക്കാം. വികാരിയച്ചന്മാരുടെ ശുപാർശയോടുകൂടി വേണ്ടത്ര അന്വേഷണം നടത്തി ഏറ്റവും അർഹരായ രണ്ടു പേരെ വേണം തെരഞ്ഞെടുക്കാൻ. മാതൃവേദി അംഗങ്ങളുടെ പെൺകുട്ടികൾക്ക് മാത്രമാണ് ഇതിൽ സഹായം നൽകുന്നത്. തെരഞ്ഞെടുക്കുന്നവരുടെ ലിസ്റ്റ് നൽകുമ്പോൾ മേഖല ഡയറക്ടറുടെ ഒപ്പ്, സീൽ എന്നിവയും തെരഞ്ഞെടുക്കപ്പെടുന്നവർ സമർപ്പിച്ച അപേക്ഷയുടെ കോപ്പിയും അയച്ചുതരേണ്ടതാണ്. എല്ലാ യൂണിറ്റുകളിലും ഈ വിവരം അറിയിച്ച് അപേക്ഷകൾ സമയബന്ധിതമായി സ്വീകരിക്കാൻ മേഖലാ സമിതി ശ്രദ്ധിക്കുക.
- ജീവോത്സവം സ്കോളർഷിപ്പിന് വേണ്ടിയുള്ള അപേക്ഷ ഫോറങ്ങൾ മാതൃവേദിയുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ നൽകുന്നതാണ്. വലിയ കുടുംബങ്ങളിലെ കുട്ടികളുടെ ഉപരിപഠനത്തിനുള്ള ഈ സഹായപദ്ധതിയെക്കുറിച്ച് അറിയിക്കുകയും കഴിയുന്നത്ര സംഭാവനകൾ മാതൃവേദി വഴി ഈ ഫണ്ടിലേക്ക് സമാഹരിക്കുകയും ചെയ്യാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

- വയോജനങ്ങൾക്കുവേണ്ടിയുള്ള **സഖറിയാസ് കൺവെൻഷൻ** ഫൊറോനതലങ്ങളിൽ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുവാൻ മാതൃവേദി അംഗങ്ങളും സഹകരിക്കുക. വയോജനങ്ങളുടെ രജിസ്ട്രേഷൻ, കൺവെൻഷൻ സമയത്ത് ഭക്ഷണം വിളമ്പൽ, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്ക് ചുരുങ്ങിയത് ഒരു മേഖലയിൽ നിന്ന് മുപ്പത് പേരെയെങ്കിലും വോളണ്ടിയർമാരായി കണ്ടെത്തുക. ജൂലൈ മാസം സഖറിയാസ് കൺവെൻഷൻ നടക്കുന്ന മേഖലകൾ : 21-23 എടൂർ, 25-27 നെല്ലിക്കാംപൊയിൽ.

**10. നന്ദി... ആശംസകൾ :** ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഊർജ്ജസ്വലരായ മേഖലാ ഡയറക്ടർമാരായ എടൂർ മേഖലയെ നയിച്ച റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ അച്ചനും, തളിപ്പറമ്പ് മേഖലയ്ക്ക് നേതൃത്വം നൽകിയ റവ. ഫാ. മാത്യു വളവനാൽ അച്ചനും ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നന്ദിയും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

**11. സ്വാഗതം :** ഫാമിലി അപ്പൊസ്റ്റൊലേറ്റ് മേഖലാ ഡയറക്ടർമാരായി പുതുതായി ചാർജ്ജെടുത്തിരിക്കുന്ന റവ. ഫാ. മാർട്ടിൻ പറപ്പള്ളിയാത്ത് (എടൂർ മേഖല), റവ. ഫാ. മാത്യു പരവരാകത്ത് (ചെമ്പന്തൊട്ടി മേഖല), റവ. ഫാ. അജി കുഴിയാനിമറ്റം (തളിപ്പറമ്പ് മേഖല), റവ. ഫാ. സെബാസ്റ്റ്യൻ പൊടിമറ്റം (പേരാവൂർ മേഖല) എന്നിവർക്ക് ഹൃദ്യമായ സ്വാഗതവും ആശംസിക്കുന്നു.

ഫാമിലി അപ്പൊസ്റ്റൊലേറ്റ് പുതിയ മേഖലാ ആനിമേറ്റേഴ്സായി ചാർജ്ജെടുത്തിരിക്കുന്ന സി. ലിസ്സി ജോർജ് എം.എസ്.എം.ഐ. (ചെമ്പേരി), സി. ലൂസി എസ്.എച്ച്. (എടൂർ), സി. എബിൻ തെരേസ് ഡി.എം. (കാഞ്ഞങ്ങാട്), സി. ലില്ലി മരിയ എസ്.എ.ബി.എസ്. (കുന്നോത്ത്), സി. എൽസി ജെയിംസ് എസ്.എച്ച്. (മേരിഗിരി), സി. ജോസ് മരിയ സി.എം.സി. (നെല്ലിക്കാംപൊയിൽ), സി. റാണി എ.ഒ. (പൈസക്കരി), സി. അനില എസ്.എച്ച്. (വായാട്ടുപറമ്പ്) എന്നീ സിസ്റ്റർമാർക്ക് ഹൃദ്യമായ സ്വാഗതവും നല്ല പ്രവർത്തനവർഷവും ആശംസിക്കുന്നു.

## IV. അമല പ്രോലൈഫ്

### ജീവോപഹാരം

നെല്ലിക്കുറ്റി ഇടവകയിൽ നിന്നുള്ള ഒരു കുടുംബത്തിലെ നാലാമത്തെ കുട്ടിക്കും മാട്ടറ ഇടവകയിൽ നിന്നുള്ള കുടുംബത്തിലെ അഞ്ചാമത്തെ കുട്ടിക്കും ജീവോപഹാരം നൽകി ആദരിച്ചു. ആനിമേറ്റർ സി. ജെസ്റ്റീനയുടെ നേതൃത്വത്തിൽ അമല പ്രോലൈഫ് സമിതി അംഗങ്ങൾ ഈ ഭവനങ്ങൾ സന്ദർശിച്ച് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ അഭിവാദനങ്ങൾ അർപ്പിച്ചു.

**പ്രോലൈഫ് സംഗമം**

പ്രോലൈഫ് അംഗങ്ങളുടെ അതിരൂപതാ സംഗമം ജൂലൈ 30-ാം തീയതി നടത്താൻ തീരുമാനിച്ചു. എല്ലാ പ്രോലൈഫ് അംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ചേരുന്ന ഈ മീറ്റിംഗിന് മലബാർ മേഖല സമിതി നേതൃത്വം നൽകുന്നതാണ്.

സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

## NIRMALAGIRI ARTS AND SCIENCE ACADEMY, NIRMALAGIRI (Self Financing)

നിർമ്മലഗിരി ആർട്സ് ആന്റ് സയൻസ് അക്കാദമി എന്ന പേരിൽ ഒരു സ്വാശ്രയ കോളേജ് നിർമ്മലഗിരിയിൽ തന്നെ ഈ അധ്യയനവർഷം മുതൽ പ്രവർത്തനം ആരംഭിക്കുന്നു. സർവ്വകലാശാല നിശ്ചയിച്ചിട്ടുള്ള യോഗ്യതകളുള്ളവരും പരിചയ സമ്പന്നരുമായ അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഉണ്ടായിരിക്കും. സ്വാശ്രയ കോളേജ് ആയതിനാൽ സർവ്വകലാശാല നിശ്ചയിക്കുന്ന ഫീസ് കുട്ടികൾ നൽകേണ്ടതാണ്. +2 പാസായ കുട്ടികളെ നമ്മുടെ ഈ കോളേജിലേക്ക് പറഞ്ഞുവിടാനായി എല്ലാ ബഹുമാനപ്പെട്ട വൈദികരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

♦ **അഡ്മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് വിളിക്കുക**

0490 2361247
9447547632 (ബർസാർ)
9746916300 (ഓഫീസ് സ്റ്റാഫ്)

**അനുവദിച്ചിരിക്കുന്ന കോഴ്സുകൾ**

1. B.Sc Psychology
2. B.Sc Mathematics
3. B.Com. with Computer Application
4. B.A. English with Journalism
5. B.A. Political Science

**(സർവ്വകലാശാല നിബന്ധനകൾക്ക് വിധേയമായി)**

**മോൺ. ആന്റണി മുതുകുന്നേൽ**
മാനേജർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

## സ്വാഗതം

തലശ്ശേരി അതിരൂപതയ്ക്ക് പുതിയ കൂരിയ സംവിധാനം നിലവിൽ വന്നപ്പോൾ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ചുമതല മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിക്കാണ് നിശ്ചയിച്ചിരിക്കുന്നത്. ബഹു. അച്ചനെ ഏറ്റവും ഹൃദ്യമായി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ എല്ലാ ജീവനക്കാരുടെയും പേരിൽ സ്വാഗതം ചെയ്യുന്നു. ഒപ്പം എല്ലാവിധ സഹകരണവും വാഗ്ദാനം ചെയ്യുന്നു. ബഹു. അച്ചന്റെ ഇടപെടലുകളും, നിർദേശങ്ങളും നമ്മുടെ സംവിധാനത്തെ ഉയർച്ചയിലേക്ക് നയിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ബഹു. സെബാസ്റ്റ്യൻ പാലാക്കുഴിയച്ചൻ നമ്മുടെ സ്കൂളുകളിൽ സന്ദർശനത്തിന് വരുന്നതായിരിക്കും.

## പ്രധാനാധ്യാപക സമ്മേളനവും പരിശീലനവും

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിലെ **എൽ.പി., യു.പി., ഹൈസ്കൂൾ** വിഭാഗങ്ങളിലെ പ്രധാനാധ്യാപകരുടെ സമ്മേളനം 2022 ജൂലൈ 9 ശനിയാഴ്ച ചെമ്പേരി വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിൽവെച്ച് നടത്തുന്നു. മുഴുവൻ പ്രധാനാധ്യാപകരും സംബന്ധിക്കണം. പ്രധാനാധ്യാപകർക്കുള്ള പരിശീലന പരിപാടിയായതിനാൽ പകരം മറ്റൊരു അധ്യാപകനെ പറഞ്ഞുവിടാതെ ശ്രദ്ധിക്കണം.

**സമയം : രാവിലെ 9.30 മുതൽ വൈകുന്നേരം 04.00 വരെ**

വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരായിരിക്കും ക്ലാസ്സുകൾ നയിക്കുന്നത്. ഓഫീസ്, തസ്തിക നിർണ്ണയം, സർവ്വീസ് സംബന്ധമായ സംശയങ്ങൾ എന്നിവ ദൂരീകരിക്കാനുള്ള അവസരമുണ്ടായിരിക്കും.

## റിപ്പോർട്ട്

നമ്മുടെ സ്കൂളുകളിൽ അവധിക്കാലത്ത് നടത്തിയ വിവിധ പരിപാടികളുടെ (കല, കായികം, പഠനം) സംക്ഷിപ്തമായ റിപ്പോർട്ട് തയ്യാറാക്കിയതിൽ പ്രധാനാധ്യാപകൻ, ലോക്കൽ മാനേജർ എന്നിവർ ഒപ്പിട്ട കോപ്പി, ബ്രോഷറുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ കോപ്പി എന്നിവ ഉൾപ്പടെ കോർപ്പറേറ്റ് ഓഫീസിലേക്ക് ഇ-മെയിൽ അയച്ചു തരണം. അയയ്ക്കേണ്ട ഇ-മെയിൽ ഐ.ഡി : teachersguildtly@gmail.com എന്നതാണ്.

## മതബോധന - സന്മാർഗ്ഗശാസ്ത്രം

മതബോധന - സന്മാർഗ്ഗ ശാസ്ത്രം ക്ലാസ്സുകൾ സ്കൂൾ വർഷാരംഭ ത്തിൽ തന്നെ സ്കൂളുകളിൽ ആരംഭിച്ചു എന്നു കരുതുന്നു. വിദ്യാലയം വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കുള്ള ഇടമാണല്ലോ. അതുകൊണ്ടു തന്നെ സന്മാർഗ്ഗ മതബോധന ക്ലാസ്സുകൾക്ക് വലിയ പ്രസക്തിയുണ്ട്. ന്യൂന പക്ഷ വിദ്യാലയങ്ങളാണ് നമ്മുടേത്. ഈ വിദ്യാലയങ്ങളുടെ തനിമയും സംസ്കാരവും മൂല്യങ്ങളും സംരക്ഷിക്കുന്നതിന് നമ്മൾ പ്രതിജ്ഞാബദ്ധ രാണ്. ഈശ്വര വിശ്വാസത്തിൽ വളരുന്നതിനും മൂല്യങ്ങളിൽ അടിയുറച്ച ധാർമ്മിക ജീവിതത്തിലൂടെ നമ്മുടെ വിദ്യാർത്ഥികൾ വളർന്നു വരുന്നതിനും സന്മാർഗ്ഗ മതബോധന പഠനം വിദ്യാലയങ്ങളിൽ അനിവാര്യമാണ്. പുസ്ത കങ്ങൾ സ്കൂളുകളിൽ ലഭിച്ചു എന്നു കരുതുന്നു.

## മതബോധന - സന്മാർഗ്ഗശാസ്ത്രം - പരീക്ഷ തീയതികൾ

| | | |
|---|---|---|
| **അർദ്ധവാർഷിക പരീക്ഷ** | - | **31/10/2022** |
| **വാർഷിക പരീക്ഷ** | - | **06/01/2023** |
| **സ്കോളർഷിപ്പ് പരീക്ഷ** | - | **11/02/2023** |

*വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.*

## മെയിന്റനൻസ് ഗ്രാന്റ്

മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ഈ വർഷവും നൽകണം. മുൻവർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിൽ അത് ലഭിക്കാനുള്ള നടപടികൾ ഊർജിതപ്പെടുത്താൻ പ്രധാനാധ്യാപകരും ഓഫീസ് സ്റ്റാഫും പ്രത്യേകം ശ്രദ്ധിക്കണം. ജൂലൈ മാസം അവസാനത്തോടെ മെയിന്റനൻസ് ഗ്രാന്റി നുള്ള പ്രൊപ്പോസൽ തയ്യാറാക്കി കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ട താണ്.

സ്നേഹപൂർവം,

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യുക്കേഷൻ (AICTE), യൂണിവേഴ്സിറ്റി അംഗീകാരത്തോടുകൂടിയ പുതിയ 2 കോഴ്സുകൾ കൂടി വിമൽ ജ്യോതിയിൽ.**

**1. കമ്പ്യൂട്ടർ സയൻസ് എൻജിനീയറിംഗ് & സൈബർ സെക്യൂരിറ്റി**

**2. കമ്പ്യൂട്ടർ സയൻസ് എൻജിനീയറിംഗ് & ബിസിനസ്സ് സിസ്റ്റംസ്**

**സൈബർ സെക്യൂരിറ്റി :** ഡിജിറ്റൽ ലോകത്തെ ഒരു സുരക്ഷിത സ്ഥലമാക്കി മാറ്റാനും അനന്തമായ ഒരു കരിയർ നേടാനും ഈ കോഴ്സിലൂടെ സാധിക്കും. സൈബർ ആക്രമണങ്ങളിൽ നിന്ന് കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം, നെറ്റ്‌വർക്ക്, ഡാറ്റ എന്നിവ ഏങ്ങനെ സംരക്ഷിക്കാമെന്ന് സൈബർ പ്രോഗ്രാമുകൾ പഠിപ്പിക്കുന്നു. അവ പ്രതിരോധിക്കാൻ ആവശ്യമായ അറിവും വൈദഗ്ധ്യവും നേടാൻ വിദ്യാർത്ഥികളെ സജ്ജമാക്കുകയാണ് സൈബർ സെക്യൂരിറ്റി കോഴ്സിന്റെ ലക്ഷ്യം.

**ബിസിനസ്സ് സിസ്റ്റംസ് :** ഒരു ബിസിനസ്സ് മാനേജ്മെന്റ് സിസ്റ്റം വികസിപ്പിക്കുന്നതിൽ ഏറ്റവും പുതിയ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിലൂടെ അവരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ കോഴ്സ് പ്രയോജനകരമാണ്. ബിസിനസ് കാലഘട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിനും രാജ്യത്തിനും പുതുമകൾ സൃഷ്ടിക്കാനും മൂല്യവർദ്ധിതമാക്കാനും കഴിയുന്ന വ്യവസായ സജ്ജരായ എൻജിനീയർമാരെ വാർത്തെടുക്കാൻ ഈ കോഴ്സ് സഹായകമാണ്.

## അഡ്മിഷൻ 2022-23

2022-23 അദ്ധ്യയന വർഷത്തേക്കുള്ള എൻജിനീയറിംഗ്, എം.ബി.എ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. നമ്മുടെ ഇടവകയിലെ വിദ്യാർത്ഥികൾക്കുവേണ്ടി വിവിധ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വർഷം 120-ഓളം കുട്ടികൾക്ക് ബി.ടെക് കോഴ്സുകൾക്ക് ഗവൺമെന്റ് ഫീസായ 8500 രൂപ മാത്രം വാർഷിക ഫീസായി സ്വീകരിച്ച് വിവിധ ബ്രാഞ്ചുകളിൽ അഡ്മിഷൻ നൽകുന്നുണ്ട്. പ്ലസ്ടു പരീക്ഷയിൽ 80% ത്തിലധികം മാർക്കുകൾ നേടിയ വിദ്യാർത്ഥികൾക്ക് വ്യത്യസ്ത സ്കോളർഷിപ്പുകൾ ലഭ്യമാകാൻ അർഹതയുണ്ട്. ആദ്യം അപേക്ഷിക്കുന്നവർക്കാണ് മുൻഗണന. ഇപ്പോൾത്തന്നെ കോളേജ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9400062919, 8281750777, 9846423448, 0460 2212240** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**Website : www.vjec.ac.in E-mail: admission@vjec.ac.in**

## 2022-23 അദ്ധ്യയന വർഷത്തിലെ വിവിധ സ്കോളർഷിപ്പുകൾ

**പ്ലസ് ടു പരീക്ഷക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്** എന്നീ വിഷയങ്ങൾക്ക് ആകെ 80% മുതൽ മാർക്ക് ലഭിച്ച പ്ലസ് ടു കുട്ടികൾക്ക്

താഴെ സൂചിപ്പിക്കുന്ന പ്രകാരം വിവിധങ്ങളായ സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**https://vjec.ac.in/scholarship/**എന്ന ലിങ്ക് വഴിയും QR കോഡ് സ്കാൻ ചെയ്തും പ്ലസ് ടു മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് ഇപ്പോൾതന്നെ സ്കോളർഷിപ്പ് ആപ്ലിക്കേഷൻ സമർപ്പിക്കാവുന്നതാണ്. ഫോൺ വഴി സ്കോളർഷിപ്പിന് അപേക്ഷിക്കാൻ ഈ നമ്പറിൽ വിളിക്കുക : **9846 423 448, 9400 062 919**

**1. പ്ലാറ്റിനം സ്കോളർഷിപ്പ്**

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 95% മാർക്ക് നേടിയ കുട്ടികൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാൻ അവസരം. 2,65,400/- രൂപ സ്കോളർഷിപ്പ്.

**2. ഡയമണ്ട് സ്കോളർഷിപ്പ്**

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 90% മാർക്ക് നേടുന്ന കുട്ടികൾക്ക് 1,50,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

**3. ഗോൾഡൻ സ്കോളർഷിപ്പ്**

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 85% മാർക്ക് നേടുന്ന കുട്ടികൾക്ക് 60,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

**4. സിൽവർ സ്കോളർഷിപ്പ്**

പ്ലസ് ടു പരീക്ഷകൾക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ആകെ 80% മാർക്ക് നേടുന്ന കുട്ടികൾക്ക് 40,000/- രൂപ സ്കോളർഷിപ്പ് ലഭിക്കുന്നു.

കമ്പ്യൂട്ടർ ബ്രാഞ്ചുകൾ ഒഴികെ എല്ലാ കോഴ്സിനും സ്കോളർഷിപ്പ് ലഭ്യമാണ്.

## KEAM RANK SCHOLARSHIP 2022

| | | |
|---|---|---|
| KEAM Rank 1-5000 | : | Scholarship : Entire college fee |
| Rank 5001 - 8000 | : | Scholarship : 2,65,400/- (66,350 x 4 year)<br>Tuition Fee = Government Fees only (Rs.8650/-) |
| Rank 8001-10000 | : | Scholarship : 1,20,000/- (30,000 x 4 year) |
| Rank 10001-20000 | : | Scholarship : 20,000/- (5000 x 4 year) |

## ഇപ്പോൾ വിമൽ ജ്യോതിയിൽ 10 ബി.ടെക് കോഴ്സുകൾ ഉണ്ട്

1. Mechanical Engineering (ME)
2. Civil Engineering (CE)

3. Electrical & Electronics Engineering (EEE)
4. Electronics & Communication Engineering (ECE)
5. Applied Electronics & Instrumentation (AEI)
6. Computer Science & Engineering (CSE)
7. Computer Science & Design (CSD)
8. Artificial Intelligence & Data Science (ADS)
9. Computer Science and Business System
10. Computer Science and Cyber Security

കൂടാതെ MBA, M.Tech, Ph.D. എന്നീ ഉപരിപഠന കോഴ്സുകളും ലഭ്യമാണ്.

## വിമൽ ജ്യോതിയിലേയ്ക്ക് സ്വാഗതം

വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പുതിയ ചെയർമാനായി നിയമിതനായിരിക്കുന്ന ബഹുമാനപ്പെട്ട മോൺ. ആന്റണി മുതുകുന്നേലച്ചന് വിമൽ ജ്യോതി കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

## അഭിനന്ദനങ്ങൾ

കേരള ഗവൺമെന്റിന്റെ സ്റ്റാർട്ട്അപ്പ് മിഷൻ സംഘടിപ്പിച്ച IDEA FEST 2021-ൽ പങ്കെടുത്ത് മികച്ച ഇന്നോവേഷൻ ഇ-ഗ്രാന്റിന് അർഹനായ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് മൂന്നാം വർഷ ഇലക്ട്രിക്കൽ വിദ്യാർത്ഥിയായ നോയൽ ജോസിന് വിമൽ ജ്യോതി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് എൻ.ബി.എ അക്രഡിറ്റേഷൻ മികവിൽ

**എല്ലാ ബിടെക് കോഴ്സുകൾക്കും എൻ.ബി.എ അക്രഡിറ്റേഷൻ ലഭിച്ചു.** ദേശീയതലത്തിൽ എൻജിനീയറിംഗ് കോളേജുകളുടെ അക്കാദമിക നിലവാരം പരിശോധിക്കുന്നതിനായി ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ ഏർപ്പെടുത്തിയിരിക്കുന്ന ഒരു സംവിധാനമാണ് നാഷണൽ ബോർഡ് ഓഫ് അക്രെഡിറ്റേഷൻ. ഈ മികവിൽ എത്തിച്ചേരുന്ന മലബാറിലെ ഏക എൻജിനീയറിംഗ് കോളേജ് ആണ് വിമൽ ജ്യോതി.

## പ്ലേസ്മെന്റ് വാർത്തകൾ

- ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സിവിൽ എൻജിനീയറിംഗ് കോർ കമ്പനിയായ AMERIGO STRUCTURAL ENGINEERS PVT. LTD. വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി മെയ് 21ന് ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും 3 വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുകയും ചെയ്തു.
- പ്രമുഖ വുഡ് പ്രൊസസ്സിംഗ് കമ്പനിയായ COLONIAL LUMBERS PVT. LTD. എന്ന കമ്പനി തളിപ്പറമ്പിലുള്ള അവരുടെ ഫാക്ടറിയിലെ വിവിധ ഒഴിവുകളിലേയ്ക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ 27 മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു.

- ഓട്ടോമൊബൈൽ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ AUTOBAHN TRUCKING അവരുടെ BHARAT BENZ ഡീലർഷിപ്പിലെ വിവിധ ഒഴിവുകളിലേയ്ക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് സംഘടിപ്പിച്ചു. മെക്കാനിക്കൽ എൻജിനീയറിംഗിലെ 20 കുട്ടികൾ വിവിധ തസ്തികകളിലേയ്ക്കായി ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഇവരുടെ അവസാനറൗണ്ട് ഇന്റർവ്യൂ, ജൂൺ 25-ാം തീയതിക്കുശേഷം എറണാകുളം ഓഫീസിൽവച്ച് നടത്തപ്പെടുന്നു.
- കസ്റ്റമർ കെയർ ബി.പി.ഒ രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ HINDUJA GLOBAL SOLUTIONS, ബാംഗ്ലൂർ, ഹൈദരാബാദ് ഓഫീസുകളിലേയ്ക്കായി റിക്രൂട്ട്മെന്റ് സംഘടിപ്പിക്കുന്നു. കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എന്നീ മേഖലകളിൽ ബി.ടെക് പൂർത്തിയാക്കിയവരെയാണ് ആവശ്യം. പ്രതിവർഷം 6,50,000/- രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.

## അദ്ധ്യാപകർക്ക് ഏകദിന സെമിനാർ

വിമൽ ജ്യോതിയിലെ അദ്ധ്യാപകർക്ക് 'Psychological approach to the Counselling of undergraduate students' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. 04.06.22ന് നടന്ന സെമിനാറിന് ക്ലിനിക്കൽ കൗൺസിലിംഗ് സൈക്കോളജിസ്റ്റ് റവ. ഫാ. ഡോ. സെബാൻ ചെരിപുറത്ത് നേതൃത്വം നൽകി.

## സിവിൽ സർവ്വീസ് പരിശീലനം പുതിയ ബാച്ച് ആരംഭിച്ചു

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് ലൈബ്രറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ്, UPSC പരിശീലന കേന്ദ്രത്തിൽ ഒരു വർഷം കാലാവധിയുള്ള പുതിയ ബാച്ച് 2022 ജൂൺ 11-ന് ആരംഭിച്ചു. ഡിഗ്രി കഴിഞ്ഞ വിദ്യാർത്ഥികൾക്ക് പ്രിലിമിനറിക്കും മെയിൻ പരീക്ഷക്കും തയ്യാറെടുക്കാൻ വേണ്ടി 2023 ജൂൺ വരെയുള്ള സമഗ്ര പരിശീലനമാണ് നൽകുന്നത്. കോഴ്സിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് വിമൽ ജ്യോതിയുടെ കാമ്പസിലുള്ള PG ഹോസ്റ്റലിൽ താമസ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് Mob : 9946789490, Ph : 0460 2213399.

## വിമൽ ജ്യോതിക്ക് ആഗോള സർട്ടിഫിക്കേഷൻ

ഡിജിറ്റൽ യുഗത്തിനായുള്ള ഇന്ത്യൻ ഉന്നതവിദ്യാഭ്യാസത്തിന്റെ തയ്യാറെടുപ്പ് ഉറപ്പാക്കുന്നതിനുള്ള മികവിനായി ക്യൂ.എസ്.ഐ.ഏ ഗേജ് വഴി ഇ-ലീഡ് സർട്ടിഫിക്കറ്റ് ലഭിക്കുന്ന കേരളത്തിലെ ആദ്യത്തെ സ്ഥാപനമാണ് വിമൽ ജ്യോതി. ന്യൂഡൽഹിയിൽ പ്രൗഢമായ ഒരു ചടങ്ങിൽവച്ച് കേന്ദ്ര മന്ത്രി സ്മൃതി ഇറാനിയിൽ നിന്നും വിമൽ ജ്യോതിക്കുവേണ്ടി പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് സർട്ടിഫിക്കേറ്റ് ഏറ്റുവാങ്ങി. യു.കെ ആസ്ഥാനമായ ഇന്റർനാഷണൽ ഏജൻസിയാണ് ലോകത്തിലെ എൻജിനീയറിംഗ് കോളേജുകളുടെ മികവ് വിലയിരുത്തിയാണ് ഈ സർട്ടിഫിക്കേറ്റ് നൽകുന്നത്.

## അഗതികൾക്ക് കൈത്താങ്ങുമായി വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ്

സാമൂഹിക പ്രതിബദ്ധതയുള്ള യുവ എൻജിനീയർമാരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ ചാരിറ്റി പിൽഗ്രിം 2022 സംഘടിപ്പിച്ചു. വിദ്യാർത്ഥികൾ തങ്ങൾക്ക് ലഭിക്കുന്ന തുകയിൽനിന്നും മിച്ചംവച്ചും അധ്യാപക – അനധ്യാപകർ, മാനേജ്മെന്റ് എന്നിവർ സംയുക്തമായി ശേഖരിച്ച തുകയും ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. തലശ്ശേരി അതിരൂപതയുടെ ആർച്ചുബിഷപ്പും, വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂഷൻസ് രക്ഷാധികാരിയുമായ മാർ ജോസഫ് പാംപ്ലാനി പരിപാടി ഫ്ളാഗ് ഓഫ് ചെയ്തു.

## സൗജന്യമായി ലാപ്ടോപ്പ് വിതരണം ചെയ്തു

കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ 'Bridging the Digital Divide' എന്ന സ്കീമിൽ ഉൾപ്പെടുത്തി വിമൽ ജ്യോതിയിലെ അർഹരായ 10 കുട്ടികൾക്ക് ഇരിക്കൂർ എം.എൽഎ അഡ്വ. സജീവ് ജോസഫ് ലാപ്ടോപ്പ് വിതരണം ചെയ്തു.

## മാലിന്യം തരംതിരിക്കുന്ന യന്ത്രപ്പെട്ടിയുമായി വിമൽ ജ്യോതി വിദ്യാർത്ഥികൾ

നിക്ഷേപിക്കുന്ന മാലിന്യങ്ങളെ തരംതിരിച്ച് സൂക്ഷിക്കുന്ന സംവിധാനത്തോടുകൂടിയ മാലിന്യപ്പെട്ടിയുമായി എൻജിനീയറിംഗ് വിദ്യാർത്ഥികൾ. മട്ടന്നൂരിൽ നടന്ന ഹരിതഭൂമിക പ്രദർശനമേളയിലാണ് വിദ്യാർത്ഥികൾ ഇത് അവതരിപ്പിച്ചത്. പാർക്കുകളിലും മറ്റും സ്ഥാപിക്കുന്ന മാലിന്യപ്പെട്ടിയാണ് രൂപകല്പന ചെയ്തിട്ടുള്ളത്.

മെക്കാനിക്കൽ എൻജിനീയറിംഗ് അവസാനവർഷ വിദ്യാർത്ഥികളായ മെൽവിൻ കെ ജിജി, പി. നിവേദ്, എം. ശ്രീരാഗ്, ഷാഹിൻ ഗഫൂർ എന്നിവരാണ് പ്രോജക്ടിന്റെ ഭാഗമായി യന്ത്രം വികസിപ്പിച്ചെടുത്തത്. പ്രോജക്ട് ഗൈഡ് ഡോ. ശ്രീകാന്താണ് നിർദ്ദേശങ്ങൾ നൽകിയത്.

## വിമൽ ജ്യോതി എം.ബി.എ. കോളേജ്

- 2022 വർഷത്തെ എം.ബി.എ. അഡ്മിഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് : 9400062919, 9400512240 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

  Website : **www.vjim.ac.in** E-mail: **admission@vjim.ac.in**

**– 2022–ലെ വിവിധ സ്കോളർഷിപ്പുകൾ**

**ഗോൾഡൻ സ്കോളർഷിപ്പ്:** യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന മികച്ച 10 വിദ്യാർത്ഥികൾക്ക് 40,000 രൂപ. സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (10000 x 4) ഇത് ലഭ്യമാണ്.

- യുജി പരീക്ഷയിൽ 70 ശതമാനത്തിലധികം മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് മാർക്ക് അടിസ്ഥാനത്തിൽ 20,000 രൂപ നൽകും.

സെമസ്റ്റർ ഫീസ് പേയ്മെന്റിനൊപ്പം ക്രമീകരിച്ച നാല് തവണകളായി (5,000x4) ഇത് ലഭ്യമാണ്.

**സിൽവർ സ്കോളർഷിപ്പ് :** KMAT-ൽ മികച്ച മാർക്ക് നേടുന്ന 10 വിദ്യാർത്ഥികൾക്ക് 5000 രൂപ ലഭിക്കും.

- **വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിനു നാക്ക്** (NAAC) **അംഗീകാരം.**

  കണ്ണൂർ സർവകലാശാലയിൽ നാക് അക്രഡിറ്റേഷൻ കരസ്ഥമാക്കുന്ന ആദ്യ എംബിഎ കോളേജ് ആയി ചെമ്പേരി വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് റിസർച്ച്. 2022 ഏപ്രിൽ 19, 20 തീയതികളിൽ നാഷണൽ അസൈൻമെൻറ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിലെ മൂന്ന് അംഗ വിദഗ്ധസംഘം കോളേജിലെത്തി പാഠ്യ-ഭൗതിക സൗകര്യങ്ങളുടെ വിലയിരുത്തൽ നടത്തിയാണ് അക്രഡിറ്റേഷൻ നൽകിയത്.

  മാംഗ്ലൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. പി. സുബ്രമണ്യ യാഡാപഠിതായ, ന്യൂ ഡൽഹി ജാമിയ മില്ലിയ ഇസ്ലാമിയ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. മുഹമ്മദ് അൽതാഫ് ഖാൻ, കോയമ്പത്തൂർ ശങ്കര കോളേജ് ഓഫ് കൊമേഴ്സ് പ്രിൻസിപ്പൽ ഡോ. ബാലകൃഷ്ണൻ ഹരിഹരൻ എന്നിവരാണ് വിദഗ്ധ സമിതിയിലുണ്ടായിരുന്നത്. എം.ബി.എ. കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ, നാക് കോർഡിനേറ്റർ ഡോ. അനൂപ് സ്കറിയ എന്നിവരാണ് കോളേജിലെ നാക് അക്രഡിറ്റേഷൻ സംബന്ധമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

- **കെ-മാറ്റ് ട്രെയിനിംഗ് :** എം.ബി.എ പ്രവേശന എൻട്രൻസിനായുള്ള (KMAT) 5 ദിവസം നീണ്ടുനിൽക്കുന്ന കോച്ചിംഗിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഇപ്പോൾ ഇന്റർവ്യൂവിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സൗജന്യമായി കെ-മാറ്റ് ട്രെയിനിംഗ് ലഭിക്കുന്നതാണ്.
- രണ്ടാം വർഷ വിദ്യാർത്ഥികളുടെ പ്ലേസ്മെൻറ് പുരോഗമിക്കുന്നു: 58 വിദ്യാർത്ഥികളുള്ള ബാച്ചിൽ ഇതുവരെ 45 ഓഫറുകൾ വിവിധ കമ്പനികളിൽനിന്നായി ലഭിച്ചിട്ടുണ്ട്. Esaf Bank, ICICI Prudential, Envestnet, Decathlon, തുടങ്ങിയ വിവിധ കമ്പനികളിലേക്കാണ് പ്ലേസ്മെൻറ് നടന്നിട്ടുള്ളത്.
- **കൾച്ചറൽ ഡേ 2022 :** കോളജിലെ മുഴുവൻ കുട്ടികളുടെയും കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോളേജിലുള്ള മുഴുവൻ വിദ്യാർഥികൾക്കുമായി മേയ് 31ന് കൾച്ചറൽ ഡേ സംഘടിപ്പിക്കുകയുണ്ടായി.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

1. **എഞ്ചിനീയറിംഗ് - മെഡിക്കൽ ക്രാഷ് റസിഡൻഷ്യൽ കോഴ്സ്**
എൻജിനീയറിംഗ് - മെഡിക്കൽ റെസിഡൻഷ്യൽ ക്രാഷ് കോഴ്സ് മെയ് 30ന് ആരംഭിച്ചു. 200ൽ അധികം കുട്ടികൾ ക്ലാസ്സുകളിൽ പങ്കെടുത്തു കൊണ്ടിരിക്കുന്നു.

2. **German Language Coaching :** ജർമ്മൻ Language Coaching A1, B1 പുതിയ ബാച്ചുകൾ ജൂൺ 1ന് ആരംഭിച്ചു.

3. **ജർമ്മൻ Language Coaching A1, A2 അടുത്ത ബാച്ച് ജൂലൈ 1ന് ആരംഭിക്കുന്നതാണ്.**
ജർമ്മൻ Language Coaching ക്ലാസ്സുകൾ പൂർണ്ണമായും റസിഡൻഷ്യൽ ക്ലാസ്സുകളാണ്.

4. **IELTS, OET :** IELTS, OET എന്നീ കോഴ്സുകൾ എല്ലാ തിങ്കളാഴ്ചയും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കുട്ടികളുടെ ആവശ്യാനുസരണം individual training നൽകുന്നതാണ്.

5. **UKVI :** ജനറൽ നഴ്സിംഗ് പാസ്സായിട്ടുള്ളവരും IELTS സ്കോർ 6ൽ താഴെ ആവശ്യമായിട്ടുള്ളവരുമായ ആളുകൾക്ക് യു.കെ.യിൽ മെഡിക്കൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഏറെ ജോലി സാധ്യതകളുണ്ട്. ഈ കാലയളവിൽ ഏറെ വ്യക്തികൾ ഈ സാധ്യത പ്രയോജനപ്പെടുത്തി യു.കെ.യിൽ എത്തിച്ചേർന്നിട്ടുണ്ട്. ഇതിന്റെ പരിശീലനവും സാൻജോസ് അക്കാഡമിയിൽ നടന്നുകൊണ്ടിരിക്കുന്നു.

എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

സാൻജോസ് അക്കാദമി നടത്തുന്ന കോഴ്സുകളെക്കുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്. ഫോൺ : 9846423448, 8281 750 777, 8281 730 777.

സ്നേഹാശംസകളോടെ,

**ഫാ. സോണി വടശ്ശേരിൽ**
ഡയറക്ടർ

# നിർമലഗിരി വാർത്തകൾ

അധ്യയന വർഷം പ്രാർത്ഥനയോടെ ജൂൺ ഒന്നിന് തന്നെ ആരംഭിച്ചു. ബർസാർ ഫാ. ഷാജി തെക്കേമുറിയുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകൾ നടന്നു. അന്നു തന്നെ രാജപുരം പയസ് ടെൻത് കോളേജ് പ്രിൻസിപ്പലായി ചാർജ് ഏറ്റെടുക്കുന്ന ഇക്കണോമിക്സ് വിഭാഗം സീനിയർ അധ്യാപകനായ ഡോ. എം.ഡി. ദേവസ്യക്ക് യാത്രയയപ്പ് സ്വീകരണവും നടത്തി. അധ്യാപകരും അനധ്യാപകരും പങ്കെടുത്ത ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. ബർസാർ ഫാ. ഷാജി തെക്കേമുറിയിൽ അനുഗ്രഹഭാഷണം നടത്തി. ഡോ. ടി. കെ. സെബാസ്റ്റ്യൻ, ശ്രീ. തോമസ് എം.ജെ. കൗൺസിൽ സെക്രട്ടറി റവ. ഡോ. മാർട്ടിൻ ജോസഫ് എന്നിവർ പ്രസംഗിച്ചു ഡോ. എം. ഡി. ദേവസ്യ മറുപടി പ്രസംഗം നടത്തി.

അന്തർദേശീയ സൈക്കിൾ ദിനത്തോടനുബന്ധിച്ച് എൻ.എസ്.എസിന്റെ ആഭിമുഖ്യത്തിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു. പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ റാലി ഫ്ളാഗ് ഓഫ് ചെയ്തു. എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർമാരായ ശ്രീമതി ദീപ്തി ലിസ്ബത്ത്, ഡോ. ജെയ്സൻ ജോസഫ് എന്നിവർ റാലിക്ക് നേതൃത്വം നൽകി.

1978 – 80 പ്രിഡിഗ്രി ഹ്യുമാനിറ്റീസ് ബാച്ചിന്റെ പൂർവവിദ്യാർത്ഥി സംഗമം 4–ാം തീയതി പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. ബർസാർ റവ. ഫാ ഷാജി തെക്കേമുറിയിൽ മുഖ്യാതിഥിയായി പങ്കെടുത്തു.

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നിർമലഗിരികോളേജ് എൻ എസ് എസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ക്യാമ്പസിൽ വൃക്ഷത്തൈകൾ നട്ടു. ബർസാർ റവ. ഫാ. ഷാജി തെക്കേമുറിയുടെയും, വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബിന്റെയും സാന്നിധ്യത്തിൽ കോളേജ് പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ തൈനടൽ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ഡോ. ജയ്സൺ ജോസഫിന്റെ നേതൃത്വം നൽകി.

വൈവിധ്യമാർന്ന പരിപാടികളോടെ എൻ.സി.സിയും പരിസ്ഥിതി ദിനത്തിൽ സജീവമായി. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെയും ഭൂമിത്രസേനയുടെയും ആഭിമുഖ്യത്തിൽ കോളേജിൽ കനോപ്പി ഓഫ് ഏദൻ എന്ന പേരിൽ എക്സോട്ടിക് വൃക്ഷങ്ങളുടെ ഉദ്യാനം വിദ്യാർഥികളും അധ്യാപകരും അഗ്രികൾച്ചർ വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് നിർമ്മിച്ചു. കോളേജ് മിനി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കൂത്തുപറമ്പ് അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി ബിന്ദു കെ മാത്യു പരിപാടി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ തരം പദ്ധതികളെക്കുറിച്ച് മാങ്ങാട്ടിടം അഗ്രികൾച്ചർ

ഓഫീസർ ശ്രീമതി സൗമ്യ എ. വിദ്യാർത്ഥികൾക്ക് വിശദീകരിച്ചു. പ്രസ്തുത ചടങ്ങിൽ നിർമ്മലഗിരി കോളേജ് പ്രിൻസിപ്പൽ ഡോക്ടർ കെ.വി. ഔസേപ്പച്ചൻ, അധ്യക്ഷത വഹിച്ചു. ബോട്ടണി വിഭാഗം മേധാവി ഡോ. അൻപിൻ രാജ, കോളേജ് ബർസാർ മാത്യു തെക്കേമുറിയിൽ, ഐ ക്യു എ സി കോഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, ഭൂമിത്രസേന കോർഡിനേറ്റർ അസി. പ്രൊഫസർ ശ്രീമതി രശ്മി പി തോമസ്, വിദ്യാർത്ഥി പ്രതിനിധി റോസ് ജോ എന്നിവർ സംസാരിച്ചു.

തിരുവനന്തപുരത്തു നടന്ന സംസ്ഥാന എൻ.എസ്.എസ്. പുരസ്കാര ദാന ചടങ്ങിൽ 2020-21 വർഷത്തെ മികച്ച എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർക്കും യൂണിറ്റിനുമുള്ള അവാർഡ് ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി. ആർ. ബിന്ദുവിൽ നിന്ന് ഏറ്റുവാങ്ങിയ നിർമലഗിരി കോളേജ് പ്രോഗ്രാം ഓഫീസറായിരുന്ന ഡോ. ദീപാ മോൾ മാത്യുവിനും സെക്രട്ടറിയായിരുന്ന സ്വാതി ബാലകൃഷ്ണനും മാനേജ്മെന്റും കോളേജും എൻ.എസ്.എസും സ്വീകരണം നൽകി.

എൻ എസ് എസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ഭിന്നശേഷിക്കാരുടെ മക്കളുടെ പഠനാവശ്യങ്ങൾക്കായി സമാഹരിച്ച തുക കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. ഫെഡറേഷൻ ഓഫ് ദ് ബ്ളൈൻഡ് കണ്ണൂർ ജില്ലാ പ്രസിഡന്റ് ശ്രീ. സാജിദിന് കൈമാറുന്നു. പ്രോഗ്രാം ഓഫീസർമാരായ ഡോ. ജയ്സൺ ജോസഫ്, ശ്രീമതി ദീപ്തി ലിസ്ബത്ത്, വോളണ്ടിയർമാരായ ഡേവിഡ്, ജുമാന, ദീക്ഷിത എന്നിവർ പ്രസംഗിച്ചു.

മലയാള വിഭാഗം സംഘടിപ്പിച്ച സിനിമയുടെ ലോകം എന്ന സംവാദ പരിപാടിയിൽ ചലച്ചിത്രതാരം ദേവ് മോഹൻ, സംവിധായകൻ ലിയോ തദേവൂസ്, ഗായകനും സംഗീതസംവിധായകനുമായ അൽഫോൻസ് ജോസഫ് എന്നിവർ വിദ്യാർഥികളെയും അധ്യാപകരെയും ആവേശത്തി ലാഴ്ത്തി. ഉച്ചകഴിഞ്ഞ് 2 30ന് ആരംഭിച്ച പരിപാടിയിൽ മൂവരും ഒന്നിക്കുന്ന 'പന്ത്രണ്ട്' എന്ന പുതിയ ചലച്ചിത്രത്തെക്കുറിച്ചും അവരുടെ ചലച്ചിത്ര ജീവിതാനുഭവങ്ങളെക്കുറിച്ചും വിദ്യാർഥികളുമായി സംവദിച്ചു. വിദ്യാർഥി കളുടെ ചോദ്യങ്ങൾക്കുള്ള മറുപടിക്കൊപ്പം തന്നെ ഗായകനായ അൽഫോൻസ് ജോസഫ് കോളേജിലെ തന്നെ വിദ്യാർഥികളായ അലീഷ, സൂര്യനന്ദൻ, ആൽഫിൻ ബിനു എന്നിവരെയും ഉൾപ്പെടുത്തി നടത്തിയ സംഗീതവിരുന്ന് വിദ്യാർഥികളെ ഹരംകൊള്ളിച്ചു. പരിപാടിയിൽ പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ ജോബി ജേക്കബ്, മലയാള വിഭാഗം അധ്യക്ഷൻ റവ. ഡോ. മാർട്ടിൻ ജോസഫ്, വിദ്യാർത്ഥി പ്രതിനിധി സഞ്ജയ് ഷാജി എന്നിവർ സംസാരിച്ചു.

നിർമലഗിരി കോളേജ് രക്ഷാധികാരിയായി ചുമതലയേറ്റ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനിക്കും കോളേജ്

മാനേജർ മോൺ. ആന്റണി മുതുകുന്നേലിനും കോളേജിൽ സ്വീകരണ ചടങ്ങ് സംഘടിപ്പിച്ചു. കോളേജിലെ വിദ്യാത്ഥികൾക്ക് ഫ്രീ വൈ ഫൈ സൗകര്യം ഏർപ്പെടുത്തിയ കാര്യം വിദ്യാർത്ഥികളെ പിതാവ് അറിയിച്ചു. ചടങ്ങിന് കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷത വഹിച്ചു. മോൺ. ആന്റണി മുതുകുന്നേൽ പുതിയ സാരഥ്യം ഏറ്റെടുത്തു കൊണ്ട് സംസാരിച്ചു. കോളേജ് ബർസർ റവ. ഫാ. ഷാജി തെക്കേമുറിയിൽ ടീച്ചിംഗ് സ്റ്റാഫ് പ്രതിനിധി ഡോ. ടി.കെ. സെബാസ്റ്റ്യൻ, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് പ്രതിനിധി ശ്രീമതി മോളി ജോസഫ്, വിദ്യാർത്ഥി പ്രതിനിധി സഞ്ജയ് ഷാജി എന്നിവർ ആശംസകൾ നേർന്നു. വൈസ് പ്രിൻസിപ്പലും പ്രോഗ്രാം കമ്മിറ്റി കൺവീനറുമായ റവ. ഡോ. ജോബി ജേക്കബ് സ്വാഗതവും കൗൺസിൽ സെക്രട്ടറി റവ. ഡോ. മാർട്ടിൻ ജോസഫ് നന്ദിയും പറഞ്ഞു.

കോളേജ് ലൈബ്രറിയിൽ സജ്ജമാക്കിയ ബിബ്ലിയോ ഇ എന്ന ഇ റീഡിംഗ് റൂമിന്റെ ഉദ്ഘാടനവും അന്നേ ദിവസം തന്നെ തലശ്ശേരി അതിരൂപതാ ആർച്ചു ബിഷപ്പ് ആദരണീയനായ മാർ ജോസഫ് പാംപ്ലാനി അധ്യാപകരുടെയും അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും സാന്നിധ്യത്തിൽ നിർവഹിച്ചു. 7500 ലധികം വിവിധ ഭാഷകളിലുള്ള ആനുകാലികങ്ങളും ശാസ്ത്ര ഗവേഷണ പ്രസിദ്ധീകരണങ്ങളും മറ്റ് ഒട്ടനവധി പ്രസിദ്ധീകരണവും ഇ റീഡിംഗ് റൂമിൽ ലഭ്യമാണെന്ന് ലൈബ്രേറിയൻ റവ. ഫാ. അനീഷ് സി. എ. അറിയിച്ചു. ചടങ്ങിൽ കേളേജ് മാനേജർ മോൺ. ആന്റണി മുതുകുന്നേൽ ബർസാർ റവ. ഫാ. ഷാജി തെക്കെമുറിയിൽ, പ്രിൻസിപ്പൽ ഡോ. കെ.വി. ഔസേപ്പച്ചൻ എന്നിവർ പ്രസംഗിച്ചു.

നിർമലഗിരി കോളേജ് എൻ സി സി യൂണിറ്റുകളായ 9 കേരള ഗേൾസ് ബറ്റാലിയൻ കോഴിക്കോടും, 31 കേരള ബറ്റാലിയൻ കണ്ണൂരും സംയുക്തമായി അന്താരാഷ്ട്ര യോഗാദിനം ആചരിച്ചു. യോഗാദിനാചരണത്തോടനുബന്ധിച്ച് നിർമലഗിരി കോളേജിലെ വിദ്യാർഥികൾക്കായി രണ്ടാഴ്ച നീണ്ടുനിൽക്കുന്ന യോഗാ പരിശീലനത്തിനു തുടക്കമായി. പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ. വി പരിപാടി ഉദ്ഘാടനം ചെയ്തു. നിർമലഗിരി കോളേജ് കായിക വിഭാഗം അദ്ധ്യക്ഷൻ ശ്രീ ഷിനിൽ കുര്യാക്കോസ് യോഗാ പരിശീലനം നൽകി. പരിപാടിയിൽ എൻ.എസ്.എസ് വോളന്റിയേഴ്സും പങ്കെടുത്തു. എ എൻ ഒ. ലഫ്റ്റനന്റ്. ഡോ സുജ മറിയാമ്മ ജോഷ്വാ, കെയർ ടേക്കർ ശ്രീ കമിലോ ജോസഫ് എന്നിവർ പരിശീലന പരിപാടികൾക്കു നേതൃത്വം നൽകി.

കോളേജിലെ വിവിധ വകുപ്പുകളിലെ ഒഴിവുള്ള അധ്യാപക തസ്തികകളിലേക്കുള്ള ഇന്റർവ്യൂ കഴിഞ്ഞു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

# ACCOMPANYING DEAF AND AWAKENING MISSION (ADAM)

## ജൂൺ മാസ പ്രോഗ്രാം

- 4, 11 ,18, 25 തീയതികളിൽ ഓൺലൈൻ മാധ്യമത്തിലൂടെ വിശുദ്ധ കുർബാന അർപ്പിച്ചു.
- ദിവ്യകാരുണ്യ ആരാധന
- കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (CDAI) ആഭിമുഖ്യത്തിൽ ഒന്നാം തീയതി ബുധനാഴ്ച വൈകുന്നേരം എട്ടു മണി മുതൽ 9 മണി വരെ നടത്തിയ ആരാധനയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള ആളുകൾ പങ്കുചേർന്നു.

### ബാംഗ്ലൂർ മിഷൻ

- പന്ത്രണ്ടാം തീയതി ഞായറാഴ്ച ബാംഗ്ലൂർ സെന്റ് പാട്രിക് ചർച്ചിൽ ബാംഗ്ലൂർ അതിരൂപതയിലെ ബധിര വിശ്വാസ സമൂഹത്തിനായി ബലിയർപ്പിച്ച് ബൈബിൾ ക്ലാസ്സ് നൽകി.
- ഈശോയുടെ തിരുഹൃദയ *തിരുനാൾ ഇരുപത്തിനാലാം തീയതി വെള്ളിയാഴ്ച വൈകുന്നേരം തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് തിരുഹൃദയ ജപമാലയും, വിശുദ്ധ കുർബാനയും ഓൺലൈനിൽ സംഘടിപ്പിച്ചു.

### സ്കൂൾ മിഷൻ

- 29-ാം തീയതി ബുധനാഴ്ച ജ്യോതി ഭവൻ ബധിര വിദ്യാലയത്തിൽ കുട്ടികൾക്ക് വിശുദ്ധ കുർബാനയും തുടർന്ന് പത്താം ക്ലാസ് വിജയികൾക്ക് അനുമോദനവും നേർന്നു.

### ജൂലൈ മാസം പ്രോഗ്രാമുകൾ

- വിശുദ്ധ കുർബാന
- 03-07-2022 ആലക്കോട്
- 10-07-2022 ബാംഗ്ലൂർ

### ഓൺലൈൻ മിനിസ്ട്രി

- 2,9,16,23,30 വൈകുന്നേരം ആറ് മുപ്പതിന് വിശുദ്ധ കുർബാന.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

സ്നേഹമുള്ളവരേ,

കർഷകർ ഇന്നുവരെ അനുഭവിച്ചിട്ടില്ലാത്ത സമാനതകളില്ലാത്ത ദുരനുഭവങ്ങളിലൂടെ കടന്നുപോവുകയാണ്. ബഫർ സോൺ വിഷയവും, തേങ്ങയുടെ വില ഇടിവും കർഷകരെ വല്ലാത്തൊരു മാനസിക സംഘർഷത്തിലേയ്ക്ക് തള്ളിവിടുന്നുണ്ട്. ഇവിടെ സത്വരമായ ഇടപെടൽ ആവശ്യമാണ്. നമ്മുടെ അതിരൂപത കർഷക അതിരൂപതയാണ് എന്ന് നമുക്കറിയാം. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് എന്തു ത്യാഗം സഹിച്ചും കർഷകരുടെ രക്ഷയ്ക്കായി അവരോട് ഒപ്പമുണ്ട് എന്ന് നമുക്കറിയാം. അതിനാൽ ഇൻഫാം എന്ന ഒറ്റ സംഘടന മാത്രമല്ല ദിയാക്കോണിയ മൊത്തം കർഷകർക്ക് ഒപ്പമുണ്ട്.

പ്രിയപ്പെട്ടവരെ ഇരിട്ടിയിൽ വച്ച് ജൂൺ 14 ചൊവ്വാഴ്ച ദിയാക്കോണിയയുടെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാവ് വിളിച്ചു ചേർത്ത കർഷക സംഗമം വൻ വിജയമായിരുന്നു എന്ന് നമുക്കറിയാം. അതിലേയ്ക്ക് കർഷകർക്ക് ഒപ്പം നിന്ന എല്ലാ സംഘടനാനേതൃത്വത്തിനും രാഷ്ട്രീയ നേതാക്കൾക്കും ബഹു. വികാരിയച്ചൻമാർക്കും കർഷക മക്കളുടെ നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഈ നാളുകളിൽ എകെസിസി, കെസിവൈഎം തുടങ്ങിയ സംഘടനകൾ കർഷക മക്കൾക്ക് നല്കുന്ന പിന്തുണയും വളരെ വലുതാണ്. ഇരിട്ടി, പേരാവൂർ, പയ്യാവൂർ, ചെമ്പേരി, ചെറുപുഴ, ആലക്കോട് കാസർഗോഡ് പരപ്പ, നടുവിൽ തുടങ്ങിയ സ്ഥലങ്ങളിൽ കർഷക പ്രതിഷേധങ്ങൾ നടത്തുവാൻ സാധിച്ചു. അതിനാൽ തുടർന്നും പ്രതിഷേധങ്ങൾ ശക്തിപ്പെടുത്താനും മത, രാഷ്ട്രീയ, സംഘടനാ വ്യത്യാസങ്ങളില്ലാതെ കർഷകർക്കുവേണ്ടി ഒന്നിച്ചു നിന്ന് പ്രവർത്തിക്കാനും കർഷകരുടെ ആവശ്യങ്ങൾ നേടി എടുക്കാനും നമുക്ക് ഒരുമിച്ച് നിൽക്കാം പ്രവർത്തിക്കാം.

ഇൻഫാം ശാഖകൾ നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപിച്ചുകൊണ്ട് കൂടുതൽ പ്രവർത്തനങ്ങൾക്ക് നമുക്ക് വേദി ഒരുക്കാം.

സ്നേഹപൂർവ്വം

**ഫാ. തോമസ് ചെരുവിൽ**
ഡയറക്ടർ

# എ.കെ.സി.സി.

## കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ജൂൺ മാസത്തെ പ്രവർത്തന റിപ്പോർട്ട്

### എക്സിക്യൂട്ടീവ് കമ്മിറ്റി

04-06-2022 ശനിയാഴ്ച ഉച്ചതിരിഞ്ഞ് രണ്ടു മണിക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തളിപ്പറമ്പ് സെന്റ് മേരീസ് പള്ളിയുടെ പാരിഷ് ഹാളിൽ ചേർന്നു. അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ഈ യോഗത്തിൽ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കി. ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ എല്ലാ ഫൊറോനകളിലും സമ്മേളനങ്ങൾ നടത്തുവാൻ തീരുമാനിച്ചു.

സുപ്രീം കോടതിയുടെ ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ പാർലമെന്റിൽ നിയമ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കാർഷിക വിളകളുടെ വിലത്തകർച്ചയ്ക്ക് എതിരെ ജൂൺ 21ന് കേന്ദ്ര-കേരള സർക്കാർ ഓഫീസുകളുടെ മുൻപിൽ ധർണ നടത്തുവാനും അതിരൂപതാ തല ഉദ്ഘാടനം ചെറുപുഴയിൽ വെച്ച് നടത്തുവാനും തീരുമാനിച്ചു. ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ ഉദ്ഘാടനം ചെയ്യുവാൻ ക്ഷണിക്കുവാൻ തീരുമാനിച്ചു. യോഗത്തിൽ ഗ്ലോബൽ സമിതി വൈസ് പ്രസിഡണ്ട് ബേബി നെട്ടനാനി, ജനറൽ സെക്രട്ടറി ബെന്നി പുതിയാമ്പുറം, ഗ്ലോബൽ സെക്രട്ടറി ചാക്കോച്ചൻ കാരാമയിൽ, രൂപതാ ട്രഷറർ ഫിലിപ്പ് വെളിയത്ത്, ജോർജ് വടകര, അഡ്വക്കേറ്റ് കെ.ഡി. മാർട്ടിൻ എന്നിവർ പ്രസംഗിച്ചു.

### സംഘാടക സമിതി രൂപീകരണം

ജൂൺ 21 ചെറുപുഴയിൽ വെച്ച് നടക്കുന്ന കർഷക രോഷാഗ്നി ധർണയുടെ രൂപതാതല ഉദ്ഘാടന രൂപരേഖ തയ്യാറാക്കുവാൻ ചെറുപുഴ സെന്റ് മേരീസ് പാരിഷ് ഹാളിൽ യോഗം ചേർന്നു. അതിരൂപത പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ചെറുപുഴ ഫൊറോനാ വികാരി ഫാദർ ജോസ് വെട്ടിക്കൽ യോഗം ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാദർ ആന്റണി തെക്കേമുറി മുഖ്യപ്രഭാഷണം നടത്തി. ചെറുപുഴ തോമാപുരം ഫൊറോനയിൽ നിന്നും നൂറോളം പേർ യോഗത്തിൽ പങ്കെടുത്തു. പതിനായിരത്തോളം ആൾക്കാരെ പങ്കെടുപ്പിച്ചു കൊണ്ട് പടുകൂറ്റൻ പ്രകടനത്തോടെ ധർണ വിജയിപ്പിക്കുവാൻ തീരുമാനിച്ചു. ഫാദർ ജോസ് വെട്ടിക്കൽ ചെയർമാനായും, ഫാദർ ആന്റണി തെക്കേമുറി കൺവീനറായും 51 അംഗ കമ്മിറ്റി രൂപീകരിച്ചു. യോഗത്തിൽ ഫിലിപ്പ് വെളിയത്ത്, സാജു പടിഞ്ഞാറ്റേടത്ത്, ജോസ് മുണ്ടുപാലം എന്നിവർ പ്രസംഗിച്ചു.

തുടർന്ന് സംഘാടക സമിതിയുടെ നേതൃത്വത്തിൽ രണ്ട് ഫൊറോനകളിലെ മുഴുവൻ പള്ളികളും സന്ദർശിച്ച് ബഹു. വൈദികരുടെ സഹകരണം അഭ്യർത്ഥിച്ചു. അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ, പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ, ട്രഷറർ ഫിലിപ്പ് വെളിയത്ത് എന്നിവർ ബഹു. വൈദികരുടെ മാസ ധ്യാനത്തിൽ പങ്കെടുത്ത് സമരത്തിന്റെ ആവശ്യകതയെകുറിച്ച് വിശദീകരിക്കുകയും സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു.

## ജൂൺ 21 കർഷക രോഷാഗ്നി

മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ജൂൺ 21ന് ചെറുപുഴയിൽ സംഘാടകരുടെ പ്രതീക്ഷപോലെ പതിനായിരത്തിൽ പരം ആൾക്കാർ പങ്കെടുത്ത കർഷക പ്രകടനത്തോടെ കർഷക രോഷാഗ്നി ധർണ നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ധർണ ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ കർഷകർ സംഘടിക്കില്ല എന്ന ധാരണ സർക്കാറുകൾക്ക് ഇനി വേണ്ട എന്നും, കർഷകനെ അവഗണിക്കുന്ന സർക്കാറുകളെ ഇനി കർഷകർക്ക് വേണ്ട എന്നും, കർഷകരെ വഴിയാധാരം ആക്കുവാൻ കേന്ദ്ര-കേരള കൈകോർത്തു എന്നും പിതാവ് പറഞ്ഞു.

മാറിമാറി വരുന്ന സർക്കാറുകൾ എല്ലാം കർഷക താത്പര്യങ്ങൾക്ക് എതിരായി ആണ് പ്രവർത്തിച്ചതെന്ന് അതിരൂപത ഡയറക്ടർ ഫാദർ ഫിലിപ്പ് കവിയിൽ പറഞ്ഞു. കാർഷിക വിളകളുടെ വിലത്തകർച്ച മൂലം നട്ടംതിരിയുന്ന കർഷകരെ സഹായിക്കുവാൻ ഒരു സർക്കാരും യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന് അതിരൂപതാ പ്രസിഡണ്ട് അഡ്വക്കേറ്റ് ടോണി ജോസഫ് പുഞ്ചക്കുന്നേൽ പറഞ്ഞു. അഡ്വക്കേറ്റ് ഷീജ കാറുകുളം, ഫിലിപ്പ് വെളിയത്ത്, സിബി ജാതികുളം, ഷിജിത്ത് കുഴിവേലിൽ, ബേബി നെട്ടനാനി, ബെന്നി പുതിയാമ്പുറം എന്നിവർ പ്രസംഗിച്ചു. കർഷക രോഷാഗ്നിയുടെ വിജയത്തിനായി അഹോരാത്രം പ്രവർത്തിച്ച ഫാദർ ജോസ് വെട്ടിക്കൽ, ഫാദർ മാർട്ടിൻ കിഴക്കേതലക്കൽ, ഫാദർ ആന്റണി തെക്കേമുറി, ഫാദർ ജോമി തൊട്ടിയിൽ അവരോടൊപ്പം പ്രവർത്തിച്ച ചെറുപുഴ തോമാപുരം ഫൊറോനയിലെ മുഴുവൻ വൈദികരോടും, കത്തോലിക്കാ കോൺഗ്രസ് ഫൊറോനാ ഭാരവാഹികളോടും പ്രത്യേകം കൃതജ്ഞത അറിയിക്കുന്നു.

ഇതേ ദിവസം തന്നെ എടൂർ, ചെമ്പേരി, തളിപ്പറമ്പ, വായാട്ടുപറമ്പ്, ആലക്കോട്, പനത്തടി ഫൊറോനാ കേന്ദ്രങ്ങളിലും കർഷക റാലിയും, കർഷക രോഷാഗ്നി ധർണയും നടന്നു. എടൂരിലെ സമ്മേളനം ഫാദർ ജോസ് പൂവന്നിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. ബെന്നി മഠത്തിനാൽ അദ്ധ്യക്ഷത വഹിച്ചു. തളിപ്പറമ്പിലെ സമ്മേളനം TSSS അതിരൂപത ഡയറക്ടർ ഫാദർ ബെന്നി നിരപ്പേൽ ഉദ്ഘാടനം ചെയ്തു. അഡ്വക്കേറ്റ് കെ.ഡി മാർട്ടിൻ അദ്ധ്യക്ഷത വഹിച്ചു. ജോർജ് വടകര, സജീവ് ജോസഫ് എന്നിവർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു, പ്രതീക്ഷാ മദ്യപാന ചികിത്സാകേന്ദ്രം

**ലോക പുകയില വിരുദ്ധ ദിനം**

മെയ് 31ന് ലോക പുകയില വിരുദ്ധ ദിനം ആചരിച്ചു. അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ ലഹരി വസ്തുക്കളുടെ പ്രതീകാത്മക മായ ഹോമം നടന്നു. ഡയറക്ടറച്ചൻ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ മേരിക്കുട്ടി പാലയ്ക്കലോടി, ടോമി വെട്ടിക്കാട്ട്, സി. ജോസ് മരിയ സിഎംസി എന്നിവരടക്കം അറുപതോളം പേർ പങ്കെടുത്തു.

**മാട്ടറ സമ്മേളനം**

ജൂൺ 1ന് മാട്ടറയിൽ നെല്ലിക്കാംപൊയിൽ മേഖലാ സമ്മേളനം നടന്നു. രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയായിരുന്നു സമ്മേളനം. ഫാ. ഷാജി ആശാരിക്കുന്നേൽ ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, സി. ജോസ് മരിയ സിഎംസി എന്നിവർ ക്ലാസ്സുകൾ എടുത്തു. നൂറോളം പ്രവർത്തകർ പങ്കെടുത്തു.

---

പ്രസംഗിച്ചു. ചെമ്പേരിയിലെ സമ്മേളനം ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ഫാദർ ജോർജ് കാഞ്ഞിരക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഫാദർ ഫിലിപ്പ് ഇരുപ്പക്കാട്ട്, ജിമ്മി ഐത്തമറ്റം എന്നിവർ പ്രസംഗിച്ചു.

വായാട്ടുപറമ്പിലെ സമ്മേളനം ഫാദർ തോമസ് തെങ്ങുംപള്ളിൽ ഉദ്ഘാടനം ചെയ്തു. ഫാദർ ഫിലിപ്പ് കവിയിൽ ജാഥ ഉദ്ഘാടനം ചെയ്തു. ജോസ് ഏത്തക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. അഡ്വക്കേറ്റ് ബിനോയി തോമസ് പ്രസംഗിച്ചു. ആലക്കോട് സമ്മേളനം ഫാദർ ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു. ടോമി കണയങ്കൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന വികാരി ഫാദർ മാണി ആട്ടേൽ മുഖ്യപ്രഭാഷണം നടത്തി. പനത്തടി സമ്മേളനം ഫാദർ തോമസ് പട്ടാംകുളം ഉദ്ഘാടനം ചെയ്തു. ജോണി തോലമ്പുഴ അദ്ധ്യക്ഷത വഹിച്ചു. ഫാദർ ജോർജ് പുതുപ്പറമ്പിൽ, ഫാദർ ആന്റണി ചാണക്കാട്ടിൽ, റോയ് ആശാരിക്കുന്നേൽ, പീയുസ് പറയിടം, ബാബു കദളിമറ്റം എന്നിവർ പ്രസംഗിച്ചു.

സ്നേഹപൂർവം,

**അഡ്വ. ടോണി ജോസഫ് പുഞ്ചക്കുന്നേൽ**
പ്രസിഡണ്ട്

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ

## മാങ്ങോട് ബോധവൽക്കരണം

ജൂൺ 3ന് മാങ്ങോട് വെച്ച് മദ്യ-ലഹരി ബോധവൽക്കരണം നടത്തി. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയും ഡയറക്ടറച്ചനും നേതൃത്വം നൽകി.

## മദ്യവിമുക്തരുടെ സമ്മേളനം

ജൂൺ 5ന് മദ്യവിമുക്തരുടെ സമ്മേളനം നടന്നു. ഡയറക്ടറച്ചൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ നൂറോളം പേർ പങ്കെടുത്തു. തലശ്ശേരി പ്രതീക്ഷ പരിപാടികൾക്ക് ആതിഥ്യം വഹിച്ചു.

## കുന്നോത്ത് ബോധവൽക്കരണം

ജൂൺ 9ന് കുന്നോത്ത് മദ്യ-ലഹരി ബോധവൽക്കരണം നടന്നു. ഫാ. അഗസ്റ്റിൻ പാണ്ട്യാമ്മാക്കൽ, ഡയറക്ടറച്ചൻ എന്നിവർ നേതൃത്വം നൽകി.

## പ്രതീക്ഷയിൽ സെമിനാർ നടത്തി

പ്രതീക്ഷാ ചികിത്സാ കേന്ദ്രത്തിൽ ഡയറക്ടറച്ചൻ അർദ്ധദിന സെമിനാർ നടത്തി. 'ബിഹേവിയർ തെറാപ്പി'യിലൂടെയാണ് സെമിനാർ നയിച്ചത്.

## പി.ഒ.സിയിൽ പ്രബന്ധാവതരണം

ജൂൺ 14ന് പി.ഒ.സിയിൽ നടന്ന വാർഷിക സമ്മേളനത്തിൽ 'പുതിയ കാലഘട്ടത്തിലെ മദ്യവിരുദ്ധ പ്രവർത്തനം' എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തി.

## ജൂൺ 15 പേരാവൂർ വൈദിക കൂട്ടായ്മയിൽ

ജൂൺ 15ന് പേരാവൂരിൽ നടന്ന വൈദിക കൂട്ടായ്മയിൽ ഡയറക്ടറച്ചൻ പങ്കെടുത്തു. മദ്യവിരുദ്ധപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് സംസാരിച്ചു.

## ജൂൺ 16 ADSU അതിരൂപതാതല ആലോചനാ സമ്മേളനം

ജൂൺ 16ന് പേരാവൂരിൽ വെച്ച് ADSU അതിരൂപതാ ആലോചനാ സമ്മേളനം നടന്നു. ജൂലൈ 1 മുതൽ സ്കൂളുകളിൽ ലഹരി ബോധവൽക്കരണം ആരംഭിക്കുവാനും അതിന്റെ സംസ്ഥാനതല ഉദ്ഘാടനം പേരാവൂരിൽ വെച്ച് നടത്താനും തീരുമാനിച്ചു. ആർച്ച് പ്രീസ്റ്റ് തോമസ് കൊച്ചുകരോട്ട്, ഫാ. ജോബി വലിയപറമ്പിൽ, ജോർജ് തയ്യിൽ എന്നിവർ പ്രസംഗിച്ചു.

## ഗവേണിങ്ങ് ബോഡി മീറ്റിംഗ്

ജൂൺ 17ന് പ്രതീക്ഷയുടെ ഗവേണിങ്ങ് ബോഡി മീറ്റിംഗ് നടന്നു. വികാരി ജനറാളന്മാരായ മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ഫാ. ജോജി കാക്കരമറ്റത്തിൽ, ഫാ. ഷാജി തെക്കേമുറി എന്നിവർ പങ്കെടുത്തു.

## സാംസ്കാരിക സദസ്സ് തലശ്ശേരിയിൽ

സമൂഹത്തിൽ നടക്കുന്ന അക്രമത്തേയും അസന്തുലിതാവസ്ഥയേയും

സർക്കാരുകളുടെ ജനവിരുദ്ധ നിലപാടുകളേയും ചോദ്യം ചെയ്തുകൊണ്ട് ജൂൺ 17ന് വെകു. 4.30ന് തലശ്ശേരി പഴയസ്റ്റാന്റ് പരിസരത്ത് സാംസ്ക്കാരിക സദസ്സ് നടന്നു. ഡയറക്ടറച്ചൻ മുഖ്യപ്രഭാഷണം നടത്തി.

## നെല്ലിക്കാംപൊയിൽ മേഖലാ സമ്മേളനം

ജൂൺ 18ന് ശനിയാഴ്ച മേഖലാ സമ്മേളനം നെല്ലിക്കാംപൊയിൽ നടന്നു. അറുപത്തിഅഞ്ചോളം പേർ പങ്കെടുത്തു. രാവിലെ 9.30 ആരംഭിച്ച സമ്മേളനം ഉച്ചയ്ക്ക് 1.15ന് സമാപിച്ചു. ഫാ. ജോസഫ് കാവനാടിയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡയറക്ടറച്ചൻ ക്ലാസ് നയിച്ചു. ഭാവിപരിപാടികൾ ചർച്ച ചെയ്തു.

## ബഫർസോൺ ധർണ ഉളിക്കല്ലിൽ

ബഫർസോൺ പ്രഖ്യാപനത്തിനെതിരെ ഉളിക്കല്ലിൽ ധർണ നടന്നു. സംസ്ഥാന വക്താവ് ഫാ. ചാക്കോ കുടിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. ടോമി വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ദേവസ്യ റ്റി.ഡി, ജിജോ കോലക്കുന്നേൽ, സെബാസ്റ്റ്യൻ കുന്നിനി എന്നിവർ പ്രസംഗിച്ചു.

## പുതിയങ്ങാടി ബോധവൽക്കരണ ദിനാചരണം

ജൂൺ 19ന് പുതിയങ്ങാടിയിൽ മദ്യ-ലഹരി ബോധവൽക്കരണ ദിനാചരണം നടന്നു. ഡയറക്ടറച്ചൻ ബോധവൽക്കരണം നടത്തി.

## മുക്തിശ്രീ പഠനശിബരം

ജൂൺ 20ന് അതിരൂപതാ മുക്തിശ്രീ പ്രവർത്തക സമിതി അംഗങ്ങൾക്ക് പഠനശിബിരം നടത്തി. സംഘടനാ ശക്തീകരണം, ബന്ധങ്ങളിലെ ആഴപ്പെടൽ എന്നീ വിഷയങ്ങളിൽ ഗൗരവമേറിയ ചർച്ച നടന്നു. രാവിലെ 9.30 മുതൽ 1.30 വരെ ഉളിക്കല്ലിൽ വച്ചാണ് പഠനശിബിരം നടന്നത്. ഡയറക്ടറച്ചൻ നേതൃത്വം നൽകി.

## മദ്യവിരുദ്ധ പഠനശിബിരം

ജൂൺ 20ന് ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണിവരെ കെബിസി മദ്യവിരുദ്ധ പ്രവർത്തകർക്ക് ഉളിക്കല്ലിൽ പഠനശിബിരം നടത്തി. സംഘടനാശാക്തീകരണം, പരസ്പരബന്ധത്തിലൂടെ സംഘാതശാക്തീകരണം എന്നീ വിഷയങ്ങളിൽ ചർച്ച നടന്നു. ഡയറക്ടറച്ചൻ നേതൃത്വം നൽകി.

ആദരവോടെ,

**ഫാ. മാത്യു കാരിക്കൽ**
അഡ്മിനിസ്ട്രേറ്റർ
ഡയറക്ടർ, എഡിഎസ്യു

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ഏയ്ഞ്ചൽ ട്രസ്റ്റ്

## ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ

ഡയാലിസിസ് ആവശ്യമുള്ള സമൂഹത്തിലെ നിർധനരായ വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി കരുവഞ്ചാലിൽ സ്ഥാപിതമായ ഏയ്ഞ്ചൽ (ANGEL-Archbishop Njaralakatt George's Envision for Life) ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചു. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്നവർക്കായി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ ഡയാലിസിസ് സെന്ററിലൂടെ വർദ്ധിച്ചുവരുന്ന നിരവധി വൃക്കരോഗികളെ സഹായിക്കാനുള്ള കർമ്മപദ്ധതികൾ പ്രാവർത്തികമാക്കിയിരിക്കുന്നു. നിശ്ചിത തുക ഈ സത്കർമ്മത്തിനായി സംഭാവന ചെയ്യാൻ സന്നദ്ധതയുള്ള എല്ലാ സുമനസ്സുകളുടെയും ഫൊറോനകളുടേയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഇങ്ങനെ ലഭിച്ച തുക ഉപയോഗിച്ച് മെഷീനുകളും മറ്റു അടിസ്ഥാന സൗകര്യങ്ങളും ഡയാലിസിസ് സെന്ററിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിനായി സഹകരിക്കുകയും മനസ്സറിഞ്ഞ് സഹായിക്കുകയും ചെയ്ത എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുന്നു.

## ഏയ്ഞ്ചൽ – ഡയറക്ടേഴ്സ് മീറ്റിംഗ്

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അതിരൂപതാ ഡയറക്ടേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇരിട്ടി കടത്തുംകടവിൽ 2022 ജൂലൈ മാസത്തിൽ പ്രവർത്തനമാരംഭിക്കുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**ഈ പുണ്യപ്രവൃത്തിക്കായി സംഭാവന നൽകിയവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

(2022 മെയ് 25–ന് ശേഷം 2022 ജൂൺ 25 വരെയുള്ള കണക്കുകൾ)

| | | |
|---|---|---|
| 1 | Mathai V M, Udayagiri | 3,00,000/- |
| 2 | Jessy Babu, Vallithode | 15,000/- |
| 3 | CMC St. Joseph Province | 25,000/- |
| 4 | Mathruvedi Alakode | 3,000/- |
| 5 | Mathruvedi Vayattuparamba | 3,500/- |
| 6 | Mathruvedi Kunnoth | 3,250/- |
| 7 | Mathruvedi Chempanthotty | 6,700/- |
| 8 | Mathruvedi Panathady | 3,000/- |

| | | |
|---|---|---|
| 9 | Mathruvedi Peravoor | 3,000/- |
| 10 | Mathruvedi Thaliparamba | 3,000/- |
| 11 | Mathruvedi Marygiri | 2,700/- |
| 12 | Mathruvedi Nellickampoyil | 3,000/- |
| 13 | Mathruvedi kanhangad | 3,000/- |
| 14 | Mathruvedi Edoor | 3,000/- |
| 15 | Mathruvedi Vellarikundu | 3,000/- |
| 16 | Mathruvedi Thomapuram | 3,000/- |
| 17 | Mathruvedi Cherupuzha | 3,000/- |
| 18 | Mathruvedi Paisakary | 3,000/- |
| 19 | Mathruvedi Chemperi | 3,000/- |

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അക്കൗണ്ടിൽ സീറോ ബാലൻസ് ആവാതിരിക്കുവാൻ എല്ലാ ഫൊറോനകളിൽ നിന്നും ശ്രദ്ധിക്കേണ്ടതാണ്. അക്കൗണ്ടുകൾ ഇനിയും സീറോ ബാലൻസ് ആയി തുടർന്നാൽ അക്കൗണ്ടുകൾ ക്യാൻസൽ ആവുകയും വീണ്ടും പുതിയ അക്കൗണ്ടുകൾ ആരംഭിക്കേണ്ടതായി വരുമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരത്തിൽ അക്കൗണ്ടുകൾ കാൻസൽ ആവാതിരിക്കുവാൻ സീറോ ബാലൻസ് അക്കൗണ്ടുകളിൽ ഉടനെ ഇടപാടുകൾ നടത്തുവാൻ ഫൊറോന വികാരിയച്ചന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

## ചികിത്സാ ചിലവുകൾ

ഓരോ ഫൊറോനകളിൽനിന്നും നിർധന കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന, സഹായം അർഹിക്കുന്ന വൃക്കരോഗികൾക്ക് 850/– രൂപ നിരക്കിൽ ഡയാലിസിസ് സൗകര്യം നൽകുവാൻ അഭിവന്ദ്യ പിതാക്കന്മാരുടെ അധ്യക്ഷതയിൽ ചേർന്ന ഓരോ ഫൊറോനകളുടെയും വികാരിമാർ, ഏയ്ഞ്ചൽ ട്രസ്റ്റ് ബോർഡ് മെമ്പർമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ തുടങ്ങിയവർ സംബന്ധിച്ച മീറ്റിംഗിൽ തീരുമാനമെടുത്തു. ഇത്തരത്തിൽ സഹായം അർഹിക്കുന്നവർക്ക് ഓരോ ഡയാലിസിസിനും ചിലവാകുന്ന 900/– രൂപ അതാത് ഫൊറോനകളിൽ അടയ്ക്കാവുന്നതാണ്. മറ്റുള്ളവർ ആശുപത്രിയിലെ ചികിത്സാചെലവുകൾക്കനുസരിച്ച് ഫീസ് ഡയാലിസിസ് സെന്ററിൽ നേരിട്ട് അടയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓരോ ഫൊറോനകളുടെയും വികാരിമാർ, ഫൊറോനയിൽ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വൈദികർ എന്നിവർ മുഖേന ബന്ധപ്പെടാവുന്നതാണ്.

## ഡയാലിസിസ് സെന്ററിന്റെ സേവനം ഇരിട്ടി മേഖലയിലും

സച്ചിദാനന്ദ പ്രകൃതിക്ഷേത്ര ട്രസ്റ്റിന്റെ ഇരിട്ടി കടത്തുംകടവിൽ പ്രവർത്തനമാരംഭിക്കുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സെന്റർ കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു. ഏയ്ഞ്ചൽ ട്രസ്റ്റിന്റെ

പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നിർധനരും സാധാരണ ക്കാരുമായ വൃക്കരോഗികൾക്ക് ഡയാലിസിസ് സെന്ററിന്റെ സേവനങ്ങൾ 2022 ജൂലൈ മാസം മുതൽ ലഭ്യമാക്കുന്നു.

## ഏയ്ഞ്ചൽ - പണമിടപാടുകൾ

ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ ഫൊറോനകൾ അടിസ്ഥാന മാക്കിയുള്ള സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുഗമമാക്കുന്നതിനായി ഓരോ മേഖലകളിലും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിരു ന്നുവല്ലോ. പുതുതായി ആരംഭിച്ച സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടുക ളുടെ പാസ്ബുക്കുകളും, പണമിടപാടുകൾ നടത്തുന്നതിനായി റെസീപ്റ്റ് ബുക്കുകളും ചെക്ക് ബുക്കുകളും എല്ലാ ഫൊറോനകളിലും ലഭ്യമാക്കി യിട്ടുണ്ട്. പരമാവധി 2000/- (രണ്ടായിരം) രൂപ വരെ പണമായിട്ട് വാങ്ങുന്ന തായിരിക്കും കൂടുതൽ ഉചിതം. സുതാര്യത ഉറപ്പുവരുത്തുന്നതിനായി സംഭാവനയായി ലഭിക്കുന്ന തുക പരമാവധി ബാങ്ക് വഴി ഇടപാടുകൾ നടത്തുവാൻ ശ്രമിക്കേണ്ടതാണ്. 80G ഉള്ളതിനാൽ ഓഡിറ്ററുടെ നിർദ്ദേശപ്രകാരം ലഭിച്ച സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻനമ്പർ കൂടി ചേർക്കേണ്ടതാണ്. അതിനാൽ പണമായോ ചെക്ക് ആയോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെയും പാൻകാർഡിന്റെയും ഒരോ കോപ്പി വീതം വാങ്ങിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

നിർധന കുടുംബങ്ങളിലെ കിഡ്നിരോഗികൾക്ക് ഓരോ ഫൊറോന യിൽ നിന്നും നൽകേണ്ട സഹായ കൂപ്പണും വൗച്ചറും ഏയ്ഞ്ചൽ ഡയറക്ടേഴ്സ് മീറ്റിംഗിൽ വച്ച് വിതരണം ചെയ്തു. ഏറ്റവും അർഹതപ്പെട്ട രോഗിക്ക് മാത്രം കൂപ്പൺ നൽകുവാൻ എല്ലാ ഫൊറോനകളിൽ നിന്നും പ്രത്യേകം ശ്രദ്ധിക്കേണ്ടതും, ട്രസ്റ്റുമായി ബന്ധപ്പെട്ട എല്ലാ ചിലവുകളും വൗച്ചർ എഴുതി കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

ഫൊറോനകളിൽ നിന്നും ഏയ്ഞ്ചൽ ട്രസ്റ്റിന്റെ വരവ് - ചെലവ് കണക്കുകൾ എല്ലാ മാസവും 5-ാം തീയതിക്കു മുമ്പായി ഇതോടൊപ്പം തന്നിരിക്കുന്ന മെയിൽ ഐഡിയിലേക്ക് അയയ്ക്കേണ്ടതാണ്. അതിനായി ഫൊറോനയിലെ ഏയ്ഞ്ചൽ ട്രസ്റ്റിന്റെ ഉത്തരവാദിത്വമുള്ള വികാരിയച്ച ന്മാരുടെ സഹകരണം സ്നേഹപൂർവ്വം അപേക്ഷിക്കുന്നു.

E-mail : tsssacc@gmail.com
കൂടുതൽ വിവരങ്ങൾക്ക് : +917034532294

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ജിൻസ് വാളിപ്ലാക്കൽ**
കോർഡിനേറ്റർ, ഏയ്ഞ്ചൽ ട്രസ്റ്റ്

**ഫാ. ബെന്നി നിരപ്പേൽ**
മാനേജിംഗ് ട്രസ്റ്റി, ഏയ്ഞ്ചൽ ട്രസ്റ്റ്

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### അഭിനന്ദനങ്ങൾ

കണ്ണൂർ ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി മെമ്പറായി കേരള സർക്കാർ നിയമിച്ച തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ബെന്നി നിരപ്പേൽ അച്ചന് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി കുടുംബാംഗങ്ങളുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

### SHG ലോൺ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും ധനലക്ഷ്മി ബാങ്കും സംയുക്തമായി കാർഷികമേഖലയുടെ ഉന്നമനത്തിനായി SHG ഗ്രൂപ്പുകൾക്ക് ലോണുകൾ വിതരണം ചെയ്തു. എടൂർ, പേരാവൂർ, നെല്ലിക്കാംപൊയിൽ എന്നിവിടങ്ങളിലായി 700-ഓളം പേർക്കായി ഏഴ് കോടി രൂപയുടെ വിതരണ മാണ് നടത്തിയത്.

### ലോകപുകവലി വിരുദ്ധദിനാചരണം - സെമിനാർ

ലോകപുകവലി വിരുദ്ധദിനാചരണത്തിന്റെ ഭാഗമായി തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. നെല്ലിക്കാംപൊയിൽ TSSS മേഖലാ ഓഫീസിൽവച്ച് നടത്തിയ സെമിനാറിൽ TSSS മേഖലാ പ്രസിഡണ്ട് ശ്രീ. ജോസഫ് മരങ്ങാട്ടുമ്യാലിൽ, TSSS മേഖലാ സെക്രട്ടറി ശ്രീ. മാത്യു വാണിയകിഴക്കേൽ, മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗം ഡോക്ടർമാരായ ഡോ. ഫിനിസ്, ഡോ. നീതു, TSSS പ്രോഗ്രാം മാനേജർമാരായ ശ്രീമതി മേഴ്സി ജേക്കബ്, സി. റീമ FCC തുടങ്ങിയവർ പങ്കെടുത്തു.

### ഏയ്ഞ്ചൽ - ഡയറക്ടേഴ്സ് മീറ്റിംഗ്

ഏയ്ഞ്ചൽ ട്രസ്റ്റിന്റെ അതിരൂപതാ ഡയറക്ടേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചൻ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇരിട്ടി കടത്തുംകടവിൽ 2022 ജൂലൈ മാസത്തിൽ പ്രവർത്തനമാരംഭിക്കുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

### ബഫർ സോൺ

സംരക്ഷിത വനമേഖലയ്ക്കും വന്യജീവി സങ്കേതങ്ങൾക്കു ചുറ്റും ഒരു കിലോമീറ്റർ ദൂരം വായുവിൽ പരിസ്ഥിതിലോല പ്രദേശമാക്കണമെന്ന സുപ്രീം കോടതി വിധിക്കെതിരെ ജനവാസ കേന്ദ്രങ്ങളെ പ്രതിസന്ധിയി

ലാക്കുന്ന ബഫർ സോൺ പ്രഖ്യാപനം പിൻവലിക്കുക എന്ന നിർദ്ദേശം മുൻനിർത്തി തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയും കക്ഷി-രാഷ്ട്രീയത്തിനതീതമായി നാനാജാതി മതസ്ഥരും ഇരിട്ടിയിൽ പ്രതിഷേധസംഗമം സംഘടിപ്പിച്ചു. തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, TSSS റീജിയണൽ ഡയറക്ടർ ഫാ. ജെയിസ് കുരിശുംമൂട്ടിൽ, നിരവധി TSSS പ്രവർത്തകർ തുടങ്ങിയവർ പ്രതിഷേധസംഗമത്തിൽ പങ്കെടുത്തു.

## നബാർഡുമായി സഹകരിച്ച് വിവിധ പദ്ധതികൾ

നബാർഡുമായി (NABARD - National Bank For Agriculture And Rural Development) സഹകരിച്ച് വിവിധ പ്രൊജക്ടുകളും പദ്ധതികളും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടപ്പിലാക്കുന്നതിനായി TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ നബാർഡ് കണ്ണൂർ ഡിസ്ട്രിക്ട് ഡെവലപ്മെന്റ് മാനേജർ ശ്രീ. ജിഷിമോനുമായി ചർച്ച നടത്തി.

## ഗ്രാമീയ നോട്ടുബുക്കുകളുടെ വിതരണം

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളോടൊത്ത് നടത്തിവരുന്ന ചൈൽഡ്‌ലൈൻ, ഫാമിലി കൗൺസിലിംഗ് സെന്റർ, കാവൽപ്ലസ് പദ്ധതി എന്നീ വിവിധ പ്രൊജക്ടുകൾ വഴി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ നിർധന കുടുംബ ങ്ങളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി നോട്ടുബുക്കുകൾ വിതരണം ചെയ്തു.

## മേഖലാതല മീറ്റിംഗ്

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മേഖലാതല മീറ്റിംഗ് നടത്തി. ആലക്കോട്, മേരിഗിരി, ചെമ്പേരി, പൈസക്കരി മേഖലകളിൽ സംഘടിപ്പിച്ച മീറ്റിംഗിൽ TSSS ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ പങ്കെടുക്കുകയും അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

## ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

തലശ്ശേരി അതിരൂപതയുടെ പുതിയ സംരംഭമായ ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പദ്ധതി പ്രവർത്തനങ്ങൾ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ തലശ്ശേരിയിൽ മീറ്റിംഗ് സംഘടിപ്പിക്കുകയും ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ പ്രവർത്തനാവലോകനങ്ങൾ വിലയിരുത്തുകയും ചെയ്തു.

## റേഡിയോ സ്റ്റേഷൻ

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കാസർഗോഡ് പടന്നക്കാടിൽ പുതുതായി പ്രവർത്തനമാരംഭിക്കുന്ന

കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. റെക്കോർഡിംഗ് സ്റ്റുഡിയോ, ടവർ ലൊക്കേഷൻ, മറ്റു അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിലയിരുത്താൻ ഡൽഹി മിനിസ്റ്ററി ഓഫ് ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് വകുപ്പിൽനിന്നും ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവുമായി ചർച്ചകൾ നടത്തുകയും ചെയ്തു.

## കാൻസർ പരിശോധനാ ക്യാമ്പുകൾ

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കാനും ഇതുവഴി സാധിച്ചിട്ടുണ്ട്. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ ഈ മാസത്തെ സൗജന്യ പരിശോധന (നെല്ലിക്കാംപൊയിൽ) ജൂലൈ 04 തിങ്കൾ, (ആലക്കോട്) ജൂലൈ 09 ശനി, (ചിറ്റാരിക്കാൽ) ജൂലൈ 11 തിങ്കൾ എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് മേഖലകളിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

## മികച്ചയിനം കൊക്കോ തൈകളുടെ വിതരണം

കർഷകർക്ക് മികച്ച ഫലം ഉറപ്പുവരുത്തുന്ന കൊക്കൊ തൈകൾ ഈ വർഷവും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിതരണത്തിന് തയ്യാറാക്കിയിരിക്കുന്നു. മറ്റു ഫല വൃക്ഷങ്ങൾക്കിടയിലും നല്ല രീതിയിൽ വളർത്തിയെടുക്കാവാൻ സാധിക്കുന്ന തരത്തിലുള്ള കൊക്കോ തൈകൾ ആണ് ഇത്തവണ തയ്യാറാക്കിയിരി ക്കുന്നത്. തൈ ഒന്നിന് 11 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. 500 തൈകളെങ്കിലും ഒന്നിച്ചു വാങ്ങുന്നവർക്ക് അതാത് സ്ഥലങ്ങളിൽ എത്തിച്ചു നൽകുന്നതാണ്. കുറഞ്ഞ എണ്ണം തൈകൾ ആവശ്യമുള്ളവർക്ക് TSSS മേഖല ഓഫീസുകളിൽ നിന്നും ലഭ്യമാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: +917736572566 (അഖിൽ TSSS).

ഒത്തിരി സ്നേഹത്തോടെ,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### മെയ് 2022

20 വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ വച്ച് നടന്ന നാക്ക് അക്രഡിറ്റേഷൻ മീറ്റിംഗിൽ പങ്കെടുത്തു.

21 മാലോം ഇടവകയിൽ പുതനപ്ര കുര്യൻ പടിഞ്ഞാത്ത് മരിയ എന്നിവരുടെ വിവാഹത്തിന് മുഖ്യകാർമികത്വം വഹിച്ചു. മാലോം ഇടവകയിൽ ശ്രീ. ബേബി കിഴക്കേകുടിലിലിന്റെ ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. ചുള്ളി ഇടവകയിൽ ബഹു. റെനി അരിപ്ലാക്കൽ അച്ചന്റെ മാതാപിതാക്കളുടെ വിവാഹത്തിന്റെ സുവർണജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജിൽവച്ച് നടന്ന ജീസസ് യൂത്ത് കാസർഗോഡ് സോണിന്റെ ക്യാമ്പിൽ പങ്കെടുത്ത് കുട്ടികളുമായി സംസാരിച്ചു. പുന്നക്കുന്ന് ഇടവകയിൽ നിര്യാതനായ ബഹു. ആന്റണി വെട്ടിയാനിക്കൽ അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. ഇരിട്ടി ഇടവകയുടെ ജൂബിലിയോട് അനുബന്ധിച്ച് നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു.

22 ഇരിട്ടി ഇടവകയിൽ അജപാലന സന്ദർശനം നടത്തി. ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടന്ന പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ (സാൾട്ട്) പങ്കെടുത്ത് കുട്ടികളുമായി സംസാരിച്ചു.

23 മണിപ്പാറ ഇടവയിൽ ബഹു. ജോസ് മണിപ്പാറ അച്ചന്റെ ചരമവാർഷികത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് സെമിത്തേരി സന്ദർശിച്ച് വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. എയ്ഞ്ചൽ ഡയാലിസീസ് യൂണിറ്റിന്റെ പുതിയ സെന്റർ ഇരിട്ടിക്കടുത്ത് കടത്തുംകടവിൽ ഉള്ള ചക്കരക്കുട്ടൻ ബാല സദനത്തിൽ വെഞ്ചരിച്ചു. തുടർന്ന് നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്തു. കരുവഞ്ചാൽ ഇടവകയിൽ നിര്യാതയായ ബഹു. സി. ലൂസി ജോസഫ് എംഎസ്എം എച്ച്സി യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

24 തലശ്ശേരി അതിരൂപത കേന്ദ്രത്തിലെത്തിയ ഓർത്തഡോക്സ് സുറിയാനി സഭയുടെ അധ്യക്ഷൻ ബസേലിയോസ് മാർത്തോമ മാത്യൂസ് മൂന്നാമനെ അതിരൂപത കേന്ദ്രത്തിൽ സ്വീകരിച്ചു.

24-25 പരിയാരം മദർ ഹോമിൽ വച്ച് നടന്ന കൂരിയ അംഗങ്ങളുടെയും ഫൊറോനാ വികാരിമാരുടെയും മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

26 ചെമ്പേരി ഇടവകയിൽ തെങ്ങനാകുന്നേൽ ജിബിൻ-അർച്ചന എന്നിവരുടെ വിവാഹം ആശീർവദിച്ചു. എകെസിസി യൂണിറ്റ് പ്രസിഡണ്ടുമാരുടെ അതിരൂപതാതല സമ്മേളനം തളിപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് പേരാവൂർ എസ് എച്ച് പ്രൊവൻഷ്യൽ ഹൗസിൽ നിര്യാതയായ ബഹു. എൽസി അലക്സ് എസ് എച്ചിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

27 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന ദീപിക അപ്പെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

28 മോൺ. പഴയപറമ്പിൽ അച്ചന്റെ ചരമ വാർഷികത്തോടനുബന്ധിച്ച് പാലായിൽ വിശുദ്ധ കുർബാന അർപ്പിച്ചു. സി ന്യൂസിന്റെ ഓൺലൈൻ മീറ്റിംഗിൽ സംബന്ധിച്ചു.

29 തോമാപുരം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. മാലോം ഇടവകയിൽ വച്ച് നടന്ന പന്ത്രണ്ടാം ക്ലാസ് വിദ്യാർത്ഥികളുടെ സമ്മേളനത്തിൽ (സാൾട്ട്) പങ്കെടുത്ത് കുട്ടികളുമായി സംസാരിച്ചു. ചൂരപ്പടവ് ഇടവകയിൽ നടന്ന ചെറുപുഴ ഫൊറോനാ ബ്ലൂംസിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

30 മണ്ഡലം ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും പുതിയതായി നിർവഹിച്ച കുരുക്കഴിക്കുന്ന മാതാവിന്റെ ഗ്രോട്ടോ വെഞ്ചരിക്കുകയും ചെയ്തു. തുടർന്ന് ബിജു ചേനാട്ട് അച്ചന്റെ മാതാപിതാക്കളെ സന്ദർശിച്ചു. ചെമ്പേരി ഇടവകയിൽവച്ച് ജൂവൽ കൊട്ടാരത്തിലിന്റെയും അനിറ്റ മുന്തിരിങ്ങട്ടുകുന്നേലിന്റെയും വിവാഹം ആശിർവദിച്ചു. കോട്ടക്കുന്ന് എംസിബിഎസ് ആശ്രമത്തിന്റെ ജൂബിലിയോടനുബന്ധിച്ച് നടന്ന പൊതു സമ്മേളനം ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പിൽ വച്ചു നടന്ന കോഡിനേറ്റർമാരുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. വൈകുന്നേരം പരിയാരം എംഎസ്റ്റി ആശ്രമം സന്ദർശിച്ചു.

31 വാണിയപ്പാറയിൽ നവീകരിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു.

## ജൂൺ 2022

01 കുന്നോത്ത് മേജർ സെമിനാരിയുടെ ചാപ്പലിലെ നവീകരിച്ച അൾത്താരയുടെ കൂദാശകർമ്മം നിർവഹിച്ചു. തുടർന്ന് അധ്യയന വർഷ ഉദ്ഘാടനം നിർവഹിച്ചു. കല്ലുവയൽ ഇടവകയിൽ പുതുതായി നിർമ്മിച്ച കപ്പേളയുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

02 തളിപ്പറമ്പിൽ വച്ച് മാതൃവേദിയുടെ പ്രവർത്തനവർഷ ഉദ്ഘാടനം നിർവഹിച്ചു. ബദിയടുക്കയിൽ സിഎംസി സഭാംഗങ്ങൾ പുതുതായി നിർമ്മിച്ച മഠത്തിന്റെയും സ്പെഷ്യൽ സ്കൂളിന്റെയും വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

03 മരുതോംകര ഇടവകയിൽ നിര്യാതനായ ശ്രീ. കളരിക്കൽ സെബാസ്റ്റ്യന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു. തലശ്ശേരി അതിരൂപത അംഗങ്ങളായ വിദേശരാജ്യങ്ങളിൽ പഠിക്കുന്ന വൈദികരുടെ ഓൺ ലൈൻ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

04 ബഹു. വണ്ടർകുന്നേൽ അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. സെമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മിഷൻ ലീഗിന്റെ പ്രവർത്തനവർഷ ഉദ്ഘാടനം തളിപ്പറമ്പിൽ നിർവഹിച്ചു. മാലോം ഇടവകയിൽ നിര്യാതനായ ബഹുമാനപ്പെട്ട ഷിന്റോ ആലപ്പാട്ട് അച്ചന്റെ പിതാവ് ശ്രീ ജോസഫ് ആലപ്പാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

05 പൊൻമല ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

06 ജൂനിയർ പ്രീസ്റ്റ് മീറ്റ് ഉദ്ഘാടനം ചെയ്തു.

07 പരിയാരം മദർ ഹോമിൽ യുവജന ധ്യാനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും യുവജനങ്ങളോട് സംസാരിക്കുകയും ചെയ്തു. ടി എസ് എസ് എസിന്റെ മേഖലാ ഡയറക്ടർമാരുടെ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

08–09 കെ സി ബി സി മീറ്റിംഗിൽ സംബന്ധിച്ചു.

10 ബത്തേരി രൂപത നൽകിയ സ്വീകരണത്തിൽ സംബന്ധിച്ചു. സന്ദേശഭവനിൽ വച്ച് നടന്ന ദിയാകോണിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന കൂരിയ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

11 സന്ദേശഭവനിൽ വച്ച് നടന്ന സൺഡേ സ്കൂൾ പ്രധാനാദ്ധ്യാപകരുടെ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. കുന്നോത്ത് റിജനൽ ബിഷപ്പ്സ് ഹൗസിൽ വച്ച് അധ്യാപകർ ആയിട്ടുള്ള നമ്മുടെ അതിരൂപതയിലെ വൈദികരുടെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

12 ചെറുപാറ ഇടവകയിൽ നിര്യാതനായ പുല്ലാനിക്കാവിൽ നിർമ്മലിന്റെ ഭവനത്തിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു. അമലാപുരി സിഎംഐ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നൽകിയ സ്വീകരണത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം പങ്കെടുത്തു. കോഴിക്കോട് രൂപതയുടെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. താമരശ്ശേരി ബിഷപ്പ്സ് ഹൗസ് സന്ദർശിച്ചു.

13 സനാതന മേജർ സെമിനാരിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും അധ്യയന വർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മാനന്തവാടി രൂപത യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ബത്തേരി ടൗണിൽ നടന്ന ബഫർ സോണിനെതിരെയുള്ള പ്രക്ഷോഭ പരിപാടിയിൽ മുഖ്യപ്രഭാഷണം നടത്തി.

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന വൈദികരുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

14 കുടിയാൻമല ഇടവകയിൽ ശ്രീ. സണ്ണി കാട്ടുനിലത്തിന്റെ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം നിർവഹിച്ചു. പൊടിക്കളം മേരിഗിരി സ്കൂളിൽ വച്ച് ദീപിക എന്റെ ഭാഷാ പദ്ധതി ഉദ്ഘാടനം ചെയ്തു. ചെമ്പേരി ഫൊറോനയിലെ വൈദികരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഇരട്ടിയിൽ വച്ച് നടന്ന കർഷക പ്രക്ഷോഭ റാലിയിൽ പങ്കെടുക്കുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

15 അതിരൂപതാ കേന്ദ്രത്തിൽ വച്ച് നടന്ന കൺസൾട്ടേഴ്സ് മീറ്റിലും ഫൈനാൻസ് കൗൺസിലിലും അധ്യക്ഷത വഹിച്ചു.

16 താബോർ ഇടവകയിൽ വച്ച് ചൂരനോലിക്കൽ നിതിൻ-അൽഫോൻസാ ദമ്പതികളുടെ കുട്ടിക്ക് മാമോദീസ നല്കി. കാഞ്ഞങ്ങാട് ഫൊറോനാ വൈദികരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

17 കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിൽ ക്ലാസ് നയിച്ചു. സന്ദേശഭവനിൽ വച്ച് നടന്ന സംഘടനകളുടെ ഡയറക്ടർമാരുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

18 തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും വൈദിക വിദ്യാർഥികളുമായി സംവദിക്കുകയും ചെയ്തു.

19 കരിക്കോട്ടക്കരി ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

20 ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അമേരിക്കൻ ഭൂഖണ്ഡത്തിലുള്ള വിദ്യാർത്ഥികളുമായി ഓൺലൈൻ വഴി സംസാരിച്ചു. ബഹു. തറേക്കടവിൽ ആന്റണി അച്ചന്റെ അമ്മ ശ്രീമതി അന്നകുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിൽ അധ്യയന വർഷം ഉദ്ഘാടനം ചെയ്തു. കൂത്തുപറമ്പ് നിർമ്മലഗിരി കോളേജിൽ നടന്ന സമ്മേളനങ്ങളിൽ അധ്യക്ഷത വഹിച്ചു. കോഴിക്കോട് അലോഷ്യസ് കോൺവെന്റിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

## Programme of the Archbishop
## MAR JOSEPH PAMPLANY

**JULY 2022**

| | | | |
|---|---|---|---|
| 01 | | - | GSMS: Class |
| | 02.30 pm | - | Peravoor : ADSU |
| 02 | 10.00 am | - | Major Superiors' Meet |
| | 03.00 pm | - | Alpha Academic Year Inauguration |
| 03 | | - | Mylapur |
| 04-06 | | - | Refresher Course |
| 07 | | - | SH Peravoor: Jubilee |
| 08 | | - | Cherupuzha: Forane Visit |
| | | - | Sandesabhavan: Staff Meeting |
| 09 | | - | Edoor |
| | | - | Marygiri: Youth Meet |
| 10 | | - | Pariyaram: Blessing Minor Seminary (Kannur Diocese) |
| 11-13 | | - | Refresher Course |
| 13 | 06.00 pm | - | Symposium : Ruhalaya Theologate |
| | | - | Monthly Recollection |
| 14 | | - | Engaged |
| 15 | | - | GSMS: Class |
| 16 | | - | Edoor: Forane Visit |
| | 05.30 pm | - | Feast: OCD Peravoor |

| | | | |
|---|---|---|---|
| 17 | 05.00pm | - | Banglore : Deepika |
| 18 | | - | Kunnoth: Forane Visit |
| 19 | | - | Chempanthotty: Forane Visit |
| 20 | | - | Visitors' Day |
| 21 | | - | Nellickampoil: Forane Visit |
| 22 | | - | GSMS: Class |
| 23 | | - | Panathady: Forane Visit |
| 24 | | - | Pastoral Visit |
| 25 | 06.00am | - | SABS : Kilianthara |
| | | - | Paisakary: Forane Visit |
| 26 | | - | Alakode: Forane Visit |
| 27 | | - | Visitors' Day |
| 28 | 09.00am | - | Kolayad: Feast of St. Alphonsa |
| | 04.00pm | - | Kambaloor : Sunday School Blessing |
| 29 | | - | GSMS: Class |
| 30 | | - | Peravoor: Forane Visit |

**Secretary to the Archbishop**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മെയ് 2022

20-21 സി.ബി.സി.ഐ. സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിങ്ങിൽ ഓൺലൈനായി പങ്കെടുത്തു.

21 വൈകിട്ട് 4 മണിക്ക് ആറാട്ടുതറ ഇടവകയിൽ സി. ആനി എസ്എബി എസിന്റെ സുവർണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

22 രാവിലെ 9 മണിക്ക് ഇടത്തൊട്ടി ഇടവകയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി വി. കുർബാന അർപ്പിച്ചു. തുടർന്ന് കോളയാട് വച്ച് നടന്ന കുടക്കച്ചിറ കുടുംബയോഗത്തിൽ പങ്കുചേർന്നു.

23 രാവിലെ എട്ടുമണിക്ക് പുതിയിടംകുന്ന് ഇടവകയിൽ കുട്ടികളുടെ ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

24 രാവിലെ ഏഴരയ്ക്ക് പുന്നക്കുന്ന് ഇടവകയിൽ ബഹു. ആന്റണി വെട്ടിയാനിക്കൽ അച്ചന്റെ പിതാവിനു വേണ്ടിയുള്ള വി. കുർബാനയിൽ മുഖ്യകാർമികത്വം വഹിച്ചു.

25 രാവിലെ ആറരയ്ക്ക് കുന്നോത്ത് നസ്രത്ത് സിസ്റ്റേഴ്സിന്റെ ജനറലേറ്റിൽ വി. കുർബാന അർപ്പിച്ചു.

26 രാവിലെ 6.30ന് നസ്രത്ത് സിസ്റ്റേഴ്സിന്റെ നോവിഷേറ്റ് ഹൗസിൽ വി. കുർബാന അർപ്പിച്ചു. വൈകിട്ട് നാലുമണിക്ക് കോലുവള്ളി ഇടവകയിൽ ഇളയാനിത്തോട്ടത്തിൽ ജോമി - ജ്യോതി ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞായ മെറിന് മാമ്മോദീസ നൽകി.

27 രാവിലെ പത്തരയ്ക്ക് കരിക്കോട്ടക്കരിയിൽ കുട്ടികൾക്കായി നടത്തിയ ഹോക്കി പരിശീലന ക്യാമ്പിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈകിട്ട് 3 മണി മുതൽ 4 മണി വരെ എസ്എംസിസിഎം-ന്റെ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു.

28 രാവിലെ പത്തരയ്ക്ക് പൈസക്കരിയിൽ കോയിക്കൽ കുടുംബാംഗങ്ങളായ ബിനോയി-മിനി ദമ്പതികളുടെ വിവാഹത്തിന്റെ രജതജൂബിലിയോടും സി. വിനയ, സി. റോസ് മാത്യു എന്നിവരുടെ സന്യാസ ജീവിതത്തിന്റെ രജത ജൂബിലി ആഘോഷത്തോടനുബന്ധിച്ച് വിശുദ്ധ

കുർബാന അർപ്പിച്ചു. വൈകിട്ട് നാലുമണിക്ക് കണിച്ചാറിൽ മറ്റത്തിൽ ജോബിയുടെ ഭവനം ആശീർവദിച്ചു

29 രാവിലെ പത്തരയ്ക്ക് ചന്ദനക്കാംപാറ ഇടവകയിൽ മതബോധന അധ്യയനവർഷത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു. വൈകിട്ട് നാലുമണിക്ക് കോളയാട് ഇടവക ദിനത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

31 രാവിലെ 10 മണിക്ക് നെല്ലിക്കാംപൊയിലിൽ വച്ചു നടന്ന സ്വാശ്രയ സംഘങ്ങളുടെ കൂട്ടായ്മയായ ഫെമെല്ലയിൽ പങ്കെടുത്തു.

## ജൂൺ 2022

04 രാവിലെ എട്ടരയ്ക്ക് മഞ്ഞളാംപുറം ഇടവകയിൽ ബഹു. തെക്കേകുളം അച്ചന്റെ ഒന്നാം ചരമാവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. പതിനൊന്നരയ്ക്ക് പൊട്ടൻപ്ലാവ് ഇടവകയിൽ മാരിയടിയിൽ സാജു-പ്രീണ ദമ്പതികളുടെ നാലാമത്തെ കുഞ്ഞായ അൻസിയ മരിയ സാജുവിന് മാമ്മോദീസ നൽകി. വൈകിട്ട് മൂന്ന് മണിക്ക് ഷിന്റോ ആലപ്പാട്ട് അച്ചന്റെ പിതാവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് പള്ളിയിൽ നേതൃത്വം നൽകി. വൈകിട്ട് 5 മണിക്ക് ആലക്കോട് ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

05 വൈകിട്ട് മൂന്ന് മണിക്ക് പട്ടാരത്ത് വച്ച് നടന്ന ജീസസ് യൂത്ത് തലശ്ശേരി സോണിന്റെ ഏകദിന പരിപാടിയിൽ സംബന്ധിച്ച് വചനസന്ദേശം നൽകി.

06 വൈകിട്ട് 5 മണിക്ക് കുഴിക്കാട്ടുശ്ശേരിയിൽ വി. മറിയം ത്രേസ്യയുടെ തീർത്ഥാടന ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

09 ഉച്ചകഴിഞ്ഞ് ഒരു മണിക്ക് എഫ്.എ.ബി.സിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു

10 കുന്നോത്ത് ഇടവകയിൽ മരണമടഞ്ഞ പുതിയാംപുറത്ത് ത്രേസ്യാമ്മ യുടെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ചു.

## Programme of the Archbishop Emeritus
## Mar George Njaralakatt

**JULY 2022**

| | | |
|---|---|---|
| 01-27 | - | Out of Station |
| 28 | - | Alphonsagiri |
| | - | Kannur : Holy Qurbana |
| 31 | - | Sulthanpalaya : Holy Qurbana |

**AUGUST 2022**

| | | |
|---|---|---|
| 01-05- | - | KCBC |
| 15 | - | Iritty : Holy Qurbana |

**Secretary to the Archbishop Emeritus**

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### മെയ് 2022

20–25 ഇടുക്കി രൂപതയിൽ വിവിധ പരിപാടികളിൽ പങ്കെടുത്തു.

### ജൂൺ 2022

02 താമരശേരി രൂപതാഗമായ ബഹു. കളരിക്കൽ ഷിജു/ഷിബു അച്ചന്മാരുടെ പിതാവ് ശ്രീ സെബാസ്റ്റ്യൻ കളരിക്കലിന് വേണ്ടി മരുതോംകര ഇടവകയിലെ ഭവനത്തിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

03 ബഹു. ഷിന്റോ ആലപ്പാട്ടച്ചന്റെ പിതാവിനു വേണ്ടി മാലോത്തുള്ള ഭവനത്തിൽ ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു.

04 താമരശ്ശേരി രൂപതാ കൂടത്തായി ഇടവകയിൽ ആദ്യകുർബാന നൽകി.

07 ചെമ്പേരി ഇടവകയിൽ സി.എസ്.ടി. സഭാംഗമായ ബഹു. ജോസ് വാളിപ്ലാക്കൽ അച്ചന്റെ പിതാവിന്റെ മൃതസംസ്ക്കാര ചടങ്ങിൽ മുഖ്യ കാർമികത്വം വഹിച്ചു.

09 തലശ്ശേരി എം.എസ്.എം.ഐ. കോൺവെന്റിൽ വി. കുർബാന അർപ്പിച്ചു.

11 സൺഡേ സ്കൂൾ പ്രധാനധ്യാപകരുടെ യോഗത്തിൽ പങ്കെടുത്തു.

12 ചെറുപാറ ഇടവകയിൽ നിര്യാതനായ പുല്ലാനിക്കാവിൽ നിർമ്മലിന്റെ മൃതസംസ്കര ചടങ്ങിൽ പങ്കെടുത്തു.

19 മാങ്ങോട് ഇടവകയിൽ രാവിലെ ഏഴരക്ക് വി. കുർബാന അർപ്പിച്ചു. തുടർന്ന് ശ്രീ മാടപ്പള്ളി ബേബിയുടെ പുതിയതായി പണി കഴിപ്പിച്ച ഭവനം ആശിർവദിച്ചു.

20 ബഹു. തറേക്കടവിൽ ആന്റണി അച്ചന്റെ അമ്മ ശ്രീമതി അന്നകുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.



കൺസൽട്ടേഴ്സ് ബോഡി



ഫിനാൻസ് കൗൺസിൽ

RNI Reg. No. *5910/18* Date of Publication: *28/06/2022*

**Registered KL/TLY/20/22-24**

Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24

**2022 മെയ് 31 ന് ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് കൂദാശാകർമ്മം നിർവഹിച്ച വാണിയപ്പാറ ഉണ്ണിമിശിഹാ ദൈവാലായം**



**Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.**